26
ചൊവ്വ
മേയ് 2020
12 ഇടവം 1196
Vol. 2 Issue No.217

# കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ

₹ 7.50
പേജ് 12

www.keralapranamam.com
infokeralapranamam@gmail.com







# ഞാനെന്റെ മകളെ വിൽക്കുന്നില്ല

കൊച്ചി: കൊല്ലം അഞ്ചലിൽ ഉത്ര എന്ന യുവതിയെ അവരുടെ ഭർത്താവ് സൂരജ് പാമ്പിനെ കൊണ്ട് കടിപ്പിച്ച് കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് പ്രശസ്ത തിരക്കഥാകൃത്ത് ദീദി ദാമോദരന്റെ ഫേസ് ബുക്ക് പോസ്റ്റ് സോഷ്യൽ മീഡിയയിൽ സജീവചർച്ചയായി മാറുന്നു. ലൈക്കുകളും ഷെയറുകളും നിറയുന്നു. 'ഞാനെന്റെ മകളെ വിൽക്കുന്നില്ല' എന്ന തലക്കെട്ടോടെയാണ് ദീദി ദാമോദരൻ കുറിപ്പ് ആരംഭിക്കുന്നത്. **കേരളത്തിലെ എല്ലാ അമ്മമാർക്കും വേണ്ടി കേരളപ്രണാമം ആ ഫേസ് ബുക്ക് പോസ്റ്റ് ഇവിടെ പങ്കുവയ്ക്കുകയാണ്.**

NOT FOR SALE

ഞാനെന്റെ മകളെ വിൽക്കുന്നില്ല: ആ തീരുമാനത്തിന് വലിയ വില കൊടുക്കുന്നുണ്ടെങ്കിലും.

ഭർത്താവ് പാമ്പിനെക്കൊണ്ട് കൊത്തിച്ചു കൊന്ന ആ പെൺകുട്ടി ഉത്രയുടെ അച്ഛനെ ചാനലുകൾ വിസ്തരിക്കുന്നത് കണ്ടു. സോഷ്യൽ മീഡിയയും അപഗ്രഥിക്കുന്നു.

ഉത്തരം പറയാൻ ആ അച്ഛൻ കഷ്ടപ്പെടുന്നതും കണ്ടു. അത് ഒരച്ഛന്റെയോ അമ്മയുടെയോ മാത്രം വേദനയല്ല. പെൺമക്കളെ വിവാഹം എന്ന കമ്പോളത്തിലേക്ക് ഇറക്കിവിടാൻ നിർബന്ധിതരായ എല്ലാ രക്ഷിക്കാക്കളുടെയും വേദനയാണ്.

നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും കൊടുക്കുന്നവനെയും വാങ്ങുന്നവനെയും ഒരു പോലെ കുറ്റവാളിയാക്കുന്ന സ്ത്രീധന നിരോധന നിയമം പ്രഹസനം മാത്രമാണ് എന്ന് ഓരോ സ്ത്രീധനവധവും ആവർത്തിച്ച് വെളിപ്പെടുത്തുന്നു.

പിറന്ന നിമിഷം മുതൽ വിവാഹക്കമ്പോളത്തിൽ ഒരു വിഭവമായി മാറാൻ തയ്യാറെടുപ്പിക്കയാണ് നാം നമ്മുടെ പെൺമക്കളെ. കുടുംബം അതിന്റെ പണിപ്പുരയായി നിൽക്കുന്നു. വളർത്തുശാലകളായി ക്ലാസ്സ് മുറികൾ, പാഠ്യപദ്ധതികൾ, ആഭരണശാലകൾ, മാധ്യമങ്ങൾ, തിരഞ്ഞെടുപ്പുകൾ, നിയമസഭങ്ങൾ, പാർലമെന്റ്, പോലീസ്, കോടതി.. എല്ലാം ഒരു ശൃംഖലയായി പണിയെടുക്കുന്നു. ഒരു മാറ്റവുമില്ലാതെ തുടരുന്നു.

ഓരോ തവണ ഭർത്താവിന്റെ വീട്ടിൽ നിന്നും പീഡനങ്ങൾ സഹിക്കവയ്യാതെ സ്വന്തം വീട്ടിലേക്ക് തിരിച്ചു വരുമ്പോഴും എന്തു വില കൊടുത്തും അവളെ ഭർതൃവീട്ടിലേക്ക് തിരിച്ചയക്കലാണ് നമ്മുടെ രീതി. അതവളുടെ സ്വാതന്ത്ര്യത്തെയും അഭിമാനത്തെയും അടിമത്തത്തിലേക്ക് തിരിച്ചയ്ക്കലാണ്.

ഉത്ര അതിന്റെ അവസാനത്തെ രക്തസാക്ഷി മാത്രം. പേരില്ലാത്ത അസംഖ്യം സ്ഥലനാമങ്ങളായും നിർഭയയായും നാം മണ്ണിട്ട് മൂടുന്ന നമ്മുടെ തന്നെ പെൺമക്കൾ.

പെണ്ണായതിന്റെ പേരിൽ ഗർഭത്തിലേ തന്നെയും പിറന്ന ഉടനെയും നാം ഇരുട്ടും നെല്ലും നിറച്ച് ശ്വാസം മുട്ടിച്ചു കൊല്ലുന്നവർ.

എനിക്കും ഉണ്ട് വിവാഹ പ്രായമെത്തിയ ഒരു പെൺകുട്ടി. ജാതിയും മതവും ജാതകവും സ്ത്രീധനവും നിർണ്ണയിക്കുന്ന വിവാഹക്കമ്പോളത്തിൽ ഒരു ചരക്കായി വിൽക്കാനില്ലെന്ന് തീരുമാനിച്ചതിന്റെ സമ്മർദ്ദം ഓരോ ദിവസവും ഞാനും അഭിമുഖീകരിക്കുന്നുണ്ട്. ജാതിയും ജാതകവും ഇല്ലാതെ എന്ത് കല്യാണം എന്ന് ആ കമ്പോളത്തിൽ നിറഞ്ഞാടുന്ന മാട്രിമോണി സൈറ്റുകളിലേക്കും പത്രങ്ങളിലെ വിവാഹ പരസ്യങ്ങളിലേക്കും ഒന്ന് കണ്ണോടിച്ചാൽ മാത്രം മതി. പ്രണയത്തെ പോലും എത്രമാത്രം മതവും ജാതിയും ജാതകവും വിഴുങ്ങിക്കഴിഞ്ഞു എന്ന് നമ്മുടെ കാമ്പസ്സുകളിലെ പ്രണയങ്ങളും നമ്മുടെ സിനിമകളും നമ്മുടെ പൊതു ഇടങ്ങളും തെളിവു നൽകും.

നവോത്ഥാനം പണയം വച്ച് ഈ ലോകം വാങ്ങി വച്ചത് കൊറോണയേക്കാൾ വലിയ സാംസ്കാരിക വൈറസ്സുകളെയായിരുന്നു എന്ന് പറയേണ്ടി വരുന്നതിൽ ഖേദമുണ്ട്.

നാം നമ്മുടെ പരാജയത്തിന്റെ വിലയാണ് കൊയ്യുന്നത്.

ഖേദപൂർവ്വം
ഒരമ്മ

# കേരളത്തിൽ ഒരു കോവിഡ് മരണം കൂടി

## വൈറസ് ബാധയുടെ ഉറവിടം കണ്ടെത്താനായില്ല

ഇന്നലെ പുതിയ രോഗികൾ
**49**

**തിരുവനന്തപുരം:** സംസ്ഥാനത്ത് വീണ്ടും കോവിഡ് മരണം. കണ്ണൂർ ധർമ്മടം സ്വദേശിനി ആസിയ ആണ് മരിച്ചത്. ഇവർക്ക് 61 വയസായിരുന്നു. ഇതോടെ സംസ്ഥാനത്ത് കോവിഡ് മൂലം മരണപ്പെട്ടവരുടെ എണ്ണം ആറായി. ആസിയ ഏതാനും ദിവസങ്ങളായി രോഗം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

ഇന്നലെ രാത്രിയോടെ ഹൃദയാഘാതമുണ്ടാകുകയും തുടർന്ന് മരണപ്പെടുകയുമായിരുന്നു. ഇവർക്ക് എവിടെ നിന്നാണ് രോഗബാധ ഉണ്ടായതെന്ന് ഇനിയും തിരിച്ചറിയാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. വർഷങ്ങൾക്കുമുൻപ് ആസിയയ്ക്ക് പക്ഷാഘാതം വന്നിരുന്നു. തുടർന്ന് നാഡീസംബന്ധമായ പ്രശ്നങ്ങളും ഇവരെ അലട്ടിയിരുന്നു. കഴിഞ്ഞ രണ്ട് ദിവസമായി ആസിയയുടെ ആരോഗ്യനില അതീവ ഗുരുതരമായി തുടരുകയായിരുന്നു.

സംസ്ഥാനത്ത് 49 പേർക്കാണ് ഇന്നലെ കോവിഡ് സ്ഥിരീകരിച്ചത്. ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തത് കാസർഗോഡ് ജില്ലയിലാണ്, 14 പേർക്ക്. കണ്ണൂർ ജില്ലയിൽ നിന്നുള്ള 10 പേർക്കും, തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ നിന്നുള്ള 5 പേർക്ക് വീതവും കോഴിക്കോട് ജില്ലയിൽ നിന്നുള്ള 4 പേർക്കും പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ നിന്നുള്ള 3 പേർക്ക് വീതവും കൊല്ലം, കോട്ടയം ജില്ലകളിൽ നിന്നുള്ള 2 പേർക്ക് വീതവും ഇടുക്കി ജില്ലയിൽ നിന്നുള്ള ഒരാൾക്കുമാണ് രോഗം സ്ഥിരീകരിച്ചത്.

രോഗം സ്ഥിരീകരിച്ചവരിൽ 43 പേരും സംസ്ഥാനത്തിന് പുറത്ത് നിന്ന് എത്തിയവരാണ്. വിദേശത്ത് നിന്നും വന്ന 18 പേർക്ക് വൈറസ് ബാധ കണ്ടെത്തി.

25 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും എത്തിയവരാണ്. (മഹാരാഷ്ട്ര 17, തമിഴ്നാട് 4, ഡൽഹി2, കർണാടക2) വന്നതാണ്. 6 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. ഇതിൽ കണ്ണൂർ ജില്ലയിലെ രണ്ട് പേർ റിമാണ്ട് തടവുകാരാണ്. തിരുവനന്തപുരത്തെ ഒരാൾ ആരോഗ്യ പ്രവർത്തകനാണ്.

അതേസമയം രോഗം സ്ഥിരികരിച്ച് ചികിത്സയിലായിരുന്ന 12 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ നിന്നുള്ള 6 പേരുടെയും കൊല്ലം ജില്ലയിൽ നിന്നുള്ള 2 പേരുടെയും എറണാകുളം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ നിന്നുള്ള ഒരാളുടെ വീതവും പരിശോധനാഫലമാണ് നെഗറ്റീവ് ആയത്. ഇതോടെ 359 പേരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 532 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി. ഇന്നലെ 4 പ്രദേശങ്ങളെ കൂടി ഹോട്ട് സ്പോട്ടുകളാക്കി. കണ്ണൂർ ജില്ലയിലെ പിണറായി, പാലക്കാട് ജില്ലയിലെ പുതുശ്ശേരി, മലമ്പുഴ, ചാലിശ്ശേരി എന്നിവയാണ് പുതിയ ഹോട്ട് സ്പോട്ടുകൾ. നിലവിൽ ആകെ 59 ഹോട്ട് സ്പോട്ടുകളാണ് ഉള്ളത്.



## മരിക്കും മുൻപ് അഞ്ജനയ്ക്കുനേരെ ബലാത്സംഗ ശ്രമം

**കാഞ്ഞങ്ങാട്:** ഗോവയിൽ തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട അഞ്ജന എന്ന ബ്രണ്ണൻ കോളജ് വിദ്യാർത്ഥിനി കൊല്ലപ്പെട്ടതാണെന്ന് അമ്മയുടെ പരാതി. അഞ്ജനയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ കുട്ടി ബലാത്സംഗത്തിന് ഇരയായതായി രേഖപ്പെടുത്തിയിട്ടുണ്ട്. കുട്ടിയുടെ ലീഗൽ കസ്റ്റോഡിയൻ ആയിരുന്ന സുഹൃത്തും ഇത് സമ്മതിച്ചിട്ടുണ്ട്.

കൂട്ടുകാർക്കൊപ്പം ഗോവയിലെത്തി രണ്ടു ദിവസം കഴിഞ്ഞപ്പോൾ എന്നെ എങ്ങനെയെങ്കിലും രക്ഷിക്കണമെന്ന് പറഞ്ഞ് അഞ്ജന വിളിച്ചിരുന്നുവെന്ന് അമ്മ മിനി കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു.



## പാമ്പിനെക്കൊണ്ട് കടിപ്പിച്ച് കൊല: ഭർത്താവും പാമ്പുപിടുത്തക്കാരനും പൊലീസ് കസ്റ്റഡിയിൽ

**കൊല്ലം:** അഞ്ചൽ സ്വദേശി ഉത്രയുടെ കൊലപാതകത്തിൽ പ്രതികളെ നാല് ദിവസത്തേക്ക് പൊലിസ് കസ്റ്റഡിയിൽ വിട്ടു. ഭർത്താവ് സൂരജിനെയും പാമ്പുപിടുത്തക്കാരനും സുഹൃത്തുമായ സുരേഷിനെയും പുനലൂർ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് കസ്റ്റഡിയിൽ വിട്ടത്.അതേ സമയം കേസിൽ കൂടുതൽ പ്രതികൾ ഉണ്ടോയെന്ന അന്വേഷണത്തിലാണ് ക്രൈംബ്രാഞ്ച്.

ഇന്നലെ രാവിലെ സൂരജിനെ ഉത്രയുടെ വീട്ടിലെത്തിച്ച് അന്വേഷണസംഘം തെളിവെടുത്തിരുന്നു.പാമ്പിനെ വീട്ടിലേക്ക് കൊണ്ടുവന്ന പ്ലാസ്റ്റിക് ജാർ ഇവിടെനിന്നു കണ്ടെടുത്തു. അതേ സമയം ഉത്രയുടെ കുഞ്ഞിനെ ഉത്രയുടെ മാതാപിതാക്കൾക്ക് കൈമാറാൻ ഉത്തരവിറക്കി.കൊല്ലം ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെതാണ് തീരുമാനം. വനിതാ കമ്മിഷന്റെ ഇടപെടലിനെത്തുടർന്നാണ് തീരുമാനം.


**കൂടുതൽ വാർത്തകൾ രണ്ടാം പേജിൽ**
രാജവെമ്പാലയെ പിടിക്കാൻ മോഹിച്ച് പൊലീസിന്റെ പിടിയിലായി, പാമ്പുകളെക്കുറിച്ച് ഏഴു മാസത്തെ ഗവേഷണം; പദ്ധതി പൊളിച്ചത് കരിമൂർഖൻ, ഉത്രയെ കൊത്തിയ പാമ്പിന്റെ 'മുതലാളി'യെ പൊലീസ് പൊക്കി...


## സമൂഹവ്യാപനം തുടങ്ങിയോ? മൂവായിരം പേർക്കിടയിൽ ഇന്ന് റാൻഡം പരിശോധന

**തിരുവനന്തപുരം:** കോവിഡ് രോഗികളുടെ എണ്ണം സംസ്ഥാനത്ത് ദിനംപ്രതി ഉയരുന്ന പശ്ചാത്തലത്തിൽ സാമൂഹിക വ്യാപനം ഉണ്ടായിട്ടുണ്ടോ എന്നറിയാൻ ഇന്ന് റാൻഡം പരിശോധന നടത്തും. ഒറ്റദിവസം 3000 പേരുടെ സാമ്പിളുകളാണ് പരിശോധനയ്ക്കായി സ്വീകരിക്കുന്നത്. ഹോട്ട്സ്പോട്ടുകളിലേതടക്കം പൊതുജനങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിക്കും.

കോവിഡ് വ്യാപനം തുടരുന്ന പശ്ചാത്തലത്തിൽ പരിശോധന കേരളത്തിന് നിർണായകമാണ്. നേരത്തെ ഏപ്രിൽ 26നാണ് സംസ്ഥാനത്ത് സമാന പരിശോധന നടന്നത്. അന്ന് സംസ്ഥാനത്ത് മൂവായിരത്തിലധികം സാമ്പിളുകൾ പരിശോധിച്ചതിൽ നാലുപേർക്ക് കോവിഡ് കണ്ടെത്തിയിരുന്നു.

കോവിഡ് ലക്ഷണമില്ലാത്തവർ, രോഗിയുമായി സമ്പർക്കം ഇല്ലാത്തവർ, സമീപകാലത്ത് വിദേശയാത്രാ ചരിത്രമില്ലാത്തവർ, മുതിർന്ന പൗരന്മാർ, ഗർഭിണികൾ തുടങ്ങിയവരിൽ നിന്നാണ് സാമ്പിളുകൾ ശേഖരിക്കുക. ഇവ പി.സി.ആർ പരിശോധനയ്ക്ക് വിധേയമാക്കി രോഗനിർണയം നടത്തും. രണ്ടുദിവസത്തിനകം ഫലമറിയാനാകുമെന്നാണ് പ്രതീക്ഷ.



### രോഗികളുടെ എണ്ണത്തിൽ ഇന്ത്യ പത്താമത്

**ന്യൂഡൽഹി:**രാജ്യത്ത് ഇന്നലെ മാത്രം 6,977 പേരിലാണ് രോഗം സ്ഥിരീകരിച്ചത്. 154 പേർ മരിക്കുകയും ചെയ്തു. ഇതോടെ കോവിഡ് ബാധിതരുടെ എണ്ണം 1,38,845 ആയി. ആകെ 4,021 പേർക്കാണ് ഇതുവരെ ജീവൻ നഷ്ടമായത്. രോഗികളുടെ എണ്ണത്തിൽ ലോകത്ത് ഇന്ത്യ നിലവിൽ പത്താമതാണ്. 1.35 ലക്ഷം രോഗികളുണ്ടായിരുന്ന ഇറാനെയാണ് ഇന്ത്യ ഇന്നലെ മറികടന്നത്.

**ലോകത്ത്**
**രോഗികൾ 54,05,029**
**മരണം 3,44,997**

## വിവരങ്ങൾ മറച്ചുവയ്ക്കുന്നു; സംസ്ഥാന സർക്കാരിനെ വിമർശിച്ച് ഐഎംഎ

**ന്യൂഡൽഹി:** കോവിഡ് രോഗ ചികിത്സയെ കുറിച്ചും രോഗ വ്യാപനത്തെക്കുറിച്ചും കേരള സർക്കാർ മറച്ചുവയ്ക്കുന്നതായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ കത്ത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവരുടെ എണ്ണം നിയന്ത്രിക്കണമെന്ന് മുന്നറിയിപ്പ് നൽകുന്ന കത്തിൽ രോഗവുമായി ബന്ധപ്പെട്ട ഒരു പഠനവും സംസ്ഥാനത്ത് നടക്കുന്നില്ലെന്നും ആരോപിക്കുന്നു.

ചികിത്സാരീതികൾ, രോഗികളുടെ വിവരങ്ങൾ, രോഗവ്യാപനം എന്നീ വിവരങ്ങൾ പല തവണ ഐഎംഎ ആവശ്യപ്പെട്ടിട്ടും നൽകിയില്ല. ഇത്തരം വിവരങ്ങൾ സംസ്ഥാനത്തെ ഡോക്ടർ സമൂഹത്തിന് ലഭ്യമാക്കണം. സർക്കാർ തന്നെ ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തണമെന്നും ഐഎംഎ ആവശ്യപ്പെടുന്നു.

കോവിഡ് നിർണ്ണായകഘട്ടത്തിലൂടെ കടന്നുപോകുന്നത്. ഹോട്ട്സ്പോട്ടുകളിൽ നിന്നുള്ളവരുടെ തിരിച്ചുവരവ് നിയന്ത്രിക്കണം. വീട്ടിലെ നിരീക്ഷണത്തിൽ പിഴവുണ്ടായാൽ സമൂഹവ്യാപനത്തിന് വഴിവെയ്ക്കും.

## അസാധാരണ സുരക്ഷാ സന്നാഹങ്ങളോടെ പരീക്ഷകൾക്ക് ഇന്ന് തുടക്കം

തിരുവനന്തപുരം: അസാധാരണ സുരക്ഷാ സന്നാഹങ്ങളോടെ എസ്എസ്എൽസി, ഹയർ സെക്കണ്ടറി പരീക്ഷകൾക്ക് ഇന്ന് തുടക്കമാകും. എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും ആരോഗ്യ പ്രവർത്തകരുടെ സാന്നിധ്യവും തെർമൽ സ്കാനറും ഉറപ്പാക്കാൻ ആരോഗ്യവകുപ്പ് നിർദേശിച്ചിട്ടുണ്ട്. പതിമൂന്നരലക്ഷം വിദ്യാർത്ഥികളാണ് ഇന്ന് പരീക്ഷ എഴുതുന്നത്.

ഏറെ അനിശ്ചിതത്വങ്ങൾക്കൊടുവിലാണ് മാറ്റിവെച്ച പരീക്ഷകൾ ഇന്ന് പുനരാരംഭിക്കുന്നത്. 2945 കേന്ദ്രങ്ങളിലാണ് എസ്എസ്എൽസി പരീക്ഷ. 2032 കേന്ദ്രങ്ങൾ ഹയർസെക്കൻഡറിക്കും 389 കേന്ദ്രങ്ങൾ വിഎച്ച്എസ്സിക്കും ഉണ്ട്. മാസ്ക്,സാനിറ്റൈസർ,തെൽമൽ സ്കാനർ ഉൾപ്പടെയുള്ള സുരക്ഷ ഒരുക്കിയാണ് വിദ്യാർത്ഥികളെ ക്ലാസിലേക്ക് പ്രവേശിപ്പിക്കുക. വിദ്യാർത്ഥികളുടെ തെർമൽ സ്കാനിംഗ് നടത്തും. പനി പോലെ രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ അവരെ പ്രത്യേക മുറിയിലിരുത്തും. ആരോഗ്യവകുപ്പിന്റെ രണ്ട് ഫീൽഡ് ലെവൽ ഹെൽത്ത് കെയർ വർക്കർമാർ പരീക്ഷാ കേന്ദ്രങ്ങളിലുണ്ടാകും. പരീക്ഷാ കേന്ദ്രത്തിലെ ഇരിപ്പിടങ്ങളുടെ ക്രമീകരണം സീറ്റുകൾക്കിടയിൽ 1.5 മീറ്റർ അകലത്തിലായിരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. സ്കൂളിൽ എത്താൻ ബുദ്ധിമുട്ടുള്ള കുട്ടികളുടെ യാത്രാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

വിദ്യാർത്ഥികൾ പേനകൾ, ഇൻസ്ട്രുമെന്റ് ബോക്സ് തുടങ്ങിയവയൊന്നും കൈമാറ്റം ചെയ്യരുത്. ലക്ഷദ്വീപിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരീക്ഷാ കേന്ദ്രങ്ങളോ, പരീക്ഷാ കേന്ദ്രങ്ങളിൽ പ്രത്യേക ക്ലാസ് മുറികളോ അനുവദിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. പതിനായിരത്തിലധികം വിദ്യാർത്ഥികൾ പരീക്ഷാ കേന്ദ്രം മാറ്റാൻ അപേക്ഷ നൽകിയിട്ടുണ്ട്. പരീക്ഷക്കെത്താനാവാതെ വരുന്നവർക്ക് സേ പരീക്ഷക്കൊപ്പം റഗുലർ പരീക്ഷ എഴുതാം.



### ആശാൻ

എല്ലാ രംഗത്തും പരാജയപ്പെട്ട സർക്കാരാണ് ഇടതുപക്ഷത്തിന്റേത്: പ്രതിപക്ഷ നേതാവ്



പ്രതിപക്ഷം ഒരു വൻ വിജയമായത് ഭാഗ്യം


കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
കേരളത്തിന്റെ സ്വന്തം പത്രം

ഇപ്പോൾ ഓൺലൈൻ എഡിഷനും

നാളത്തെ പത്രം ഇന്ന് വായിക്കാം !!!
കാലത്ത് പത്രം വരുന്നതും കാത്തിരിക്കേണ്ട



രാത്രി തന്നെ വായിക്കാം
പിറ്റേ ദിവസത്തെ പത്രം
നിങ്ങളുടെ മൊബൈലിൽ,
ലാപ് ടോപ്പിൽ
തികച്ചും സൗജന്യമായി

പ്രിന്റ് ഫോർമാറ്റിൽ (പിഡിഎഫ്)
14 ജില്ലകളിലേയും വാർത്തകൾ
പ്രത്യേക വിഭാഗമായി

ഗൾഫ് വാർത്തകൾ,
ബിസിനസ് വാർത്തകൾ, സിനിമാ വിശേഷം,
സംസ്കൃതി തുടങ്ങി നിരവധി പംക്തികൾ

സൗജന്യമായി ഡൗൺലോഡ് ചെയ്യുവാൻ സന്ദർശിക്കുക ▸ www.keralapranamam.com/epapernews/

വാട്സ് ആപ്പിൽ ലഭിക്കാൻ നിങ്ങളുടെ വാട്സ്ആപ് നമ്പർ അയയ്ക്കുക ▸ 9188466447 9645823434

KERALA PRANAMAM ONLINE www.keralapranamam.com

# പാമ്പിനെ കൊണ്ടുവന്ന പ്ലാസ്റ്റിക് ജാർ കണ്ടെടുത്തു

**കൊല്ലം:** സംസ്ഥാനത്തെയൊന്നാകെ ഞെട്ടിച്ച അഞ്ചലിലെ ഉത്രയുടെ കൊലപാതകത്തിൽ ഭർത്താവ് സൂരജിനെ ഉത്രയുടെ വീട്ടിലെത്തിച്ച് തെളിവെടുപ്പ് നടത്തി. രാവിലെ അഞ്ചരയോടെയാണ് ഏറെ നാടകീയ രംഗങ്ങൾക്ക് ആ വീട് സാക്ഷ്യം വഹിച്ചത്. മകളെ കൊന്നവനെ വീട്ടിൽ കയറ്റില്ലെന്ന് ഉത്രയുടെ അമ്മ നിലവിളിയോടെ വിളിച്ചുപറയുന്നുണ്ടായിരുന്നു. പാമ്പിനെ കൊണ്ടുവന്ന പ്ലാസ്റ്റിക് ജാർ സമീപത്തെ പറമ്പിൽനിന്നും അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്തു. ക്രൈംബ്രാഞ്ച് ഡിവൈഎസ്പി അശോകന്റെ നേതൃത്വത്തിലാണ് തെളിവെടുപ്പ് നടത്തിയത്.







### നുണകളുടെ കൂമ്പാരം പൊളിഞ്ഞു

സ്വന്തം ഭാര്യയെ പാമ്പു കൊണ്ട് കൊത്തിച്ച് കൊലപ്പെടുത്തിയ ഭർത്താവ് സൂരജ് മെനഞ്ഞെടുത്തത് നുണകളുടെ കൂമ്പാരം. ഉത്രയുടെ കൊലപാതകം സ്വാഭാവിക മരണമാക്കാൻ സൂരജ് ആവർത്തിച്ച നുണകളാണ് യഥാർത്ഥത്തിൽ പോലീസിനെ സൂരജിലേക്കെത്തിച്ചത്. തുടർച്ചയായുള്ള പാമ്പു കടിയിൽ സംശയം തോന്നി മാതാപിതാക്കൾ നൽകിയ പരാതിയോടെയാണ് അപൂർവ്വത്തിൽ അപൂർവ്വമായ കൊലപാതക കഥയുടെ ചുരുളഴിഞ്ഞത്.

### കൊലപാതക ആസൂത്രണവുമായി മൂന്നു മാസം

ഉത്രയെ കൊലപ്പെടുത്തുന്നതിനായി മൂന്നു മാസമായി സൂരജ് ആസൂത്രണം നടത്തുന്നുണ്ടായിരുന്നു. ഭാര്യയെ കൊല്ലണമെന്ന ലക്ഷ്യത്തോടെയാണ് സുഹൃത്തിൽ നിന്നു പാമ്പിനെ വാങ്ങിയത്. മേയ് 7 ന് രാവിലെയാണു ഉത്രയെ വീട്ടിലെ മുറിയിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. തലേദിവസം വൈകിട്ട് കുപ്പിയിലാക്കി കൊണ്ടുവന്ന പാമ്പിനെ രാത്രി ഉത്രയുടെ ദേഹത്തേക്ക് ഇടുകയായിരുന്നു. പാമ്പ് രണ്ട് പ്രാവശ്യം ഉത്രയെ കൊത്തുന്നത് സൂരജ് സമീപത്ത് കണ്ടുനിൽക്കുകയായിരുന്നു. പിന്നീട് പാമ്പിനെ തിരികെ കുപ്പിയിലാക്കാൻ നോക്കിയെങ്കിലും സാധിച്ചില്ല. പാമ്പ് അലമാരയ്ക്കു താഴെ ഒളിക്കുകയായിരുന്നു.

### ഉത്രയെ കടിച്ച പാമ്പുകളുടെ പോസ്റ്റ്മോർട്ടം നടത്തും

വന്യജീവി സംരക്ഷണ പ്രകാരമുള്ള വകുപ്പും പ്രതികൾക്കെതിരെ ചുമത്തിയിട്ടുണ്ട്. സുരേഷിന്റെ വീട്ടിൽ നിന്ന് ഒരു മൂർഖൻ പാമ്പിനെ കൂടി കണ്ടെടുത്തിരുന്നു. ഉത്രയെ കടിച്ച രണ്ടു പാമ്പുകളുടെയും പോസ്റ്റ്മോർട്ടം നടത്തും. അഞ്ചുദിവസത്തെ ആക്ഷൻപ്ലാനാണ് പോലീസ് തയ്യാറാക്കിയിട്ടുള്ളത്. പാമ്പിന്റെ പോസ്റ്റ്മോർട്ടം, പ്രതികളെ കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്യൽ എന്നീ കാര്യങ്ങളാണ് ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
പാമ്പിന്റെ പല്ല് ഉത്രയുടെ ശരീരത്തിൽ എത്രത്തോളം ആഴ്ന്നിറങ്ങി, അതേ നീളമാണോ പോസ്റ്റ്മോർട്ടം നടത്തുന്ന പാമ്പിനും ഉള്ളതെന്നും തുടങ്ങിയ കാര്യങ്ങളെല്ലാം പരിശോധിക്കും. ഇന്നലെത്തന്നെ പാമ്പിനെ കുഴിച്ചിട്ട സ്ഥലത്ത് നിന്ന് അതിന്റെ ജഡം പുറത്തെടുത്തിരുന്നു.

# ഉത്രയുടെ മരണവിവരം അറിഞ്ഞപ്പോൾ തന്നെ സംശയം തോന്നി

## വെളിപ്പെടുത്തലുമായി പാമ്പുപിടുത്തക്കാരന്റെ മകൻ

**കൊല്ലം :** കൊല്ലം അഞ്ചലിലെ ഉത്ര കൊലപാതകത്തിൽ വെളിപ്പെടുത്തലുമായി കേസിൽ അറസ്റ്റിലായ പാമ്പുപിടുത്തക്കാരൻ സുരേഷിന്റെ മകൻ. കേസിലെ പ്രതിയായ സൂരജ് അച്ഛനെ വിളിച്ച് പാമ്പിനെ ആവശ്യപ്പെട്ടുവെന്ന് സുരേഷിന്റെ മകൻ സനൽ പറഞ്ഞു. സൂരജിന് പാമ്പുകളെ നൽകിയത് അച്ഛനാണ്.

അച്ഛന്റെ വീഡിയോ സൂരജ് നിരന്തരം കാണുമായിരുന്നു. അങ്ങനെയാണ് അച്ഛനെ വിളിച്ച് പരിചയപ്പെട്ടത്. പാമ്പിനെ കാണണമെന്ന് പറഞ്ഞാണ് ആദ്യം വിളിച്ചത്. ഇതേത്തുടർന്ന് അണലിയുമായി സൂരജിന്റെ വീട്ടിലെത്തി. ഒരു ദിവസം വീട്ടിൽ വെക്കണമെന്ന അഭ്യർത്ഥന അച്ഛൻ അംഗീകരിച്ചു. ഇന്ന് ഇതിവിടെ കിടക്കട്ടെ, നാളെ എടുക്കുന്ന രീതിയിൽ വീഡിയോ എടുക്കാമെന്ന് സൂരജ് പറഞ്ഞു. ഇതുകേട്ട അച്ഛൻ തിരികെ വീട്ടിലേക്ക് വന്നു.

എന്നാൽ പിറ്റേന്ന് പാമ്പിനെ തിരികെ നൽകിയില്ല. പാമ്പ് ഇഴഞ്ഞുപോയെന്നാണ് പറഞ്ഞത്. ഒന്നു രണ്ടുമാസം കഴിഞ്ഞാണ് വീണ്ടും പാമ്പിനെ വേണമെന്ന് ആവശ്യപ്പെട്ട് സൂരജ് വിളിക്കുന്നത്. മൂർഖനെ വേണമെന്നാണ് ആവശ്യപ്പെട്ടത്. മൂർഖനെയും കൊണ്ടുപോയി പരിചയപ്പെടുത്തി അച്ഛൻ ക്ലാസ്സെടുത്തു. അച്ഛന് 10,000 രൂപ പ്രതിഫലവും കൊടുത്തു. ഇവിടെ വലിയ എലിശല്യമാണെന്നും പാമ്പിനെ അവിടെ ഇടാനും സൂരജ് ആവശ്യപ്പെട്ടു.

ഉത്രയുടെ മരണ വിവരം അറിഞ്ഞപ്പോൾ തന്നെ കൊലപാതകമാണെന്ന് സംശയിച്ചിരുന്നു. ഈ കാര്യങ്ങളെല്ലാം പൊലീസിനോട് പറയാൻ താൻ അച്ഛനോട് അന്നേരം പറഞ്ഞതാണ്. പൊലീസിനോട് പറഞ്ഞാൽ ഇതെല്ലാം തന്റെ തലയിലാകുമെന്നായിരുന്നു അച്ഛൻ പേടിച്ചത്. ഇപ്പോൾ അച്ഛനും കേസിൽ കുറ്റക്കാരനായി. കൊലപാതകത്തിൽ അച്ഛൻ നിരപരാധിയാണെന്നും സനൽ പറഞ്ഞു.

# ഉത്രയെ കൊത്തിയ പാമ്പിന്റെ 'മുതലാളി'യെ പൊലീസ് പൊക്കി



## രാജവെമ്പാലയെ പിടിക്കാൻ മോഹിച്ച് പൊലീസിന്റെ പിടിയിലായി

**കൊല്ലം:** കരിമൂർഖനെക്കൊണ്ട് കടിപ്പിച്ച് ഭാര്യയെ കൊല ചെയ്ത സൂരജിന് പാമ്പിനെ നൽകിയ പാരിപ്പള്ളി കുളത്തൂർക്കോണം കെ.എസ് ഭവനിൽ ചാവറുകാവ് സുരേഷ് എന്നറിയപ്പെടുന്ന സുരേഷ് കുമാറിന്റെ വീട്ടിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തി. അനധികൃതമായി സൂക്ഷിച്ച ഒരു മൂർഖൻ പാമ്പിനെ കണ്ടെടുത്തു.

വൈൽഡ് ലൈഫ് ആക്ട് പ്രകാരം സുരേഷിനെതിരെ വനം വകുപ്പ് കേസെടുത്തിട്ടുണ്ട്. കൂടാതെ ഉത്രയെ കൊലപ്പെടുത്താൻ ഉപയോഗിച്ച മൂർഖൻ പാമ്പിനെ തല്ലിക്കൊന്ന സംഭവത്തിൽ സൂരജിന്റെയും സുരേഷിന്റെയും പേരിൽ മറ്റൊരു കേസു കൂടി എടുത്തു. ഏഴു വർഷം തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്. അഞ്ചൽ ഫോറസ്റ്റ് റേഞ്ച് ഓഫീസർ ബി.ആർ ജയന്റെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തിയത്. കണ്ടെടുത്ത മൂർഖൻ പാമ്പിനെ വൈദ്യ പരിശോധനയ്ക്ക് ശേഷം കാട്ടിലേക്ക് തുറന്നു വിട്ടു.

സുരേഷ് അടുത്തിടെയാണ് പാമ്പുപിടുത്തവുമായി രംഗത്ത് ഇറങ്ങിയത്. ബസ്സുകളും പശു, ആട് എന്നിവയുടെ ഫാമും ഇയാൾക്ക് സ്വന്തമായുണ്ട്. പ്രശസ്തിയും പണവും ആഗ്രഹിച്ചാണ് പാമ്പു പിടുത്ത രംഗത്തേക്ക് എത്തിയതെന്ന് ഇയാളുടെ അടുത്ത സുഹൃത്തുക്കൾ പറയുന്നു. എവിടെയെങ്കിലും പാമ്പിനെ കണ്ടു എന്നറിഞ്ഞാൽ ഉടൻ അവിടെ പാഞ്ഞെത്തും. പാമ്പിനെ പിടികൂടിയ ശേഷം ക്യാമറക്ക് മുന്നിൽ വലിയ പ്രകടനമാണ് കാഴ്ച വയ്ക്കുക.

പിടികൂടിയ ശേഷം ചാവറുകാവ് ക്ഷേത്രത്തിന്റെയും അർത്തുങ്കൽ പള്ളിയുടെയുമൊക്കെ സഹായമുള്ളതു കൊണ്ടാണ് പിടികൂടാൻ കഴിഞ്ഞത് എന്നൊക്കെ കാണികളെ നോക്കി തട്ടിവിടും. ഈ ദൃശ്യങ്ങളൊക്കെ ഇയാളുടെ തന്നെ യൂട്യൂബ് ചാനലിൽ പ്രദർശിപ്പിക്കുകയും ചെയ്യും. ഏതാനം ദിവസങ്ങൾക്ക് മുൻപ് കൊല്ലം ഫോറസ്റ്റ് ഓഫീസിൽ എത്തി തന്നെയും പാമ്പിനെ പിടികൂടാൻ വിളിക്കണമെന്ന് ആവിശ്യപ്പെട്ടിരുന്നു. രാജ വെമ്പാലയെ പിടിക്കുക എന്നത് തന്റെ ഒരു ആഗ്രഹമാണെന്നും അവിടെയുണ്ടായിരുന്ന ഉദ്യോഗസ്ഥരോട് ഇയാൾ പറഞ്ഞിരുന്നു.

കഴിഞ്ഞ ഫെബ്രുവരിയിലാണ് സുരേഷ് ആദ്യം അണലിയെ സൂരജിന് കൈമാറുന്നത്. സൂരജിന്റെ വീട്ടിൽ വച്ചായിരുന്നു ഇടപാട്. പിന്നീട് ഉഗ്ര വിഷമുള്ള കരിമൂർഖനെ ഏനാത്തിന് സമീപം റോഡിൽ വച്ചാണ് നൽകിയത്. കുപ്പിയിൽ അടച്ച മൂർഖനെ അടൂർ പറക്കോട്ടെ വീട്ടിലേക്ക് കൊണ്ടു പോകുകയും പിന്നീട് അഞ്ചലിലെ ഉത്രയുടെ വീട്ടിലെത്തിക്കുകയുമായിരുന്നു. രാത്രിയിൽ ഉത്ര ഉറങ്ങുന്നതു വരെ കാത്തിരുന്ന സൂരജ് പാമ്പിനെ ഉത്രയുടെ ശരീരത്തിലേക്ക് കുടഞ്ഞിട്ട് കടിപ്പിച്ചു. ഇങ്ങനെയാണ് ഉത്ര മരണപ്പെട്ടത്.

മാതാപിതാക്കളുടെ പരാതിയെ തുടർന്ന് പൊലീസ് നടത്തിയ അന്വേഷണത്തിലായിരുന്നു ചാവറുകാവ് സുരേഷുമായുള്ള ബന്ധം കണ്ടെത്തുന്നത്. രണ്ട് മാസത്തിനിടെ മുപ്പതിലേറെ തവണയാണ് സൂരജ് സുരേഷിനെ ഫോണിൽ ബന്ധപ്പെട്ടിരുന്നത്. സുരേഷിനെ കസ്റ്റഡിയിലെടുത്ത് വിശദമായി ചോദ്യം ചെയ്തതോടെ പാമ്പിനെ സൂരജ് വാങ്ങിയ കാര്യം പൊലീസിന് മുന്നിൽ തുറന്ന് പറഞ്ഞു. ഇതോടെ അതുവരെ പൊലീസിന് മുന്നിൽ പിടിച്ചു നിന്നിരുന്ന സൂരജിന് സത്യങ്ങളെല്ലാം തുറന്നുപറയേണ്ടിവന്നു.



# പാമ്പുകളെക്കുറിച്ച് ഏഴ് മാസത്തെ ഗവേഷണം... പദ്ധതി പൊളിച്ചത് മൂർഖൻ പാമ്പ് തന്നെ

**കൊല്ലം:** ഉത്രയെ കൊലപ്പെടുത്താൻ സൂരജ് പദ്ധതിയിട്ടത് ഏഴ് മാസം മുൻപ്. അന്നുമുതൽ പാമ്പുകളുടെ വിവരങ്ങൾ തേടുകയായിരുന്നു സൂരജെന്ന് അന്വേഷണ സംഘത്തിന് ബോദ്ധ്യപ്പെട്ടു. യൂട്യൂബിൽ അധികം സെർച്ച് ചെയ്തത് പാമ്പുകളെപ്പറ്റിയാണ്. പാമ്പ് പിടുത്തക്കാരൻ ചാത്തന്നൂർ കല്ലുവാതുക്കൽ സ്വദേശി സുരേഷുമായി ബന്ധം തുടങ്ങിയത് അങ്ങനെയാണ്. സുരേഷിന്റെ അടുത്ത് പോയി പാമ്പുകളെ കളിപ്പിച്ചിട്ടുണ്ട്. യൂട്യൂബിലൂടെയും സുരേഷിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലും ഓരോ പാമ്പിന്റേയും വിഷത്തെപ്പറ്റിയും ബോദ്ധ്യപ്പെട്ടു. വിഷമേറ്റാൽ എത്ര മണിക്കൂറിനകം മരണപ്പെടുമെന്ന് പൂർണ ബോദ്ധ്യത്തോടെയാണ് ആദ്യം അണലിയെ വിലകൊടുത്ത് വാങ്ങിയത്. അണലി കടിച്ച് ഉത്ര മരണപ്പെടാനുള്ള സമയമെത്തിയപ്പോഴാണ് ആശുപത്രിയിലേക്ക് കൊണ്ടുപോയത്. എന്നാൽ സൂരജിന്റെ കണക്കുകൂട്ടലുകളെ തെറ്റിച്ചുകൊണ്ട് ഉത്ര ജീവിതത്തിലേക്ക് തിരികെ വന്നു.

പദ്ധതി പൊളിഞ്ഞുപോയതിന്റെ വിഷമത്തിലായിരുന്നു സൂരജ്. സുരേഷിനെ സമീപിച്ച് വീണ്ടും മൂർഖൻ പാമ്പിനെ വിലയ്ക്ക് വാങ്ങി. ഏനാത്ത് വച്ചാണ് കൈമാറ്റം നടത്തിയത്. ഈ പാമ്പുമായി ഉത്രയുടെ അഞ്ചലിലെ വീട്ടിലേക്കെത്തി. ബാഗിൽ പ്ളാസ്റ്റിക് ടപ്പയ്ക്കുള്ളിൽ ഒളിപ്പിച്ചുവച്ചിരുന്ന പാമ്പിനെ ദിവസങ്ങൾക്ക് ശേഷമാണ് ഉത്ര കിടന്ന കട്ടിലിലേക്ക് കുടഞ്ഞിട്ടത്. ഫണം വിടർത്തി രണ്ടുതവണയും മൂർഖൻ ഉത്രയെ ആഞ്ഞുകൊത്തുമ്പോഴും ഇത്തവണ തന്റെ ലക്ഷ്യം സാധ്യമാകുമെന്ന ആത്മവിശ്വാസത്തിലായിരുന്നു സൂരജ്. കൊത്തിയ ശേഷം പാമ്പിനെ വീണ്ടും ഡപ്പയ്ക്കുള്ളിലാക്കി മാറ്റാനായിരുന്നു ശ്രമം. വിഷം തീണ്ടിയതിന്റെ ചികിത്സയിലുള്ള ഉത്ര മരണപ്പെട്ടുവെന്ന് എല്ലാവരെയും വിശ്വസിപ്പിക്കാമെന്നും കണക്കുകൂട്ടി. എന്നാൽ സൂരജിന് നേരെ പാമ്പ് കൊത്താനൊരുങ്ങിയപ്പോൾ ഉള്ളിൽ ഭീതിവന്നു. അതോടെ അതിനെ വീണ്ടും ഡപ്പയ്ക്കുള്ളിലാക്കാനുള്ള ശ്രമം ഉപേക്ഷിച്ചു. രാവിലെ മുറിയ്ക്കുള്ളിൽ നിന്നും മൂർഖനെ സൂരജ് തന്നെ തല്ലിക്കൊല്ലുകയായിരുന്നു.

രണ്ടാമതും ഉത്രയ്ക്ക് പാമ്പ് കടിയേറ്റതാണ് പിന്നീട് സംശയങ്ങൾക്കും ആസൂത്രിത കൊലപാതകമെന്ന നിലയിലേക്കുമെത്തിച്ചത്. ഉത്രയെ സൂരജ് വിവാഹം ചെയ്തത് സ്വത്ത് മോഹിച്ചായിരുന്നു. സ്വർണവും പണവും കാറും റബ്ബർ തോട്ടവും പിതാവിന് ഓട്ടോയുമൊക്കെ ഉത്രയുടെ ബന്ധുക്കൾ വാങ്ങി നൽകി. ഹൈസ്കൂൾ പ്രഥമാദ്ധ്യാപികയായ ഉത്രയുടെ മാതാവ് ഈ മാസം സർവ്വീസിൽ നിന്നും വിരമിക്കാനിരിക്കയാണ്. അപ്പോൾ ഒരു വൻതുക തനിയ്ക്ക് ലഭിക്കുമെന്നും സൂരജ് കണക്കുകൂട്ടിയിരുന്നു. വലിയ പ്രതീക്ഷകളോടെ നടത്തിയ അരുംകൊലയാണ് പൊലീസിന്റെ കൃത്യമായ അന്വേഷണത്തിൽ തെളിഞ്ഞതും സൂരജ് അകത്തായതും.

### അമ്മ കൊല്ലപ്പെട്ടു, കൊലപാതക കേസിൽ അച്ഛൻ അറസ്റ്റിലും;

# അമ്മയില്ലാത്ത വീട്ടിൽ മുത്തശ്ശനും മുത്തശ്ശിക്കുമൊപ്പം ഇനി കുഞ്ഞ് ധ്രുവ് വളരും

**കൊല്ലം:** അമ്മ കൊല്ലപ്പെട്ടു, സമ്പത്ത് മോഹിച്ച് അമ്മയെ കൊന്ന കേസിൽ അച്ഛൻ അറസ്റ്റിലും. തനിക്കുണ്ടായ നഷ്ടങ്ങളെ കുറിച്ച് അറിയാൻ കുഞ്ഞ് ധ്രുവിന് അറിവായിട്ടില്ല. അമ്മയില്ലാത്ത വീട്ടിൽ മുത്തശ്ശനും മുത്തശിക്കും അമ്മാവനുമൊപ്പം ഇനി കുഞ്ഞ് ധ്രുവ് വളരും. ഭർത്താവ് പാമ്പിനെക്കൊണ്ട് കടിപ്പിച്ചു കൊലപ്പെടുത്തിയ ഉത്രയുടെ ഒരു വയസുകാരൻ മകൻ ധ്രുവിനെ അമ്മയുടെ വീട്ടുകാരുടെ സംരക്ഷണയിൽ വിട്ടയയ്ക്കാൻ ചൈൽഡ് വെൽഫെയർ കമ്മിറ്റി ഉത്തരവായി.

ഇന്നലെ രാവിലെ ഉത്രയുടെ വീട് സന്ദർശിച്ച വനിത കമ്മീഷൻ അംഗം ഷാഹിദ കമാലിന്റെ നിർദ്ദേശ പ്രകാരമാണ് കുട്ടിയെ മുത്തശ്ശനും മുത്തശ്ശിക്കും ഒപ്പം വിട്ടയയ്ക്കാൻ കൊല്ലം ജില്ലാ ശിശുക്ഷേമസമിതി അധ്യക്ഷൻ കെ.പി സജിനാഥ് ഉത്തരവിട്ടത്. ഉത്രയുടെ മരണശേഷം മാതാവിന്റെ വീട്ടിലായിരുന്ന കുഞ്ഞിനെ ശിശു ക്ഷേമ സമിതിയുടെ ഉത്തരവുമായെത്തിയ ഭർത്താവ് സൂരജ് തന്റെ വസതിയിലേയ്ക്ക് കൊണ്ടു പോയിരുന്നു. ഉത്രയെ ഭർത്താവ് കൊലപ്പെടുത്തിയതാണെന്ന് വ്യക്തമായതോടെ കുഞ്ഞിന്റെയും ജീവന് ഭീഷണിയുണ്ടെന്ന് ഉത്രയുടെ മാതാപിതാക്കൾ ഉത്ക്കണ്ഠപ്പെട്ടിരുന്നു. ഇന്നലെ രാവിലെ ഉത്രയുടെ വീട് സന്ദർശിച്ച വനിതാകമ്മീഷൻ അംഗം ഷാഹിദ കമാലിനോട് ഇതു സംബന്ധിച്ച് തങ്ങളുടെ ആശങ്ക ഇവർ പങ്കുവയ്ക്കുകയും ചെയ്തു. തുടർന്ന് ഷാഹിദ കമാലിന്റെ നിർദ്ദേശപ്രകാരമാണ്ധ്രുവിനെ മാതാവിന്റെ വീട്ടുകാർക്ക് വിട്ടുനൽകികൊണ്ട് കൊല്ലം ജില്ലാശിശുക്ഷേമസമിതി ഉത്തരവായത്.

### ഇത് കള്ളക്കേസെന്ന് സൂരജിന്റെ അമ്മ

**അഞ്ചൽ:** കിളികളെ പരിപാലിക്കുന്ന നന്മയുള്ള മനുഷ്യനാണ് തന്റെ മകൻ സൂരജെന്നും, അങ്ങനെയുള്ളവൻ എങ്ങനെ ഉത്രയെ കരിമൂർഖനെക്കൊണ്ട് കടിപ്പിച്ച് കൊലപ്പെടുത്തുമെന്നും സൂരജിന്റെ അമ്മ മാധ്യമ പ്രവർത്തകരോട് ചോദിച്ചു. ഇത് കള്ളക്കേസാണെന്നും അവർ കൂട്ടിച്ചേർത്തു.

സൂരജ് ക്രിമിനൽ സ്വഭാവമുള്ള ആളാണെങ്കിൽ പാമ്പിനെ കൊണ്ടുവന്ന പ്ലാസ്റ്റിക് പാത്രം അലക്ഷ്യമായി ഉത്രയുടെ വീടിന്റെ അടുത്തുതന്നെ എങ്ങനെ അവൻ ഉപേക്ഷിക്കുമെന്നും സൂരജിന്റെ അമ്മ ചോദിച്ചു.

# എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷ: എത്താൻ കഴിയാത്ത കുട്ടികളെ പോലീസ് പരീക്ഷയ്ക്ക് എത്തിക്കും



**തിരുവനന്തപുരം:** സംസ്ഥാനത്ത് എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകൾ 26 മുതൽ ആരംഭിക്കാനിരിക്കെ മുന്നൊരുക്കങ്ങളുമായി കേരള പോലീസ്. പ്രത്യേക സാഹചര്യത്തിൽ പരീക്ഷ കേന്ദ്രത്തിൽ എത്താൻ സാധിക്കാത്ത വിദ്യാർത്ഥികളെ പോലീസ് വാഹനത്തിൽ തന്നെ പരീക്ഷയ്ക്ക് എത്തിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പറഞ്ഞു. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകൾക്ക് കുട്ടികളെ എത്തിക്കുന്ന വാഹനങ്ങളുടെ സഞ്ചാരം തടസപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ജില്ലാ പോലീസ് മേധാവിമാർക്ക് ലോക്നാഥ് ബെഹ്റ നിർദ്ദേശം നൽകി. ഇത്തരം വാഹനങ്ങൾ ഒരിടത്തും തടയാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പരീക്ഷയുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽമാർ, പ്രഥമ അധ്യാപകർ, അധ്യാപകർ, മറ്റ് ജീവനക്കാർ എന്നിവരുടെ യാത്ര തടസപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി നേരത്തെ നിർദ്ദേശിച്ചിട്ടുണ്ട്.

പെൺകുട്ടികളുടെ സൗകര്യാർത്ഥം പരമാവധി വനിതാ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചു. പട്ടികവർഗ്ഗ മേഖലകളിൽ പരീക്ഷയ്ക്ക് കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജനമൈത്രി പോലീസിന്റെ സാന്നിധ്യം ഉറപ്പാക്കും. കുട്ടികൾ ധാരാളമുള്ള പരീക്ഷാകേന്ദ്രങ്ങളിലും മറ്റ് പ്രധാന കേന്ദ്രങ്ങളിലും പോലീസിനെ നിയോഗിക്കും. ഏതെങ്കിലും കാരണത്താൽ എത്താൻ കഴിയാത്ത കുട്ടികളെ പോലീസ് വാഹനത്തിൽ തന്നെ പരീക്ഷയ്ക്ക് എത്തിക്കും. പരീക്ഷയ്ക്ക് മുമ്പും ശേഷവും വിദ്യാലയങ്ങളുടെ മുന്നിൽ തിരക്കൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കും.

പരീക്ഷയുമായി ബന്ധപ്പെട്ട് ജില്ലകളിലെ പോലീസ് സംവിധാനത്തിന്റെ ഉത്തരവാദിത്തം അഡീഷണൽ എസ്.പിമാർക്കും അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർമാർക്കുമാണ്. പരീക്ഷാ കേന്ദ്രങ്ങളുടെ കൃത്യമായ വിവരം ജില്ലാ പോലീസ് മേധാവിമാരും കൺട്രോൾ റൂമും സൂക്ഷിക്കും.

## സുരാജ് വെഞ്ഞാറമൂട് ക്വാറന്റൈനിൽ

**തിരുവനന്തപുരം:** നടൻ സുരാജ് വെഞ്ഞാറമൂട് ക്വാറന്റൈനിൽ പ്രവേശിച്ചു. കഴിഞ്ഞ ദിവസം കോവിഡ് സ്ഥിരീകരിച്ച പ്രതിയെ അറസ്റ്റ് ചെയ്ത സിഐയോടൊപ്പം വേദി പങ്കിട്ടതിനെ തുടർന്നാണ് സുരാജിനോട് ക്വാറന്റൈനിൽ പ്രവേശിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. പോലീസ് ഉദ്യോഗസ്ഥന്റെ പരിശോധന ഫലം പുറത്ത് വരുന്നത് വരെ ജാഗ്രത അത്യാവശ്യമായതിനാൽ താൻ ഹോം ക്വാറന്റയിനിൽ തുടരുന്നതാണെന്ന് സുരാജ് അറിയിച്ചു.

കേരള സർക്കാരിന്റെ സുഭിക്ഷം പദ്ധതിയുടെ ഭാഗമായി വെഞ്ഞാറമൂടിലുള്ള സുരാജിന്റെ പുരയിടം കൃഷി ചെയ്യുന്നതിനായി വിട്ടു നൽകിയിരുന്നു. ഈ പദ്ധതിയുടെ ഉദ്ഘാടനചടങ്ങിൽ അതിഥിയായി സുരാജും വെഞ്ഞാറമൂട് പോലീസ് ഇൻസ്പെക്ടറും പങ്കെടുത്തിരുന്നു.അദ്ദേഹം തലേദിവസം അറസ്റ്റ് ചെയ്യുകയും സമ്പർക്കത്തിൽ ഏർപ്പെടുകയും ചെയ്ത ഒരു പ്രതിക്ക് കോവിഡ് രോഗം സ്ഥിതീകരിച്ചതിനാലാണ് സുരാജിനോടും ക്വാറന്റീനിൽ പോകാൻ നിർദ്ദേശിച്ചത്.

# സിനിമാ സെറ്റ് തകർത്ത കേസിലെ പ്രതി അറസ്റ്റിൽ

**എറണാകുളം:** കാലടി മണപ്പുറത്തു മിന്നൽ മുരളി സിനിമയുടെ സെറ്റ് തകർത്ത സംഭവത്തിൽ ഒരാൾ അറസ്റ്റിൽ. അന്താരാഷ്ട്ര ഹിന്ദു പരിഷത്ത് / രാഷ്ട്രീയബജ്‌രംഗ്ദൾ ജില്ലാ പ്രസിഡന്റ് രതീഷ് മലയാറ്റൂർ ആണ് അറസ്റ്റിലായത്. വൻ പ്രതിഷേധമുയർന്ന പശ്ചാത്തലത്തിൽ പ്രത്യേകസംഘമാണ് കേസ് അന്വേഷിക്കുന്നത്. കാരി രതീഷ് എന്ന പേരിൽ അറിയപ്പെടുന്ന ഇയാൾ നിരവധി കേസുകളിൽ പ്രതിയാണെന്നാണ് പോലീസ് പറയുന്നത്.

രണ്ട് വർഷങ്ങൾക്ക് മുമ്പ് കാലടിയിൽ സനൽ എന്നയാളെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട കേസിലും ഇയാൾ പ്രതിയായിരുന്നു. ഇതിനു ശേഷമാണു അന്താരാഷ്ട്ര ഹിന്ദു പരിഷത്തിൽ ചേരുന്നത്. കാലടി ശിവരാത്രി ആഘോഷ സമിതിയുടെയും സിനിമ സംഘടനകളുടെയും പരാതികളുടെ അടിസ്ഥാനത്തിൽ ആണ് സെറ്റ് തകർത്ത സംഭവത്തിൽ അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിച്ചത്.

ഞായറാഴ്ച വൈകിട്ടാണ് അന്താരാഷ്ട്ര ഹിന്ദു പരിഷത്ത് പ്രവർത്തകർ കാലടി മണപ്പുറത്തെ പള്ളിയുടെ മാതൃകയിലുള്ള സിനിമ സെറ്റ് തകർത്തത്. കാലടി മഹാദേവ ക്ഷേത്രത്തിന്റെ കാഴ്ച മറച്ചു പള്ളി നിർമിച്ചു എന്ന് ആരോപിച്ചായിരുന്നു സെറ്റിന് നേരെയുള്ള അക്രമം. ആലുവ റൂറൽ എഎസ്പി എം ജെ സോജനും പെരുമ്പാവൂർ ഡിവൈഎസ്പി കെ ബിജുമോനും അന്വേഷണ സംഘത്തിന് നേതൃത്വം നൽകും. സൈബർ സെല്ലിന്റെ സഹായവും ഉപയോഗിക്കും. പ്രതികളെ ഉടൻ പിടികൂടുമെന്ന് ആലുവ റൂറൽ എസ്പി കെ കാർത്തിക് പറഞ്ഞു.

അതേസമയം മണപ്പുറത്തു പള്ളിയുടെ മാതൃകയിൽ സിനിമ സെറ്റ് നിർമിക്കാൻ അനുമതി കൊടുത്തിരുന്നതായി കാലടി ശിവരാത്രി ആഘോഷ സമിതി വ്യക്തമാക്കി. മലയാള സിനിമാ ചരിത്രത്തിൽ കേട്ടു കേൾവി ഇല്ലാത്ത സംഭവമാണ് കാലടിയിൽ ഉണ്ടായതെന്നും പ്രതികൾക്കെതിരെ കർശന നടപടി വേണം എന്നും സിനിമ സംഘടനകൾ ആവശ്യപ്പെട്ടു.


കേരള പ്രണാമം
സത്യം വദ: ധർമ്മം ചര:
കേരളത്തിന്റെ സ്വന്തം പത്രം
ഇനി മുതൽ ഓൺലൈനിലും
സന്ദർശിക്കുക
keralapranamam.com
KERALA PRANAMAM ONLINE www.keralapranamam.com
കേരളപ്രണാമം ഇ പേപ്പർ സൗജന്യമായി വായിക്കാം,
തത്സമയ വാർത്തകളും അറിയാം

## മന്ത്രി മണിയുടെ ചിത്രവും കറണ്ട് ബില്ലും കത്തിച്ചു

**മലയിൻകീഴ് :** പിസിസിയുടെ നിർദ്ദേശപ്രകാരം സംസ്ഥാന സർക്കാരിന്റെ നാലാം വാർഷിക ദിനത്തിൽ കോൺഗ്രസ് മണപ്പുറം വാർഡ് കമ്മറ്റിയുടെ നേതൃത്വത്തിൽ ആയുർവേദ ഡിസ്പൻസറിയ്ക്ക് മുന്നിൽ പ്രതിഷേധം സംഘടിപ്പിച്ചു. വിളപ്പിൽ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി ജന. സെക്രട്ടറി സതീഷ് കുമാർ ഉത്ഘാടനം ചെയ്തു. പ്രതിഷേധത്തിൽ കേരളത്തിൽ ഇരുട്ടടിയായി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച വൈദ്യുതി മന്ത്രി എംഎം മണിയുടെ ചിത്രവും കറണ്ട് ബില്ലും കത്തിച്ചു. വാർഡ് പ്രസിഡന്റ് സന്തോഷ് അധ്യക്ഷനായിരുന്നു. യൂത്ത് കോൺഗ്രസ് മുൻ നിയോജക മണ്ഡലം വൈസ് പ്രസിഡന്റ് എൻ. ഷാജി, കോൺഗ്രസ് മണ്ഡലം ജന. സെക്രട്ടറി ഷൈജു, സേവാദൾ സെക്രട്ടറി കുമാർ വെള്ളാപ്പള്ളി തുടങ്ങിയവർ സംസാരിച്ചു.

## വെള്ളപ്പൊക്കത്തിന് ജനങ്ങൾക്ക് നഷ്ട പരിഹാരം നൽകണം : ഓ.രാജഗോപാൽ

**തിരുവനന്തപുരം:** കഴിഞ്ഞ ദിവസം ഉംപൂൻ ചുഴലിക്കാറ്റിന്റെ അവസരത്തിൽ തിരുവനന്തപുരത്ത് ശക്തമായ മഴപെയ്തപ്പോൾ സർക്കാർ ജനങ്ങളെ അറിയിക്കാതെ അരുവിക്കര ഡാം തുറന്നുവിട്ടതുകൊണ്ട് ജനങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകണമെന്ന് ഓ.രാജഗോപാൽ എംഎൽഎ ആവശ്യപ്പെട്ടു. ഡാം പെട്ടെന്ന് തുറന്നുവിടാൻ എടുത്ത തീരുമാനം ഉദ്യോഗസ്ഥൻമാർ മാത്രമാണ് അറിഞ്ഞിരുന്നത്. ഡാം തുറന്നു വിട്ടതോടെ കിള്ളിയാറിലും കരമനയാറിലും ജലനിരപ്പുയർന്ന പല പ്രദേശങ്ങളും വെള്ളത്തിനടിയിലായി. ഇതുകൊണ്ട് ജനങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കി തത്തുല്യമായ നഷ്ടപരിഹാരം നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഭാവിയിൽ ഈ രീതിയിലുള്ള നടപടികൾ ജനങ്ങളെ മുൻകൂട്ടി അറിയിച്ച് മാത്രമേ നടപ്പാക്കാൻ പാടുള്ളു എന്നദ്ദേഹം പറഞ്ഞു.

# സ്വയം പര്യാപ്തം എന്റെ കാട്ടാക്കട:
## ജൈവസമൃദ്ധി പദ്ധതിക്ക് തുടക്കമായി



**കാട്ടാക്കട:** സുഭി ക്ഷ കേരളത്തിനായി സ്വയംപര്യാപ്ത കാട്ടാക്കട മണ്ഡലം എന്ന ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പ്പായ ജൈവസമൃദ്ധി പദ്ധതിയുടെ മണ്ഡലംതല ഉദ്ഘാടനം കാട്ടാക്കട കട്ടയ്ക്കോട് സെന്റ് ആന്റണീസ് പള്ളി മുറ്റത്ത് മുരിങ്ങ തൈയും പപ്പായ തൈയും നട്ടു കൊണ്ട് ഐ.ബി.സതീഷ് എം.എൽ.എ നിർവ്വഹിച്ചു. ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമാക്കി സമഗ്രമായ കാർഷിക വിപ്ലവത്തിനാണ് കാട്ടാക്കട മണ്ഡലത്തിൽ ഇന്ന് തുടക്കമായത്. സുഭിക്ഷ കേരളത്തിനായി മണ്ഡലത്തിലാകെ 96.6 ഹെക്ടർ ഭൂമിയിലാണ് കൃഷി ആരംഭിക്കുന്നത്.

മണ്ഡലംതല ഉദ്ഘാടനത്തിന്റെ ഭാഗമായി കാട്ടാക്കട പഞ്ചായത്തിലെ കട്ടയ്ക്കോട് വാർഡിലെ എല്ലാ വീട്ടിലും കട്ടയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക് നൽകിയ മുരിങ്ങ തൈയും പപ്പായ തൈയും സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർ ചേർന്ന് നട്ടു. കാട്ടാക്കട പഞ്ചായത്ത്തല ഉദ്ഘാടനത്തിന്റെ ഭാഗമായി കാട്ടാക്കട പഞ്ചായത്തിലെ അമ്പലത്തിൻകാലയിൽ 7 പറ നിലത്തിൽ നെൽകൃഷിയും ആരംഭിച്ചു. ഐ. ബി. സതീഷ് എം.എൽ.എ ഞാറു നാട്ടു ഉൽഘാടനം നിർവ്വഹിച്ചു.

ഉദ്ഘാടന ചടങ്ങിൽ കാട്ടാക്കട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എസ്.അജിത, വൈസ് പ്രസിഡന്റ് ശരത്ചന്ദ്രൻ, വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കെ.അനിൽകുമാർ, പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സുനിത, കട്ടയ്ക്കോട് സെന്റ് ആന്റണീസ് പള്ളി ഫാദർ റോബർട്ട് വിൻസന്റ്, ഭൂവിനിയോഗ ബോർഡ് കമ്മിഷ്ണർ എ.നിസാമുദ്ദീൻ, കട്ടയ്ക്കോട് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് സുബ്രമണ്യൻ പിള്ള, വാർഡ് മെമ്പർ സനൽ ബോസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ സുരേഷ്, കൃഷി ഓഫീസർ ബീന എന്നിവർ പങ്കെടുത്തു.

മലയിൻകീഴ് പഞ്ചായത്ത്തല ഉദ്ഘാടനത്തിന്റെ ഭാഗമായി മഞ്ചാടി വാർഡിലും ശ്രീകൃഷ്ണപുരം വാർഡിലും ഇടവിളകൃഷിക്കായുള്ള വിത്തുകൾ നട്ടു കൊണ്ട് ഐ.ബി.സതീഷ് എം.എൽ.എ പഞ്ചായത്ത് തല ഉദ്ഘാടനം നിർവ്വഹിച്ചു. പഞ്ചായത്തിലെ എല്ലാ വാർഡിലും ഇന്ന് ഇടവിള കൃഷി ആരംഭിക്കും. ജനകീയാസൂത്രണ പദ്ധതി പ്രകാരം കൃഷി ഭവൻ മുഖേനയാണ് അതാത് വാർഡുകളിലെ കർഷകർക്ക് ഇടവിള കൃഷിക്കുള്ള കിഴങ്ങ് വർഗ്ഗ വിത്ത് കിറ്റുകൾ നൽക്കുന്നത്. ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, മഞ്ഞൾ, ഇഞ്ചി തുടങ്ങിയവയുടെ വിത്തുകളാണ് ആദ്യഘട്ടമായി ലഭ്യമാക്കിയിട്ടുള്ളത്.

മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രാധാകൃഷ്ണൻ നായർ, മുൻ പ്രസിഡന്റ് എസ്.ചന്ദ്രൻനായർ, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വിജയകുമാർ, മലയിൻകീഴ് സഹകരണ ബാങ്ക് പ്രസിഡന്റ് അഡ്വ.എൻ.ബി പത്മകുമാർ, ഭൂവിനിയോഗ ബോർഡ് കമ്മിഷ്ണർ എ.നിസാമുദ്ദീൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ റീജ.എസ്.ധരൻ, മലയിൻകീഴ് കൃഷി ഓഫീസർ ശ്രീജ.എസ് എന്നിവർ പങ്കെടുത്തു.

ഇന്ന് മുതൽ മെയ് 30 ആം തീയതിക്കുള്ളിൽ മണ്ഡലത്തിലെ മറ്റ് 5 പഞ്ചായത്തുകളിലും ഒന്നാംഘട്ട കൃഷി ആരംഭിക്കും. പച്ചക്കറി കൃഷി, വാഴ കൃഷി, നെൽകൃഷി, കേരകൃഷി, മരചീനി കൃഷി, കിഴങ്ങ് വർഗ്ഗങ്ങൾ, ഫലവൃക്ഷങ്ങൾ എന്നിവയാണ് പ്രധാനമായും ആദ്യഘട്ടത്തിൽ നടപ്പിലാക്കുക. കർഷകർക്ക് എല്ലാവിധ പിന്തുണയും സഹായങ്ങളും ലഭ്യമാക്കാൻ മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകൾ, കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കുടുംബശ്രീ, തൊഴിലുറപ്പ്, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്. സുഭിക്ഷ കേരളത്തിനായ് കാർഷിക സ്വയംപര്യാപ്ത മണ്ഡലം എന്ന ലക്ഷ്യം സാധ്യമാകുംവിധം എല്ലാതരം കൃഷി രീതികളും അവലംബിച്ച് മണ്ഡലത്തിന് ആവശ്യമായ കാർഷിക ഉത്പന്നങ്ങൾ മണ്ഡലത്തിൽ തന്നെ ഉത്പാദിപ്പിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടക്കുന്നതെന്ന് ഐ.ബി.സതീഷ് എം.എൽ.എ അറിയിച്ചു.

## തൃക്കണ്ണാപുരം റോഡ്പണി മുടങ്ങുന്നതിനെതിരെ പ്രതിഷേധം

**നേമം:** തിരുമല , തൃക്കണ്ണാപുരം റോഡ് പണി മുടങ്ങുന്നതിനെതിരെ ബിജെപി പ്രതിഷേധം. തുക അനുവദിച്ചിട്ടും സി പി എം ഉദ്യോഗസ്ഥ കൂട്ട് കെട്ട് റോഡ് പണി അട്ടിമറിക്കുകയാണെന്ന് ബിജെപി ആരോപിച്ചു. ഇതിനെതിരെ തിരുമല മുതൽ തൃക്കണ്ണാപുരം വരെ 30 കേന്ദ്രങ്ങളിൽ സാമൂഹ്യ അകലം പാലിച്ച് ബി ജെ പി പ്രതിഷേധിച്ചു. ബി ജെ പി ജില്ലാ പ്രസിഡന്റ് വി.വി രാജേഷ് ഉത്ഘാടനം ചെയ്തു. എം എൽ എ ഒ . രാജഗോപാൽ,പാപ്പനംകോട് സജി, കരമന ജയൻ ശിവശങ്കരൻ, എം.ആർ ഗോപൻ,കരമന അജിത് ബീന ആർ.സി,തിരുമല മഞ്ചു, തിരുമല അനിൽ ,നിഷാന്ത്, കൃഷ്ണകുമാർ നീറ മൺകര ഹരി ,ആശ നാഥ് ,ഗിരി ,മഞ്ചു കാലടി, വിജയലക്ഷ്മി, ജ്യോതി സതീശൻ തുടങ്ങിയവർ പങ്കെടുത്തു.






*പരീക്ഷയ്ക്കു മുന്നോടിയായി മലയിൻകീഴ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഡി വൈ എഫ്. ഐക്കാർ വൃത്തിയാക്കുന്നു*


## കേരളത്തിൽ ആദ്യമായി SAP LEARNING HUB ഓൺലൈൻ കോഴ്സുകളുമായി ജിടെക്

G TEC COMPUTER EDUCATION™

ലോക് ഡൗൺ കാലത്ത് വിദ്യാർത്ഥികളുടെ കരിയർ സ്വപ്നങ്ങൾക്ക് നിറം പകരുന്നതിനായി ലോകത്തിലെ No.1 ERP സോഫ്റ്റ്വെയറായ ടഅജ അംഗീകൃത കോഴ്സുകൾ വീട്ടിലിരുന്ന് പഠിക്കാൻ അവസരമെരുക്കുന്നു. 150ൽ പരം മോഡ്യൂളുകളിൽ നിന്ന് വിദ്യാർത്ഥികൾക്ക് അനുയോജ്യമായവ തിരഞ്ഞെടുക്കാനും, SAP LEARNING HUB-Â പരിധിയില്ലാതെ ഒരു വർഷത്തെ ക്ലൗഡ് ആക്സസും ജിടെക് വെർച്ചൽ യൂണിവേഴ്സിറ്റി എന്ന ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയാണ് കോഴ്സുകൾ ലഭ്യമാക്കുന്നത്.

ഏഷ്യയിൽ ആദ്യമായി G-TEC ലൂടെയാണ് SAP ലേണിംഗ് ഹബ് പ്രോഗ്രാമുകൾ അവതരിപ്പിക്കപ്പെടുന്നത്. SAP ജർമ്മനിയുടെ ഔദ്യോഗികമായ ക്ലൗഡ് പ്ലാറ്റ്ഫോമിലൂടെ ഒരുവർഷത്തെ പരിധിയില്ലാത്ത ആക്സസ് ആണ് ജിടെക് SAP യുമായി ചേർന്ന് വാഗ്ദാനം ചെയ്യുന്നത്. SAP എന്റ് യുസർ പ്രോഗ്രാം, SAP പവർ യൂസർ പ്രോഗ്രാം, SAP കൺസൾട്ടൻസി പ്രോഗ്രാം എന്നിവയോടൊപ്പം

SAP ജർമ്മനിയുടെ ഒറിജിനൽ പ്രോഗ്രാമുകളായ SAP ABAP/HCM/ HANA/CRM എന്നിങ്ങനെ വിവിധ ലെവലുകളിൽ ഉള്ള 150ൽ പരം കോഴ്സുകൾ ഒരു വർഷത്തെക്ക് അൺലിമിറ്റഡായി പഠിക്കാൻ SAP ലേണിങ് ഹബ്ബിലൂടെ അവസരമൊരുക്കുന്നു.

ലോക് ഡൗണിന്റെ ദുരിതം പേറുന്ന ഈ വേളയിൽ SAP പോർട്ടലിലൂടെ 19980/ രൂപയുയ്ക് കൊടുക്കുന്ന കോഴ്സ് വെറും 9900/ രൂപക്കാണ് ജിടെക് വെർച്ചൽ യൂണിവേഴ്സിറ്റി പോർട്ടലിലൂടെ ജിടെക് ലഭ്യമാക്കുന്നത്.

വിദ്യാർഥികൾക്ക് മാത്രമല്ല നിലവിൽ ജോലിചെയ്യുന്ന പ്രൊഫഷണലുകൾക്കും, വിദേശത്ത് ജോലി ചെയ്യാൻ ആഗ്രഹിക്കുന്നവർക്കും, MNC കമ്പനികളിൽ ജോലിക്ക് വേണ്ടി ശ്രമിക്കുന്നവർക്കും ഈ കോഴ്സുകൾ ഗുണംചെയ്യുമെന്ന് ജി ടെക് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് സിഎംഡി മെഹ്റൂഫ് മണലോടി അറിയിച്ചു.

ലോക് ഡൗണിന്റെ സമയം ക്രിയാത്മകമായി വിനിയോഗിച്ച് ഭാവിയെ ശോഭനമാക്കാൻ വേണ്ടി സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി ബ്രെയിൻ പവർ പസിലുകൾ അടങ്ങിയ കോഗ്നിറ്റീവ് ലേണിങ് പ്രോഗ്രാം, പ്ലസ് വൺ പ്ലസ് ടു വിദ്യാർഥികൾക്കായി എന്ട്രന്സ് പ്രിപ്പറേഷൻ ആവശ്യമായ മൊബൈലിലും പിസിയിലും വർക്ക് ചെയ്യുന്ന എൻട്രൻസ് മാസ്റ്റർ, ജോലി ചെയ്യുന്നവർക്കും, ജോലി അന്വേഷിക്കുന്നവർക്കുമായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ലൈവ് ക്ലാസുകൾ, EC-COUNCIL USAയുടെ സർട്ടിഫിക്കേഷനോടുകൂടി എത്തിക്കൽ ഹാക്കർ, ഐടി രംഗത്തെ ആധുനിക ട്രെൻഡ് ആയ ഡാറ്റാ സയൻസ് കോഴ്സുകൾ, സോഫ്റ്റ് സ്കിൽ കോഴ്സുകൾ എന്നിങ്ങനെ വിവിധ മേഖലകളിലുള്ള നൂറോളം കോഴ്സുകൾ ജി ടെക് വെർച്ചൽ യൂണിവേഴ്സിറ്റി പ്ലാറ്റ്ഫോമിലൂടെ വീട്ടിലിരുന്ന് പഠിക്കാനുള്ള അവസരമെരുക്കുകയാണ് ജി ടെക്.

ഇവ കൂടാതെ വിവിധ അന്താരാഷ്ട്ര യൂണിവേഴ്സിറ്റി കോഴ്സുകളും ഉടൻതന്നെ ജി ടെക് വെർച്ചൽ യൂണിവേഴ്സിറ്റി പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കും.

ഈ വിഷമഘട്ടത്തിൽ ജിടെക് വെർചൽ യൂണിവേഴ്സിറ്റി വിവിധ മേഖലകളിലുള്ള കോഴ്സുകൾക്ക് 40% ഡിസ്കൗണ്ടോടുകൂടിയാണ് നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് http://gtecvirtualuniverstiy.com/sap എന്ന വെബ്സൈറ്റ് സന്ദർശിക്കുക.




## വാക്ക് ഇൻ ഇന്റർവ്യൂ മെയ് 28 ന്

**കൊല്ലം:** സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ടി ഐ പ്രോജക്കുകളായ ലാസ് സുരക്ഷ ഓഫീസിൽ ഔട്ട് റീച്ച് വർക്കർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള വാക്ക് ഇൻ ഇന്റർവ്യൂ മെയ് 28 ന് രാവിലെ 11 ന് നടക്കും. പ്ലസ് ടു യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. ശമ്പളം7,500 രൂപ. യാത്രബത്ത1,125 രൂപ. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി വെള്ളയിട്ടമ്പലം ലാസ് സുരക്ഷ എം എസ് എം ഓഫീസിൽ എത്തണം. വിശദ വിവരങ്ങൾ 9447712668, 9961773370 എന്നീ നമ്പരുകളിൽ ലഭിക്കും.

## ജൈവഗൃഹം പദ്ധതി; സാമ്പത്തിക സഹായത്തിന് അപേക്ഷിക്കാം

**കൊല്ലം:** റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ കീഴിൽ സംയോജിത കൃഷിരീതിയിലൂടെ ജൈവഗൃഹം പദ്ധതി പ്രകാരം സാമ്പത്തിക സഹായത്തിന് അപേക്ഷ ക്ഷണിച്ചു. അഞ്ച് സെന്റ് മുതൽ രണ്ട് ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് ഗുണഭോക്താക്കളാകാം. അടിസ്ഥാന സൗകര്യങ്ങൾ പരിപോഷിപ്പിക്കുന്നതിനും പുതിയ കാർഷിക സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനും അതിലൂടെ കർഷകർക്ക് സ്വയംപര്യാപ്തത നേടുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

പോഷകത്തോട്ടം, ഇടവിള കൃഷി, തീറ്റപ്പുൽകൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ, ജൈവ മാലിന്യ സംസ്കരണം, പുഷ്പകൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ജലസംരക്ഷണം തുടങ്ങിയ വിവിധ മേഖലകളിലായിരിക്കണം കൃഷി വികസിപ്പിക്കേണ്ടത്. ഓരോ ഗുണഭോക്താവും കുറഞ്ഞത് അഞ്ച് സംരംഭങ്ങളെങ്കിലും ചെയ്തിരിക്കണം.

അഞ്ച് സെന്റ് മുതൽ 30 സെന്റ് വരെ 30,000 രൂപയും 31 സെന്റ് മുതൽ 40 സെന്റ് വരെ 40,000 രൂപയും 41 സെന്റ് മുതൽ രണ്ട് ഹെക്ടർ വരെ 50,000 രൂപയുമാണ് സാമ്പത്തിക സഹായമായി ലഭിക്കുക. കർഷകർക്ക് അടുത്തുള്ള കൃഷി ഭവനിൽ മെയ് 29 വരെ അപേക്ഷ സമർപ്പിക്കാം.

# ഓച്ചിറയിൽ ബൈക്കിലെത്തി മാല കവർന്ന മൂവർ സംഘം പിടിയിൽ

**കരുനാഗപ്പള്ളി:** ഓച്ചിറ പോലീസ് സ്റ്റേഷൻ പരിധിയിൽ സ്രായിക്കാട് വച്ച് ഈ കഴിഞ്ഞ 21 ന് രാവിലെ 7 മണിക്ക് വീട്ടുമുറ്റത്ത് കളിച്ചു കൊണ്ടിരുന്ന 12 വയസ്സുള്ള കുട്ടിയുടെ കഴുത്തിൽ കിടന്ന ഒരു പവൻതൂക്കമുള്ള സ്വർണമാലയാണ് പൾസർ ബൈക്കിലെത്തിയ മൂന്നംഗ സംഘംകവർന്നെടുത്തത്. തുടർന്ന് സി.സി.ടി വി ദൃശ്യങ്ങളുടെ സഹായത്തോടെയും മറ്റും നടത്തിയ അന്വേഷണത്തിലാണ് പ്രതികളെ തിരിച്ചറിഞ്ഞത്. മണപ്പള്ളിയിലുള്ള ടിയാന്മാരുടെ സുഹൃത്തായ അംജിത്തിന്റെ വീട്ടിൽ ഒളിവിൽ കഴിഞ്ഞിരുന്ന ഓച്ചിറ ചങ്ങൻകുളങ്ങര നന്ദനത്ത് വീട്ടിൽ, ആരോമൽ എന്നു വിളിക്കുന്ന അഭിജിത് (19), കായംകുളം, കീരിക്കാട് കണ്ണമ്പള്ളി ഭാഗം തുളിനയ്യത്ത് വീട്ടിൽ നിന്നും വവ്വാക്കാവ്, മദീന മൻസിലിൽ താമസിക്കുന്ന സക്കീർഷാ(22), വവ്വാക്കാവ് കുറുന്നപള്ളിവയലിൽ പുത്തൻവീട്ടിൽ റംഷാദ് (24) എന്നിവരെയാണ് പടികൂടിയത്. കോട്ടയം, പാലക്കാട് എന്നിവിടങ്ങളിൽ സമാനമായ കേസുകളിൽ പ്രതികളാണ് ഇവർ. തുടർന്ന് നടത്തിയ അന്വേഷണത്തിൽ മോഷണമുതൽ വാങ്ങിയ മണപ്പള്ളി അശ്വതി ജുവലറി ഉടമശിവൻകുട്ടി യേയും പോലീസ് അറസ്റ്റ് ചെയ്തു. ഓച്ചിറ പോലീസ് ഇൻസ്പെക്ടർ പ്രകാശ്, സബ് ഇൻസ്പെക്ടർ ശ്യാംകുമാർ, സി.പി.ഒ രഞ്ജിത്, സ്പെഷ്യൽ ബ്രാഞ്ച് സബ്ഇൻസ്പെക്ടർ ജയകുമാർ, സിറ്റി ഡാൻസാഫ് ടീം ബൈജു പി.ജെറോം, മനു, സജു, സീനു, റിപു, രതീഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പടികുടിയത്.



*പിടിയിലായ മൂവർ സംഘം*

## കോൺഗ്രസ്സ് ജനവഞ്ചനാദിനം ആചരിച്ചു

**കരുനാഗപ്പള്ളി:** എൽ.ഡി.എഫ്.സർക്കാരിന്റെ നാലാം വാർഷിക ദിനത്തിൽ തൊടിയൂർ മണ്ഡലം കോൺഗ്രസ്സ് കമ്മറ്റിയുടെ നേതൃത്വത്തിൽ നടന്ന ജനവഞ്ചനാദിനമായി ആചരിച്ചു കെ.പി.സി.സി ജനറൽ സെക്രട്ടറി സി.ആർ.മഹേഷ് ഉദ്ഘാടനം ചെയ്തു കഴിഞ്ഞ നാല് വർഷം കൊണ്ട് എൽ.ഡി.എഫ് സർക്കാർ കേരള ജനതയെ വാഗ്ദാനങ്ങൾ നൽകി കബളിപ്പിക്കുകയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു.മണ്ഡലം പ്രസിഡൻറ് അഡ്വ :കെ.എ.ജവാദ് അധ്യക്ഷനായിരുന്നു. ബിന്ദു വിജയകുമാർ, ഷാജി പുത്തൻവീട്ടിൽ, എന്നിവർ സംസാരിച്ചു. ചിറ്റ് മൂലയിൽ നടന്ന പ്രതിഷേധ സമരം ഡി.സി.സി. വൈസ് പ്രസിഡന്റ് ചിറ്റ് മൂല നാസർ ഉദ്ഘാടനം ചെയ്തു.

കോൺഗ്രസ്സ് കല്ലേലിഭാഗം മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ജനവഞ്ചനാദിനമായി ആചരിച്ചു.കഴിഞ്ഞനാല് വർഷം കൊണ്ട് എൽ.ഡി.ഫ് സർക്കാർ ജനദ്രോഹ നടപടികളാണ് സ്വീകരിച്ചിരിച്ച് കൊണ്ടിരിക്കുന്നതെന്ന്. കോൺഗ്രസ്സ് ബ്ലോക്ക് കോൺഗ്രസ്സ് പ്രസിഡന്റ് എൻ.അജയകുമാർ പറഞ്ഞു. കല്ലേലിഭാഗംമണ്ഡലം തലത്തിലെ ജനവഞ്ചനാദിനം വെളുത്ത മണലിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.മണ്ഡലം പ്രസിഡന്റ് എൻ.രമണൻ. അദ്ധ്യക്ഷനായിരുന്നു. സോമൻ പിള്ള,വിനോദ് പിച്ചനാട്ട്, ചൂളൂർ ഷാനി,ഷാജി കൃഷ്ണ, അഡ്വ.രാജേഷ് ശിവൻ, എന്നിവർ സംസാരിച്ചു.



*തൊടിയൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ സമരം കെ.പി.സി.സി.ജനറൽ സെക്രട്ടറി സി.ആർ.മഹേഷ് ഉദ്ഘാടനം ചെയ്യുന്നു.*

## മെട്രോ സ്കാൻ സെന്റർ സന്ദർശിച്ചവർ ആശുപത്രി സൂപ്രണ്ടുമായി ബന്ധപ്പെടണം

**കൊല്ലം:** ജില്ലാ ആശുപത്രിയ്ക്ക് സമീപമുള്ള മെട്രോ സ്കാൻ സെന്ററിൽ മെയ് 20 ന് ഉച്ചയ്ക്ക് 12.15 നും 2.30 നും ഇടയിൽ സന്ദർശിച്ചവർ ഗവൺമെന്റ് വിക്ടോറിയ ആശുപത്രി സൂപ്രണ്ടുമായി ബന്ധപ്പെടണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഫോൺ: 8943341430.

## പുരോഗമന കലാസാഹിത്യ സംഘം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു

**കൊല്ലം:** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പുരോഗമന കലാസാഹിത്യ സംഘം കൊല്ലം ജില്ലാ കമ്മിറ്റി 2,40,000 രൂപ സംഭാവനയായി നൽകി. ജില്ലാ പ്രസിഡന്റ് ഡോ സി ഉണ്ണികൃഷ്ണൻ ജില്ലാ കലക്ടർ ബി അബ്ദുൽ നാസറിന് ചെക്ക് കൈമാറി. സെക്രട്ടറി ഡി സുരേഷ്കുമാർ, ട്രഷറർ എൻ പി ജവഹർ എന്നിവർ സന്നിഹിതരായി.



## ആശ്വാസ സഹായവുമായി എസ്.റ്റി.യു

**ചവറ :**കോവിഡ് 19 എന്ന മഹാമാരിയിൽ ജിവിതം വഴിമുട്ടിയ കെ. എം.എം.എല്ലിന്റെ പരിസര പ്രദേശത്തെ പന്മന പഞ്ചായത്തിലെ വാർഡുകളിൽ 1200 കിലോ അരിയും 10 കുടുംബങ്ങൾക്ക് ചികിൽസാ സഹായവും കെ.എം.എം..എൽ.എ സ്. റ്റി.യുവിന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു. യുണിയൻ ജനറൽ സെക്രട്ടറി സംഗീത് സാലി സഹായ വിതരണോത്ഘാടനം ചെയ്തു.ഭാരവാഹികളായ എ. നഹാസ്, രഘു, സന്തോഷ് കുമാർ, ഷമീർ, രതിഷ്, ഷാഹുൽ ഹമീദ്, എം.എസ്സ് യൂണിറ്റിലെ ഫെർണാണ്ടസ് എന്നിവർ വിതരണത്തിന് നേതൃത്വം നൽകി.



*കെ.എം.എം.എൽ എസ്.റ്റി.യുവിന്റെ നേതൃത്യത്തിൽ നടന്ന സഹായ വിതരണം ജനറൽ സെക്രട്ടറി സംഗീത് സാലിനിർവ്വഹിക്കുന്നു.*



## സാഹോദര്യത്തിന് മാതൃക; നാടിന്റെ മദർതെരേസയ്ക്ക് ആദരവ്.....

**കരുനാഗപ്പള്ളി:** ഓച്ചിറയിലെനാട്ടുകാർ മദർ തെരേസ എന്ന് സ്നേഹത്തോടെ വിളിക്കുന്ന ചങ്ങൻകുളങ്ങര നാരായണീയത്തിൽ ശ്രീദേവിയെ ആദരിക്കാൻ കെ.പി.സി.സി ജന.സെക്രട്ടറി സി.ആർ.മഹേഷ് വീട്ടിലെത്തി. ശ്രീദേവിയുടെ മകൾ ദിയ ദിലീപിന്റെ സഹപാഠി കണ്ണൂർ പരിയാരം തിരുവെട്ടൂർ റിസ് ലി നാസിൽ റഫീക്കിന്റെയും, സീനത്തിന്റെയും മകൾ റിസ് ലീന കഴിഞ്ഞ രണ്ട് മാസമായി ശ്രീദേവിയുടെ വീട്ടിലാണ് താമസം. രണ്ട് പേരുംപത്തനംതിട്ട കോന്നി മന്നം മെമ്മോറിയൽ ബി.എസ്.ഡബ്ല്യു രണ്ടാം വർഷ വിദ്യാർത്ഥിനികളാണ് ലോക് ഡൗൺ ആയതോടെ ഹോസ്റ്റൽ അടക്കുകയും വീടുകളിൽ പോകാൻ സ്കൂൾ അധികൃതർ ആവശ്യപ്പെടുകയും ചെയ്തു. കണ്ണൂരിലേക്ക് പോകാൻ കഴിയാതായ റിസ് ലിനയെ കൂട്ടുകാരി ദിയ ക്ഷണിച്ച് ഓച്ചിറയിലെ വിടായ നാരായണത്തിലേക്ക് കൂട്ടികൊണ്ട് വരുകയായിരുന്നു. നോമ്പുകാലമായതോടെ റിസ് ലിനയ്ക്ക് നോമ്പ് അനുഷ്ഠിക്കാൻ എല്ലാ സൗകര്യങ്ങളും ഒരുക്കി കൊടുത്തു. ശ്രീദേവി ഖുറാൻ വാങ്ങി നല്കുകയും പുലർച്ചെ മൂന്നരയോടെ ഉറക്കമെഴുന്നേറ്റ് ബാങ്ക് വിളിക്കുന്നതിന് മുന്നേ ആഹാരം ഒരുക്കി കൊടുക്കും. അഞ്ചു നേരം നമസ്ക്കരിക്കാനും ഖുറാൻ പാരായണം ചെയ്യാനുള്ള സൗകര്യം റസ് ലിനയ്ക്ക് ഒരുക്കി കൊടുത്തിരുന്നു. ഇവിടെ നിറഞ്ഞ സന്തോഷത്തോടെയാണ് റസ് ലിന കഴിയുന്നത്. ചങ്ങൻകുളങ്ങര ആർ.സി.പി.എം ഹോസ്പിറ്റലിലെ നഴ്സ് ആയ ശ്രീദേവി ജോലി കഴിഞ്ഞാൽ നാട്ടിലെ രോഗികളെയും കിടപ്പ് രോഗികളെയും പരിചരിക്കാൻ ഇറങ്ങും വ്രണവും പഴുപ്പും പുഴുവുമൊക്കെയായി കഴിയുന്നവർക്ക് പുഞ്ചരിയുമായി അതെല്ലാം വൃത്തിയാക്കി നല്കും. മനോനില തെറ്റിയവരെ മുടി വെട്ടി, കുളിപ്പിച്ച് വൃത്തിയാക്കുന്നത് ഉൾപ്പെടെയുള്ള പരിചരണം നാട്ടുകാർക്ക് പരിചിതമാണ്. അതു കൊണ്ടാണ് നാട്ടുകാർ ഇവരെ മദർ തേരസ എന്ന് വിളിക്കുന്നത്.ഇവരുടെ പുണ്യ പ്രവർത്തി അറിഞ്ഞ് കെ.പി.സി.സി.ജന.സെക്രട്ടറി സി.ആർ.മഹേഷ് വീട്ടിലെത്തി ശ്രീദേവിയെ പൊന്നാടയണിഞ്ഞ് ആദരിക്കുകയും ദിയ ദിലീപിനും റസ് ലീനയ്ക്കും പെരുന്നാൾ സമ്മാനം നല്കുകയും ചെയ്തു.ചെറിയ പെരുന്നാൾ ആഘോഷവും നാരായണിയത്തിൽ തന്നെയായിരുന്നു. കോൺഗ്രസ്സ് പ്രസിഡന്റ് ബി.എസ്.വിനോദ് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എൻ.കൃഷ്ണകുമാർ ,കെ. ശോഭ കുമാർ ,രാധാകൃഷ്ണൻ ,കളരിക്കൽ സലിം കുമാർ, കെ.ശങ്കരൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## പെരുമ്പാമ്പിന്റെ മുട്ടകൾ വിരിയിച്ച് ഫോറസ്റ്റ് ഓഫീസ്

**കോട്ടയം:** പെരുമ്പാമ്പിന്റെ മുട്ടകൾ വിരിയിച്ച് ഫോറസ്റ്റ് ഓഫീസ്. പാറന്പുഴ ഫോറസ്റ്റ് ഓഫീസിലെ സ്പെഷൽ ഇൻസ്പെക്ഷൻ ആൻഡ് പ്രൊട്ടക്ഷൻ വിഭാഗത്തിലാണു പെരുന്പാന്പിന്റെ 22 മുട്ടകൾ വിരിഞ്ഞത്. ഏകദേശം ഒരു മാസം മുന്പ് കാവാലം കൃഷ്ണപുരത്തിനു സമീപത്തെ ആളൊഴിഞ്ഞ പറന്പിൽനിന്നാണ് ഫോറസ്റ്റ് വിഭാഗത്തിനു പെരുമ്പാമ്പിന്റെ മുട്ടകൾ ഉൾപ്പെടെ കിട്ടിയത്. നാട്ടുകാർ വിവരമറിയിച്ചതനുസരിച്ച് സ്ഥലത്തെത്തിയ ഫോറസ്റ്റ് സംഘം പെരുമ്പാമ്പിനെയും മുട്ടകളെയും ചാക്കിലാക്കി ഫോറസ്റ്റ് ഓഫീസിലെത്തിച്ചു. മുട്ടയോടു കൂടി കിട്ടുന്ന പാന്പുകളെ രണ്ടു ദിവസത്തിനകം തുറന്നുവിടണമെന്ന നിയമമനുസരിച്ചു പെരുമ്പാമ്പിനെ എരുമേലി വനത്തിലേക്ക് തിരിച്ചയച്ചു. തുടർന്ന് ഏകദേശം 27 ദിവസം മുട്ട ഓഫീസിൽ സൂക്ഷിച്ചു. ഞായറാഴ്ച രാത്രി മുതൽ പാന്പിൻമുട്ടകൾ വിരിയാൻ തുടങ്ങി. 22 മുട്ടകളും പൊട്ടി പാന്പിൻകുഞ്ഞുങ്ങൾ തല പുറത്തിട്ടു. ഒരു മുട്ടയിൽ രണ്ടു കുഞ്ഞുങ്ങളുണ്ടായിരുന്നു. ഒരാഴ്ച കൂടി പാന്പിൻ കുഞ്ഞുങ്ങളെ ഓഫീസിൽ സൂക്ഷിക്കും.

തുടർന്ന് പന്പ വനത്തിൽ തുറന്നുവിടാനാണു തീരുമാനിച്ചിരിക്കുന്നത്. പല്ലി, ചെറിയ പുൽച്ചാടി എന്നിവയാണു പാന്പിൻകുഞ്ഞുങ്ങൾക്ക് തീറ്റയായി നൽകുന്നത്.

സ്പെഷൽ ഇൻസ്പെക്ഷൻ ആൻഡ് പ്രൊട്ടക്ഷൻ ഓഫീസിലെ വാച്ചർ കെ.എ. അബീഷ്, എസ്എഫ്ഒ ജയേന്ദ്രകുമാർ, ഡ്രൈവർ ബിനോയി, സുധീഷ് എന്നിവരുടെ നേതൃത്വത്തിലാണു മുട്ടകൾ വിരിയിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തിയത്. ഒന്നരമാസം മുന്പ് മണർകാട് നിന്നും കിട്ടിയ കണ്ണിനു പരിക്കേറ്റ കുറുനരിയും ഫോറസ്റ്റ് ഓഫീസിലുണ്ട്. ഇപ്പോൾ കുറുനരി തീറ്റതിന്ന് ഉഷാറായിരിക്കുന്നു. ഇതിനെയും അടുത്തദിവസം വനത്തിലേക്കു തിരിച്ചയയ്ക്കും

# രണ്ടു പേർക്കു കൂടി കോവിഡ്; ആകെ 11 പേർ ചികിത്സയിൽ

**കോട്ടയം :**ജില്ലയിൽ ഇന്ന് രണ്ടു പേർക്കു കൂടി കോവിഡ്-19 സ്ഥിരീകരിച്ചു. മെയ് 11ന് ദുബായിൽനിന്നെത്തി ഹോം ക്വാറൻറയിനിൽ കഴിഞ്ഞിരുന്ന പായിപ്പാട് പഞ്ചായത്തിലെ നാലുകോടി സ്വദേശിക്കും(30) മെയ് 17ന് അബുദാബിയിൽനിന്നെത്തി ഗാന്ധിനഗറിലെ ക്വാറൻറയിൻ കേന്ദ്രത്തിൽ കഴിഞ്ഞിരുന്ന വൈക്കം ഇരുമ്പൂഴിക്കര സ്വദേശിക്കു(37)മാണ് രോഗം ബാധിച്ചതായി കണ്ടെത്തിയത്.

പ്രായമായ ദമ്പതികളും ഒരു കുട്ടിയും ഉൾപ്പെടെ മൂന്നു ബന്ധുക്കൾക്കൊപ്പം എത്തിയതിനാലാണ് നാലുകോടി സ്വദേശിക്ക് ഹോം ക്വാറൻറയിനിൽ കഴിയാൻ അനുമതി നൽകിയത്. ബന്ധുക്കൾ മൂന്നു പേരുടെയും പരിശോധന ഫലം നെഗറ്റീവാണ്. ക്വാറൻറയിൻ കാലാവധി ഇന്ന് പൂർത്തിയാകാനിരിക്കെയാണ് യുവാവിന് രോഗം കണ്ടെത്തിയത്. ഇയാൾക്ക് പ്രകടമായ രോഗ ലക്ഷണങ്ങളില്ല. ഇതേ വിമാനത്തിലെത്തിയ മറ്റു രണ്ടു പേർക്ക് ജില്ലയിൽ രോഗം സ്ഥിരീകരിച്ചിരുന്നു. അബുദാബിയിൽനിന്നുള്ള വിമാനത്തിൽ ഇരുമ്പൂഴിക്കര സ്വദേശിക്കൊപ്പമെത്തിയ നാലു സുഹൃത്തുക്കളുടെ പരിശോധനാ ഫലം നെഗറ്റീവാണ്. ഇതേ വിമാനത്തിൽ വന്ന മൂന്നു പേർക്ക് മറ്റു ജില്ലകളിൽ രോഗം സ്ഥിരീകരിച്ചിട്ടുണ്ട്.

ഇന്ന് രോഗം സ്ഥിരീകരിച്ച രണ്ടു പേരെയും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവർ ഉൾപ്പെടെ കോട്ടയം ജില്ലയിൽ കോവിഡ് ബാധിതരായി ചികിത്സയിലുള്ളവരുടെ എണ്ണം 11 ആയി. ഇതുവരെ 22 പേർ ജില്ലയിൽ രോഗമുക്തരായി.

## ജില്ലയിൽ 257 കേന്ദ്രങ്ങളിലായി 19,902 കുട്ടികൾ പരീക്ഷയ്ക്ക്

**കോട്ടയം :** കോവിഡ് 19 ഭീതിയിലും ജില്ലയിലെ എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകൾ സുഗമമായി നടത്താൻ കഴിയുമെന്ന് ജില്ലാ പഞ്ചായത്ത് അധികൃതർ അറിയിച്ചു. ജില്ലയിൽ 257 കേന്ദ്രങ്ങളിലായി 19,902 കുട്ടികൾ എസ്എസ്എൽസി പരീക്ഷയും 133 ഹയർ സെക്കൻഡറി പരീക്ഷാ കേന്ദ്രങ്ങളിലായി 43,000 വിദ്യാർഥികൾ ഹയർസെക്കൻഡറി പരീക്ഷയും എഴുതുന്നുണ്ട്. പരീക്ഷയെഴുതുന്ന എല്ലാ വിദ്യാർഥികൾക്കും എൻഎസ്എസ്, എസ്എസ്കെ എന്നിവയുടെ നേതൃത്വത്തിൽ 1,30,000 മാസ്ക്കുകൾ വിതരണത്തിന് തയ്യാറാക്കി. വിദ്യാർഥികളും അധ്യാപകരും ശ്രദ്ധിക്കേണ്ട കരുതൽ മാർഗ നിർദേശങ്ങൾ പ്രത്യേകം പ്രിന്റ് ചെയ്തു നൽകുന്നുമുണ്ട്. ജില്ലയിലെ രണ്ട് പരീക്ഷാ കേന്ദ്രങ്ങൾ ക്വാറന്റയിൻ സെന്ററുകളായി പ്രവർത്തിച്ചിരുന്നു. ആ സെന്ററുകളിലെ ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കോരുത്തോട് പഞ്ചായത്തിലെ കണ്ടൈൻമെന്റ് സോണുകളിലുള്ള അധ്യാപകർക്കും കുട്ടികൾക്കും ഗതാഗതം അനുവദിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി. സ്കൂളുകളിൽ അധ്യാപകരും രക്ഷകർതൃ സമിതികളും തദ്ദേശസ്ഥാപനങ്ങളുംവേണ്ട സൗകര്യങ്ങൾ ഒരുക്കും. ഫയർ ഫോഴ്സ് സ്കൂളുകൾ അണുവിമുക്തമാക്കും.

ജില്ലാ പഞ്ചായത്തിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് ആവശ്യമുള്ള സാനിറ്റൈസറുകൾ ജില്ലാ പഞ്ചായത്ത് നൽകും. സ്കൂളുകൾക്കുള്ള സാനിറ്റൈസർ ബോട്ടിലുകൾ 25ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കൈമാറും. അന്നേദിവസം തന്നെ സാനിറ്റൈസറുകൾ സ്കൂളുകളിൽ എത്തിക്കും. രക്ഷകർത്താക്കളുടെയും കുട്ടികളുടെയും സംശയനിവാരണത്തിനും സഹായത്തിനും അടിയന്തരഘട്ടങ്ങളിൽ ഇടപെടുന്നതിനും വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫിസിൽ വാർ റൂം ക്രമീകരിച്ചിട്ടുണ്ട്. യാത്രാ സഹായ സൗകര്യം ഉൾപ്പെടെ പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് എല്ലാ ജില്ലാ പഞ്ചായത്ത് മെമ്പർമാരും പഞ്ചായത്ത് പ്രസിഡന്റുമാരും മറ്റ്തദ്ദേശ സ്ഥാപന ജനപ്രതിനിധികളും സജീവമായി ഇടപെടണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അഭ്യർഥിച്ചു. അവലോകന യോഗത്തിൽ വൈസ് പ്രസിഡന്റ് ഡോ. ശോഭാ സലിമോൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സഖറിയാസ് കുതിരവേലിൽ, വിദ്യാഭ്യാസ ഉപഡയറക്ടർ സി കെ രാജ്, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജില്ലാ കോർഡിനേറ്റർ കെ ജെ പ്രസാദ് എന്നിവർ പങ്കെടുത്തു.

## ബസുകളിൽ കൂടുതൽ ആൾക്കാരെ കയറ്റുന്നതായി പരാതി

**പൊൻകുന്നം:** സ്വകാര്യ ബസുകളിൽ കോവിഡ് നിബന്ധനകൾ പാലിക്കാതെ കൂടുതൽ ആൾക്കാരെ കയറ്റുന്നതായി കെഎസ്ആർടിസി ജീവനക്കാരുടെ പരാതി. ഇരുവശത്തും രണ്ടു സീറ്റുകൾ വീതമുള്ള സ്വകാര്യ ബസുകളിൽ 18 യാത്രക്കാരെ മാത്രമേ കൊണ്ടു പോകാനാവൂ.

ഇത് പാലിക്കുന്നില്ലെന്നാണ് കെഎസ്ആർടിസി എംപ്ലോയീസ് യൂണിയൻ ജില്ലാകളക്ടർക്കും മോട്ടോർ വാഹനവകുപ്പിനും പരാതി നൽകിയത്.രണ്ടുപേർക്കുള്ള സീറ്റിൽ ഒരാളും മൂന്നുപേരുടെ സീറ്റിൽ രണ്ടുപേരും എന്നാണ് സർക്കാർ നിർദേശം.

കെഎസ്ആർടിസിയിൽ ഇപ്രകാരം പരമാവധി 31 യാത്രക്കാരെയാണ് അനുവദിക്കുന്നതെന്ന് യൂണിയൻ യൂണിറ്റ് സെക്രട്ടറി കെ.എസ്. സജീവ് പറഞ്ഞു.

## ഓടകൾ വൃത്തിയാക്കണം

**പൈക:** നവീകരിച്ച പാലാ-പൊൻകുന്നംസംസ്ഥാന ഹൈവേയുടെഓടകൾ മണ്ണും കല്ലും നിറഞ്ഞ് വെള്ളമൊഴുക്ക്തടസപ്പെടുത്തി റോഡിൽക്കൂടിവെള്ളം ഒഴുകുന്നഅവസ്ഥയിലാണ്. അതിനാൽപിഡബ്ല്യുഡി ഇടപെട്ട് ഓടകൾ നവീകരിക്കുകയുംവഴിവിളക്കുകൾ അടിയന്തരമായിനന്നാക്കുകയും ചെയ്യണമെന്ന് യൂത്ത് ഫ്രണ്ട്-എംഎലിക്കുളം മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു.



കോവിഡ് കാലത്തെ കെ.എസ്.ഇ.ബി യുടെ പകൽകൊള്ളക്കെതിരെ പെരുവന്താനം വാർഡ് കോൺഗ്രസ് കമ്മറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വെദ്യുത ബിൽ കത്തിക്കൽ പ്രതിഷേധം ഏലപ്പാറ ബ്ലോക് കോൺഗ്രസ് പ്രസിഡന്റ് ഷാജഹാൻ മീത്തിൽ ഉദ്ഘാടനം ചെയ്യുന്നു വാർഡ് കോൺഗ്രസ് പ്രസിഡന്റ് ഷിയാസ് മൂത്തേടത്ത്, ബ്ലോക് സെക്രട്ടറി എൻ.എ വഹാബ്, പ്രവാസി കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് അസീം കുളത്തുങ്കൽ എന്നിവർ പങ്കെടുത്തു

## സർക്കാരിന്റെ നാലാം വാർഷികം വഞ്ചനാദിനമായി പ്രതിഷേധിച്ചു

**കല്ലറ :** പിണറായി സർക്കാറിന്റെ നാലാം വാർഷികം മെയ് 25 വഞ്ചനാദിനമായി പ്രഖ്യാപിച്ചു കൊണ്ട് യുവമോർച്ച കല്ലറ പഞ്ചായത്ത് ഓഫീസിനു മുന്നിൽ വാ മൂടി കെട്ടി പ്രതിഷേധിച്ചു..യുവമോർച്ച പഞ്ചായത്ത് പ്രസിഡന്റ് അനുജിത് കെ എസ് അധ്യക്ഷത വഹിച്ച പ്രതിഷേധയോഗം ന്യൂനപക്ഷ മോർച്ച വൈക്കം നിയോജകമണ്ഡലം പ്രസിഡന്റ് ജോയ് കല്പകശ്ശേരിയിൽ ഉത്ഘാടനം ചെയ്തു. അഞ്ചു ലക്ഷം തൊഴിൽ വാഗ്ദാനം ചെയ്ത പിണറായി സർക്കാർ 500 പേർക്ക് പോലും ജോലി നൽകുന്നില്ല എന്നും യുവജന വഞ്ചകരായ പിണറായി സർക്കാരിന്റെ സ്ഥാനം ചവറ്റു കൊട്ടയിൽ ആണെന്നും അദ്ദേഹം അവകാശപ്പെട്ടു...യുവമോർച്ച പഞ്ചായത്ത് ജനറൽ സെക്രട്ടറി നിജിൽ കെ ജി, വൈസ് പ്രസിഡന്റ് വിനീഷ് വിജയൻ, കമ്മിറ്റി അംഗം സനീഷ് കെ സി, അരുൺ എന്നിവർ നേതൃത്വം നൽകി.



*നാട്ടിൽപോകാൻ വാഹന സൗകര്യം ആവശ്യപ്പെട്ട്ഈ രാറ്റുപേട്ട വില്ലേജാഫീസ് അന്യസംസ്ഥാന തൊഴിലാളികൾ ഉപരോധിക്കുന്നു.*

## കൊടിമര പ്രതിഷ്ഠയും പരിഹാര ക്രിയകളും മാറ്റിവച്ചു

*കടുത്തുരുത്തി : തളിയിൽ മഹാദേവ ക്ഷേത്രത്തിൽ ജൂൺ 29 ന് നടത്താനിരുന്ന കൊടിമര പ്രതിഷ്ഠയും പരിഹാര ക്രിയകളുടെ മൂന്നാം ഘട്ടവും ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ മാറ്റി വച്ചതായി ക്ഷേത്രോപദേശക സമിതി ഭാരവാഹികൾ അറിയിച്ചു.*



## കാർഷിക പമ്പുകൾ മാറ്റാൻ അവസരം

**ഇടുക്കി :**സംസ്ഥാന സർക്കാരിന്റെ ഊർജ്ജവകുപ്പിന് കീഴിലുള്ള അനെർട്ട് ജങ ഗഡടഡങ പദ്ധതി പ്രകാരം കാർഷിക പമ്പുകൾ സോളാറിലേക്ക് മാറ്റുന്ന പദ്ധതിയിൽ കൃഷി ഓഫീസുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബിയിൽ നിന്നും കാർഷിക കണക്ഷനായി എടുത്ത് പ്രവർത്തിക്കുന്ന പമ്പുകൾ സോളാർ സംവിധാനത്തിലേക്ക് മാറ്റാൻ അവസരം. ഊർജ്ജവകുപ്പിന്റെ കീഴിലുള്ള അനെർട്ടിന്റെ ജില്ലാ ഓഫീസുകളിൽ ബന്ധപ്പെട്ട് കർഷകർ ഉപയോഗിക്കുന്ന പമ്പുസെറ്റുകൾ സോളാർ സംവിധാനത്തിലേക്ക് മാറ്റുന്നതിനും ഉപയോഗം കഴിഞ്ഞ് അധികമായി ലഭിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി ഗ്രിഡിലേക്ക് നൽകി കർഷകർക്ക് അധിക വരുമാനം ഉണ്ടാക്കാൻ സാധിക്കും. 1 എച്ച്.പി മുതൽ 10 എച്ച്.പി വരെയുള്ള പമ്പുകൾ സോളാർ സംവിധാനത്തിലേക്ക് മാറ്റാം. 1 എച്ച്.പി ശേഷിക്ക് കുറഞ്ഞത് 1 കിലോവാട്ട് എന്ന കണക്കിന് സോളാർ പാനലുകൾ സ്ഥാപിക്കാം. പമ്പ് കപ്പാസിറ്റിയുടെ ഒന്നര മടങ്ങ് പരമാവധി സോളാർ പാനലുകൾ സ്ഥാപിക്കാം. 1 എച്ച്.പി പമ്പ് സോളാർ സംവിധാനത്തിലേക്ക് മാറ്റുന്നതിന് 54,000 രൂപയാണ് ചെലവ്. അതിൽ 60 ശതമാനം തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ സബ്സിഡിയായി നൽകും. 1 കിലോവാട്ട് സോളാർ പാനലിൽ നിന്നും 4-5 യൂണിറ്റ് വൈദ്യുതി ലഭിക്കും. രാവിലെ 7 മുതൽ വൈകിട്ട് 5 വരെ പമ്പുകൾ തുടർച്ചയായി ഉപയോഗിക്കാം. പദ്ധതിക്കായി അനെർട്ട് ഗുണനിലവാരം ഉറപ്പുവരുത്തി ഏജൻസികളുടെ എംപാനൽമെന്റ് ലിസ്റ്റ് തയ്യാറാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. കർഷകർ അവർക്ക് ഇഷ്ടമുള്ള ഏജൻസികളെ തെരഞ്ഞെടുത്ത് സോളാർ പാനലുകൾ സ്ഥാപിക്കാം. കർഷകർ 60 ശതമാനം സബ്സിഡി കുറച്ചുള്ള 40 ശതമാനം തുക അനെർട്ടിന്റെ ജില്ലാ ഓഫീസുകളിൽ നൽകിയാൽ മതി. വിവരങ്ങൾക്ക് ഫോൺ 04862-235152, 9188119406.

# സുഭിക്ഷ കേരളം പദ്ധതി; പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്ത കൈവരിക്കാനാകുമെന്ന് മന്ത്രി എം.എം. മണി

**ഇടുക്കി :** സംസ്ഥാന സർക്കാർ നടപ്പാക്കുന്ന സുഭിക്ഷ കേരളം പദ്ധതിയിലൂടെ കേരളത്തിൽ പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനാവുമെന്ന് മന്ത്രി എം.എം.മണി. പദ്ധതിയുടെ ഇടുക്കി ജില്ലാ തല ഉദ്ഘാടനം അരിക്കുഴയിലെ ഇടുക്കി ജില്ലാ കൃഷിത്തോട്ടത്തിൽ നടത്തി. ഫലവൃക്ഷ തൈകളും കിഴങ്ങ് വർഗ്ഗവിളകളും നട്ടുകൊണ്ട് സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി എം.എം. മണി പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു.

സംസ്ഥാനത്ത് ഭക്ഷ്യ ക്ഷാമം ഉണ്ടാവാതിരിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ചിരിക്കുന്നതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു. ലോക്ക് ഡൗണിനെ തുടർന്ന് കാർഷിക മേഖലയിലും ഉൽപ്പാദന കുറവുണ്ടാകും. ഇത് ഭാവിയിൽ പച്ചക്കറി ഉൾപ്പെടെയുള്ളവയുടെ ലഭ്യതക്കുറവിനിടയാക്കും. ഇതിനെ ഒരു പരിധിവരെ മറികടക്കാൻ സംസ്ഥാനത്തൊട്ടാകെ നടപ്പാക്കുന്ന സുഭിക്ഷ കേരളം പദ്ധതിക്കാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. സുഭിക്ഷ കേരളം പദ്ധതിക്കായി സർക്കാർ പ്രത്യേകം ഫണ്ട് മാറ്റി വച്ചിട്ടുണ്ടെന്നും മന്ത്രി എം.എം. മണി അറിയിച്ചു.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കുമാരി കൊച്ചുത്രേസ്യാ പൗലോസ് അദ്ധ്യക്ഷയായി. ഇടുക്കി എം.പി. ഡീൻ കുര്യാക്കോസ്, ജില്ലാ കളക്ടർ എച്ച്.ദിനേശൻ, തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സിനോജ് എരിച്ചിരിക്കാട്ട്, ജില്ലാ കൃഷി ഓഫീസർ ബാബു.ടി.ജോർജ്, അഗ്രികൾച്ചർ ഡെപ്യൂട്ടി ഡയറക്ടർ സുലോചന, അരിക്കുഴ കൃഷി ഫാം സൂപ്രണ്ട് റീലമ്മ, വിവിധ ജനപ്രതിനിധികൾ, കൃഷി ഉദ്യോഗസ്ഥർ, ഫാം തൊഴിലാളികൾ തുടങ്ങിയവർ സംസാരിച്ചു. കോവിഡ് 19 പശ്ചാത്തലത്തിൽ ലോക്ക് ഡൗൺ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരുന്നു ചടങ്ങ് സംഘടിപ്പിച്ചത്. സുഭിക്ഷ കേരളം പദ്ധതി പ്രകാരം അരിക്കുഴ കൃഷി ഫാമിൽ ആറേക്കർ സ്ഥലത്താണ് കൃഷിയിറക്കുക. നാലേക്കർ സ്ഥലത്ത് ആറ് മുതൽ എട്ട് മാസത്തിനുള്ളിൽ വിളവെടുക്കാവുന്ന കപ്പ കൃഷി ചെയ്യും. ചേനയും ചേമ്പും ഒരേക്കർ വീതമാണ് കൃഷിയിറക്കുക. ബാക്കിയുള്ള സ്ഥലങ്ങളിൽ വിവിധയിനം പച്ചക്കറികളും കൃഷി ചെയ്യുന്നുണ്ട്. വിളവെടുക്കുന്ന പച്ചക്കറികളും കിഴങ്ങുകളും പൊതുമാർക്കറ്റുകൾ വഴി വിപണിയിലെത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് ഫാം അധികൃതർ പറഞ്ഞു. ഇതു കൂടാതെ 'ഒരു കോടി ഫലവൃക്ഷത്തൈ' വിതരണത്തിന്റെ ഭാഗമായി ജില്ലയിലെ കൃഷി ഭവനുകളിൽ വിതരണം ചെയ്യുന്നതിനായി 2.25 ലക്ഷം ഫലവൃക്ഷ തൈകൾ അരിക്കുഴ കൃഷി ഫാമിൽ നിന്നുമാണ് ഉൽപാദിപ്പിച്ചത്. ലോക്ക് ഡൗൺ സമയത്ത് ഫാമിൽ ഉൽപാദിപ്പിച്ച 14000 പച്ചക്കറി വിത്ത് പാക്കറ്റുകൾ കൃഷിഭവനുകൾ വഴി വിതരണം ചെയ്തിരുന്നു. ഇതോടൊപ്പം പച്ചക്കറി വിത്തുകളും ഫലവർഗ വിളകളും ഫാമിൽ നിന്നും വിൽപ്പനയും നടത്തുന്നുണ്ട്.



*സുഭിക്ഷ കേരളം പദ്ധതിയുടെ ജില്ലാ തല ഉദ്ഘാടനം അരിക്കുഴയിലെ ഇടുക്കി ജില്ലാ കൃഷിത്തോട്ടത്തിൽ ഫലവൃക്ഷ തൈകളും കിഴങ്ങ് വർഗ്ഗവിളകളും നട്ടുകൊണ്ട് മന്ത്രി എം.എം. മണി നിർവഹിക്കുന്നു.*

## മുതിർന്നവരുടെ മാനസിക ഉല്ലാസത്തിന് വയോജന ക്ലബ്ബുമായി രാജകുമാരി ഗ്രാമപഞ്ചായത്ത്

**ഇടുക്കി :**മുതിർന്ന പൗരന്മാർക്കു മാനസികോല്ലാസത്തിനു വേണ്ടി രാജകുമാരി ഗ്രാമപഞ്ചായത്തിൽ പകൽ വീട് വയോജന വിശ്രമ കേന്ദ്രം ആരംഭിച്ചു. വയോജന വിശ്രമ കേന്ദ്രത്തിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടിസ്സി ബിനു നിർവഹിച്ചു. 60 വയസിനു മുകളിലുള്ളവർക്ക് ഒഴിവുസമയങ്ങളിൽ ഒത്തുകൂടാൻ ഇവിടെ സൗകര്യമുണ്ട്. ചെസ്സ്, ക്യാരംസ് മുതലായ വിനോദോപാധികളും ടെലിവിഷനും പത്ര-മാസികകളും ക്ലബ്ബിൽ സജ്ജീകരിച്ചിട്ടുണ്ട്. വയോജന ക്ഷേമത്തിന് പ്രാധാന്യം നൽകിയായിരിക്കും ക്ലബിന്റെ പ്രവർത്തനം. ലോക്ക് ഡൗണിന് ശേഷം പൂർണ്ണമായി പ്രവർത്തനം തുടങ്ങുന്ന ക്ലബ്ബിൽ പഞ്ചായത്തിലെ എല്ലാ മുതിർന്ന പൗരന്മാർക്കും സൗജന്യ അംഗത്വം ലഭിക്കും. പകൽ 2 മണി മുതൽ വൈകിട്ട് 7 മണി വരെയാണ് വയോജന വിശ്രമ കേന്ദ്രത്തിന്റെ പ്രവർത്തനം. രാജകുമാരി യംഗ്സ് മെൻസ് ക്ലബ് സൗജന്യമായി പഞ്ചായത്തിന് വിട്ടു നൽകിയ രണ്ട് സെന്റ് സ്ഥലത്താണ് 20 ലക്ഷം മുതൽ മുടക്കിൽ പഞ്ചായത്ത് പുതിയ കെട്ടിടം നിർമിച്ചത്. 1975 ൽ 48 യുവാക്കൾ ചേർന്നാണ് രാജകുമാരി യംഗ്സ് മെൻസ് ക്ലബ് തുടങ്ങിയത്. ക്ലബിന് സ്വന്തമായി കെട്ടിടം വേണമെന്ന ആഗ്രഹത്തിൽ 1975 ൽ 250 രൂപക്കാണ് ടൗണിൽ സ്ഥലം വാങ്ങിയത്. പലകാരണങ്ങളാലും നിർമ്മാണം നടക്കാതായതോടെ അന്നത്തെ സ്ഥാപക അംഗങ്ങൾ സ്ഥലം സൗജന്യമായി പഞ്ചായത്തിന് കൈമാറി. പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിൽ ഒരു മുറി വയോജനങ്ങൾക്കായി നൽകണമെന്നും ആവശ്യപ്പെട്ടു. ആവശ്യം അംഗീകരിച്ച് സ്ഥലം ഏറ്റടുത്ത പഞ്ചായത്ത് ഇരുനില കെട്ടിടം നിർമ്മിക്കുകയും ഒരു നിലയിൽ വയോജന ക്ലബും ആരംഭിച്ചു. രാജകുമാരി ടൗൺ ക്ലബിന് പുറമേ പഞ്ചായത്തിൽ കുരുവിളാ സിറ്റി, ഖജനാപ്പാറ എന്നിവിടങ്ങളിലും വയോജന ക്ലബുകൾ ആരംഭിക്കും. ക്ലബിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി പഞ്ചായത്തംഗങ്ങളും, യംഗ്സ് മെൻസ്ക്ലബ് അംഗങ്ങളുമടങ്ങിയ അഞ്ചംഗ സമിതിയും രൂപികരിച്ചിട്ടുണ്ട്.

പകൽ വീട് വയോജന ക്ലബിൽ ചേർന്ന യോഗത്തിൽ വൈസ് പ്രസിഡന്റ് ജയമോൾ ഷാജി അധ്യക്ഷത വഹിച്ചു. വികസന കാര്യ സ്ഥിരം സമിതി അധ്യക്ഷൻ പി.പി ജോയി സ്വാഗതവും, ആരോഗ്യ വിദ്യാഭ്യാസ സ്ഥിരസമിതി അധ്യക്ഷൻ കെ.കെ തങ്കച്ചൻ കൃതജ്ഞതയും രേഖപ്പെടുത്തി. ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ സുമ സുരേന്ദ്രൻ, പഞ്ചായത്തംഗങ്ങളായ പി.ടി എൽദോ, വർഗീസ് ആറ്റുപുറം, പഞ്ചായത്ത് സെക്രട്ടറി നിസ്സാർ സി.എ, അസിസ്റ്റന്റ് സെക്രട്ടറി മനോജ്, യംഗ്സ് മെൻസ് സ്ഥാപക സമിതി അംഗം വർഗീസ് മംഗലത്ത് എന്നവർ സംസാരിച്ചു.



*രാജകുമാരി പകൽവീട് വയോജന വിശ്രമ കേന്ദ്രത്തിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ടിസ്സി ബിനു നിർവഹിക്കുന്നു.*

## അപേക്ഷ ക്ഷണിച്ചു

**ഇടുക്കി :** പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനു ക്ഷീരവികസനവകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന മിൽക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു.താല്പര്യമുള്ള ക്ഷീരകർഷകർ ജൂൺ 10 നു മുൻപ് കൂടുതൽ വിവരങ്ങൾക്ക് ക്ഷീര വികസന യൂണിറ്റുകളുമായി ബന്ധപ്പെടണം.

## അണക്കരയും ഏലപ്പാറയും ഇനി സ്മാർട്ട് വില്ലേജുകൾ

**ഇടുക്കി :** ജില്ലയിലെ അണക്കര, ഏലപ്പാറ എന്നിവിടങ്ങളിലെ സ്മാർട്ട് വില്ലേജു ഓഫീസുകളുടെ ഉദ്ഘാടനം നടത്തി. വീഡിയോ കോൺഫ്രൻസ് വഴി നടത്തിയ ചടങ്ങിൽ റവന്യു- ഭവന നിർമ്മാണ വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ, വൈദ്യുതി വകുപ്പ് മന്ത്രി എം.എം. മണി എന്നിവർ ചേർന്നാണ് സ്മാർട്ട് വില്ലേജ് പ്രഖ്യാപനം നടത്തിയത്.

സംസ്ഥാന തലത്തിൽ 14 വില്ലേജുകളാണ് തിങ്കളാഴ്ച്ച മുതൽ സ്മാർട്ട് വില്ലേജുകളായി പ്രവർത്തനം തുടങ്ങിയത്. തിരുവനന്തപുരത്ത് നടന്ന സംസ്ഥാനതല ചടങ്ങ് മന്ത്രി ഇ. ചന്ദ്രശേഖരനും മണക്കാട് വില്ലേജ് ഓഫീസിൽ സംഘടിപ്പിച്ച ജില്ലാതല ചടങ്ങ് വൈദ്യുതി വകുപ്പ് മന്ത്രി എം.എം. മണിയും ഉദ്ഘാടനം ചെയ്തു. ഇതേ സമയം 14 വില്ലേജുകളിൽ നിന്നും അതത് പ്രദേശത്തെ മന്ത്രിമാരും, എം.എൽ.എ.മാരും പ്രതിപക്ഷ നേതാവും, ജില്ലാ കളക്ടർമാരും തഹസിൽദാർമാരും ഉൾപ്പെടെയുള്ള റവന്യൂ ഉദ്യോഗസ്ഥരും വീഡിയോ കോൺഫ്രൻസ് ഉദ്ഘാടന ചടങ്ങിൽ പങ്കാളികളായി.

ആധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളിൽ ജീവനക്കാർക്ക് സുഗമമായ ജോലി സാഹചര്യം സൃഷ്ടിക്കപ്പെടുന്നതിനൊപ്പം പൊതുജനങ്ങൾക്കും പ്രയോജന പ്രദമാകണമെന്ന് മന്ത്രി ഇ. ചന്ദ്രശേഖരൻ പറഞ്ഞു. ജനസൗഹൃദപരമായ സമീപനം ജീവനക്കാരുടെ ഭാഗത്തു നിന്നും ഉണ്ടാകണം. പൊതുജനങ്ങൾ ജീവനക്കാരോടും സഹകരിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ നിന്ന് ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെ വേഗത്തിലും മികവോടെയും സുതാര്യമായും സേവനങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്നും മന്ത്രി പറഞ്ഞു.

സർക്കാർ നടപടികൾ വേഗത്തിലും ലളിതമായും ജനങ്ങളിലേക്കെത്തിക്കാൻ സ്മാർട്ട് വില്ലേജുകൾ ഉപകരിക്കുമെന്ന് മന്ത്രി എം.എം.മണിയും പറഞ്ഞു. അപേക്ഷകളിൻമേൽ കാലതാമസം ഒഴിവാകുകയെന്നതാണ് പൊതുജനങ്ങളുടെ ആവശ്യം. ഇത് കൂടാതെ ജീവനക്കാർക്കും ഓഫീസുകളിലെത്തുന്ന പൊതുജനങ്ങൾക്കുമുള്ള അടിസ്ഥാന സൗകര്യങ്ങളും സ്മാർട്ട് വില്ലേജുകളിലൊരുക്കിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. ഇടുക്കി ജില്ലാ കളക്ടർ എച്ച്. ദിനേശനം മന്ത്രിയോടൊപ്പം മണക്കാട് വില്ലേജിലെ ചടങ്ങിൽ സംബന്ധിച്ചു.വിവര സാങ്കതികവിദ്യയുടെ പ്രയോജനം പൊതുജനങ്ങൾക്ക് വേഗത്തിലും കാര്യക്ഷമവുമായി എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ സ്മാർട്ട് വില്ലേജ് ഓഫീസ് സംവിധാനം ആവിഷ്കരിച്ചത്. ഇതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഇരിപ്പിടം, ഫ്രണ്ട് ഓഫീസ് സംവിധാനം, ടോയ്ലറ്റ്, ഓഫീസ് റൂം, ഡൈനിംഗ് റൂം തുടങ്ങ നിരവധി സൗകര്യങ്ങൾ സ്മാർട്ട് വില്ലേജുകളിലുണ്ടാവും. നാൽപ്പത് ലക്ഷം രൂപാ വീതം ഉപയോഗിച്ചായിരുന്നു ഏലപ്പാറ, അണക്കര വില്ലേജു ഓഫീസുകളുടെ ആധുനീകരണം.


ഏലപ്പാറ വില്ലേജ് ഓഫീസിൽ നിന്നും ഇ.എസ്. ബിജി മോൾ എം.എൽ.എ., ഡെപ്യൂട്ടി കളക്ടർ ഹരികുമാർ, പീരുമേട് തഹസിൽദാർ എം.കെ.ഷാജി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജാൻസി സണ്ണി, ഏലപ്പാറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആർ. രാജേന്ദ്രൻ, വില്ലേജ് ഓഫീസർ റ്റി.എൻ.ബീനാമ്മ എന്നിവരും അണക്കര വില്ലേജ് ഓഫീസിൽ നടന്ന ചടങ്ങിൽ ദേവികുളം സബ് കളക്ടർ പ്രേം കൃഷ്ണൻ, ഉടുമ്പൻചോല അഡീ. തഹസിൽദാർ ജോസഫ്.കെ.എസ്., ജില്ലാ പഞ്ചായത്തംഗം സാബു വയലിൽ, വില്ലേജ് ഓഫീസർ സഞ്ചിത്ത്.സി. എന്നിവരും അതാത് വില്ലേജുകളിൽ നിന്നും തൽസമയം വീഡിയോ കോൺഫ്രൻസിൽ പങ്കെടുത്തു.

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ

രാഹുകാലം : 03.30 to 04.30 pm
ഗുളികകാലം : 12.00 to 01.30 pm
യമകണ്ടകകാലം : 09.00 to 10.30 am
സുഹർ: 12.11 അസർ: 3.31 മഗ്‌രിബ്: 6.00
ഇശാഅ്: 7.13 സുബ്ഹി: 5.09 ഉദയം: 6.22

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



സ്വയം കണ്ടെത്താനുള്ള ഏറ്റവും നല്ല മാർഗം മറ്റുള്ളവരുടെ സേവനത്തിൽ സ്വയം നഷ്ടപ്പെടുക എന്നതാണ്.

മഹാത്മാ ഗാന്ധി

## കേരളനാടിന്റെ തലയ്ക്ക് മേലെ ജല ബോംബ്

കോവിഡിനെ കാർക്കശ്യത്തോടെ കൈകാര്യം ചെയ്ത പിണറായി സർക്കാർ നാല് വർഷം പൂർത്തിയാക്കി ആഞ്ചാം വാർഷികത്തിലേയ്ക്ക് കടക്കുമ്പോൾ കോവിഡ് , മഴക്കാലപ്രളയം , പ്രളയരോഗങ്ങൾ മുതലായവ ഒരേസമയം വെല്ലുവിളി ഉയർത്തുന്ന ദുരന്തമുഖത്താണ് ഇപ്പോൾ കേരളം. ബഹുമുഖദുരന്തങ്ങളാണ് ഇന്ന് ലോകം മുഴുവൻ, നമ്മുടെ കേരളവും വിവിധദുരന്ത സാധ്യതകളുടെ പടിവാതിലിൽ എത്തിനിൽക്കുന്നു. സാമൂഹൂകമായ കെട്ട് ഉറപ്പും, ഇച്ഛാശക്തിയുമുള്ള കേരളത്തിന് എല്ലാത്തിനേയും മറികടക്കാനാവുമെന്ന് പ്രതീക്ഷിക്കാം. അതിജീവനത്തിന്റെ പുതിയ ഒരു കേരള മോഡൽ ദുരന്ത നിവാരണമാർഗ്ഗമാണ് നമുക്ക് വേണ്ടത്.

നിലവിൽ പിഴവുകൾ ഏറെയുണ്ടെന്ന് പറയാതെ വയ്യ. നദി- പരിസ്ഥിതി പരിപാലനത്തിനായി നീക്കി വെയ്ക്കേണ്ട റിവർ മാനേജ്മെന്റ് ഫണ്ട് സംസ്ഥാനം വകമാറ്റി ചിലവിട്ടതിനെപറ്റി പലവിമർശനങ്ങളും ഉയരുന്നു. പഞ്ചായത്ത്തല ജൈവവൈവിദ്ധ്യബോർഡുകൾ പൊതുവേ നിർജ്ജീവം.കാലവർഷത്തിന് മുമ്പുള്ള വേനൽ മഴ പതിവിന് വിരുദ്ധമായി ശക്തിയാർജ്ജിച്ച് വൻ നാശനഷ്ടങ്ങൾ ഉണ്ടാക്കി . 2018-19 ലും ഉണ്ടായതിലും വലിയ വെള്ളപൊക്കം വന്നേയ്ക്കാമെന്ന് വിദഗ്ദ്ധർ പറയുന്നു. നമ്മുടെ ഡാമുകൾ എത്രമാത്രം സുരക്ഷിതം ? സർക്കാർ എന്തെല്ലാം ഒരുക്കങ്ങൾ പ്രളയത്തെ നേരിടാൻ ചെയ്തു? ഈ കോവിഡ് കാലത്തും ജനമനസ്സിൽ ഉരുണ്ട് കൂടുന്ന ചോദ്യം നാടിനെ വീണ്ടും പ്രളയം വിഴുങ്ങുമോ? കൃത്യമായ ഉത്തരം നൽകാൻ ആകാത്തവിധം സങ്കീർണ്ണമാണ് ഇത്തവണത്തെ മഴക്കാലം. സംസ്ഥാനത്ത് ആകെ ജലം പരന്ന് ഒഴുകി കേരളം വെള്ളത്തിന്റെ ഒറ്റപാളി ആയേക്കാം 2018 ആഗസ്റ്റിൽ പെയ്ത ശരാശരി മഴ 821മില്ലിമീറ്റർ 2019 ആഗസ്റ്റിൽ ശരാശരി 951 മില്ലീമീറ്റർ. ഇത്തവണ 1000 മില്ലീമീറ്റർ പെയ്യുമോ? തലയ്ക്ക് മീതേ ജലബോംബു ഭീഷണിയിലാണ് ജനം ഇപ്പോൾ ദിവസം തള്ളി നീക്കുന്നത്. നാലോ അഞ്ചോ ദിവസം തുടർച്ചയായി കനത്ത മഴപെയ്താൽ ഭയാനകമായ സ്ഥിതി ഉണ്ടാകും. പുഴ ഒഴുകേണ്ട വഴിയെല്ലാം മൂടി കിടക്കുന്നു. പാടങ്ങൾ ഇഷ്ടിക ചൂളകളായി മാറി . മിക്ക ടൗണുകളിലും ഗ്രാമങ്ങളിലും വലിയ കെട്ടിടങ്ങൾ അംബരചുംബികളായി നിൽക്കുന്നു. മഴ തുടർച്ചയായി പെയ്താൽ നാട് നിറഞ്ഞ് കവിയുന്നസ്ഥിതി ഇതാണ് കേരളത്തിന്റെ ചിത്രം

> **കോവിഡിനെ കാർക്കശ്യത്തോടെ കൈകാര്യം ചെയ്ത പിണറായി സർക്കാർ അഞ്ചാം വാർഷികത്തിലേയ്ക്ക് കടക്കുമ്പോൾ കോവിഡ് , മഴക്കാലപ്രളയം , പ്രളയരോഗങ്ങൾ മുതലായവ ഒരേസമയം വെല്ലുവിളി ഉയർത്തുന്ന ദുരന്തമുഖത്താണ് ഇപ്പോൾ കേരളം**

അണക്കെട്ട് നില, ഉരുൾപൊട്ടൽ ഉൾപ്പെടെ ദുരന്തസാധ്യത, മണ്ണിടിച്ചിൽ, കൃഷിനാശസാധ്യത എന്നിവ മുന്നിൽ കണ്ട് കൊണ്ടുള്ള ഒരുക്കങ്ങൾക്ക് സമയം വൈകി. ഇടുക്കി ഡാമും അതുമായി ബന്ധപ്പെട്ട അണക്കെട്ടുകളും അതീവജാഗ്രതയോടെ പരിരക്ഷിക്കണം. ഇടുക്കിയിൽ സ്ഥാപി ച്ച ഭൂകമ്പമാപിനിയിലെ യന്ത്രങ്ങൾ തുരുമ്പെടുത്ത് നശിച്ചതിനാൽ അതിന്റെ പ്രവർത്തനം നിലച്ചിട്ട് നാളുകൾ ഏറെയായി. ഇതിന് പരിഹാരം കാണാൻ സർക്കാർ ചെറുവിരൽ പോലും അനക്കിയിട്ടില്ല. 1998 ലാണ് ഇംഗ്ലണ്ടിലെ ഒരു കമ്പനിഭൂകമ്പമാപിനി സ്ഥാപിച്ചത്. ഭൂകമ്പസാധ്യത പഠിക്കാനാണ് അത് സ്ഥാപിച്ചത്. 2018 ൽ ഇതിന്റെ പ്രവർത്തനം നിലയ്കുമെന്ന് കമ്പനി അന്നേ പറഞ്ഞിരുന്നു. പക്ഷെ ആരും അതേപറ്റി ശ്രദ്ധിച്ചിട്ടേയില്ല .2018ലും 2019ലും രണ്ട് പ്രളയങ്ങൾ ഉണ്ടായപ്പോൾ ഭൂകമ്പമാപിനി ചത്തതിന് ഒക്കുമേ ജീവിച്ചിരിക്കിലും എന്ന മട്ടിൽ പ്രവർത്തിച്ചു. പക്ഷെ ഇതിനോടകം 11 ചെറുകിട ഭൂകമ്പങ്ങൾ ഇടുക്കി മേഖലയിൽ ഉണ്ടായിട്ടും ഉദ്യോഗസ്ഥന്മാർ ശ്രദ്ധിച്ചില്ല. ഇംഗ്ലണ്ടിലെ കമ്പനിയുമായി കരാർ

പുതുക്കാനോ ഭൂകമ്പമാപിനിയുടെ കേടുപാടുകൾ തീർക്കാനോ തയ്യാറായതുമില്ല. ഡാമുകളുടെ സംഭരണനില മഴയ്ക്ക് മുമ്പ് ഗണ്യമായി കുറച്ചില്ലെങ്കിൽ അടുത്ത മഴക്കാലത്ത് (ജൂൺ-ജൂലൈ) ഡാം നിറഞ്ഞ് കവിയും അത് അപകടസാധ്യതയാണെന്ന് വിദഗ്ദധർ പറയുന്നു . പ്രളയമായാലും പനിയായാലും ദുരന്ത അതോറിറ്റിയാണ് സംസ്ഥാനത്തിന്റ കാവലാൾ. മൂടിക്കിടക്കുന്ന നദികളും കാനകളും ശരിയാക്കാൻ 11.38 കോടി അനുവദിച്ചെങ്കിലും പണികൾ മന്ദഗതിയിലാണ്. ജലസേചനവകുപ്പിന് 16 ഡാമുകളും 4 ബാരേജുകളും ഉണ്ട്. ഇതിന്റെ ശേഷി 1570.99 ദശലക്ഷം ഘനമീറ്റർ ആണ്. 12ഡാമുകളുടേയും സുരക്ഷയ്ക്കും മറ്റുമായി അടിയന്തര ആക്ഷൻ കൗൺസിൽ രൂപീകരിച്ച് കഴിഞ്ഞു. ചുരുങ്ങിയ സമയത്തിനുള്ളിൽ അവർക്ക് എന്ത് ചെയ്യാൻ കഴിയും? ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് 11 മീറ്റർ കൂടി ഉയർന്നാൽ ചെറുതോണി തുറക്കാനാണ് പരിപാടി. മൂലമറ്റത്ത് പൂർണ്ണതോതിൽ വൈദ്യുതി ഉദ്പാദിപ്പിക്കാൻ കഴിയാത്തതാണ് പ്രതിസന്ധി. പ്രളയനിയന്ത്രണത്തിന് നിലവിലുള്ള നടപടികൾ ഒന്നും പര്യാപ്തമല്ലെന്നാണ് നാട്ടുകാർ പറയുന്നത്. റൂൾകേർവ്, ഡാം തുറക്കാനുള്ള അടിസ്ഥാന പ്രവർത്തന നടപടിക്രമം എന്നിവ ഫലപ്രദമല്ലെന്നും നാട്ടുകാർക്ക് പരാതി . പ്രളയ ബാധിത പ്രദേശത്തെ ജനങ്ങൾ, വിദഗ്ദ്ധർ, പൊതുപ്രവർത്തകർ, തദ്ദേശഭരണപ്രവർത്തകർ തുടങ്ങിയവർ ഉൾപ്പെടുന്ന കമ്മറ്റികളാണ് പ്രളയ സമയത്ത് പ്രവർത്തിക്കേണ്ടത്. സർക്കാർ നയങ്ങളിൽ ആവിശ്യമായ തിരുത്തലുകൾ വരുത്തി ജനത്തിന്റെ ഭീതി പരിഹരിച്ചില്ലെങ്കിൽ കേരളം വെള്ളത്തിനടിയിലാകും.



# ആഘോഷമില്ലാതെ വാർഷികം

# അഞ്ചുവർഷത്തെ ലക്ഷ്യം നാലുവർഷം കൊണ്ടുനേടി

**തിരുവനന്തപുരം:** അഞ്ചുവർഷത്തെ ലക്ഷ്യം നാലുവർഷം കൊണ്ടുനേടാനായെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരളം ആർജ്ജിച്ച പുരോഗതി കോവിഡ് പ്രതിരോധത്തിന് സഹായമായെന്നും അഞ്ചാം വർഷത്തിലേയ്ക്ക് കടക്കുന്ന സർക്കാരിന്റെ ഭരണനേട്ടങ്ങൾ വിശദീകരിച്ച് അദ്ദേഹം പറഞ്ഞു.

ഓഖിയും നിപയും പ്രളയവും നമ്മൾ നേരിട്ടു. ഒരോ വർഷവും പുതിയ പ്രതിസന്ധിയോട് നേരിട്ട് പൊരുതിയാണ് കടന്നുപോന്നത്. ഒരു ഘട്ടത്തിലും പകച്ച് നിന്നില്ല. ലക്ഷ്യങ്ങളിൽ നിന്ന് തെന്നിമാറിയിട്ടുമില്ല. ആരോഗ്യവും വിദ്യാഭ്യാസവും ആത്മാഭിമാനവും ഹരിതാഭയുമുള്ള നവകേരളത്തിന്റെ സൃഷ്ടിയാണ് സർക്കാരിന്റെ ലക്ഷ്യം;അദ്ദേഹം വിശദീകരിച്ചു ലൈഫ് മിഷനിലൂടെ 2,19,154 വീടുകൾ നിർമിക്കാനായി. 2,19,154 കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ള പാർപ്പിടം ലഭ്യമായി എന്നതാണിതിനർഥം. ഭൂമി ഇല്ലാത്തവർക്ക്, ഭൂമിയും വീടുമില്ലാത്തവർക്ക് പാർപ്പിട സമുച്ചയവും ഉയർത്താനുള്ള നടപടി ആരംഭിച്ചു. ഈ വർഷം പൂർത്തീകരിക്കാനാണ് ലക്ഷ്യം. മത്സ്യത്തൊഴിലാളികൾക്ക് പ്രാണഭയമില്ലാതെ അന്തിയുറങ്ങാർ പുനർഗേഹം പദ്ധതി ആവിഷ്ക്കരിക്കാൻ കഴിഞ്ഞത് നേട്ടമാണ്.1,43,000 പട്ടയം നൽകിക്കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 15 ശതമാനം വർധനവ് ചെലവുകളിൽ ഉണ്ടാകുമെന്നാണ് കരുതുന്നത്. ഇവിടെയാണ് കേന്ദ്രത്തിൽനിന്ന് അർഹമായ സഹായം ലഭ്യമാകേണ്ടത്.

50,000 കോടി രൂപയുടെ പശ്ചാത്തല സൗകര്യ വികസനത്തിന് ബജറ്റിന് പുറത്ത് പണം കണ്ടെത്തി നടപ്പാക്കനാണ് ഉദ്ദേശിച്ചത്. മസാല ബോണ്ടുകൾ വഴി 2150 കോടി സമാഹരിക്കാനായി. കിഫ്ബി മുഖേന സാധാരണ വികസനത്തിന്റെ അഞ്ചിരട്ടി മുന്നേറ്റം ഉണ്ടാക്കാനാണ് സാധിക്കുന്നത്.

പൊലീസിൽ വനിതാ പ്രാധിനിത്യം 25 ശതമാനം ആക്കണമെന്നാണ് കാണുന്നത്. നാല് വർഷം കൊണ്ട് പൊതുവിദ്യാലയങ്ങളിൽ കുട്ടികൾ വർദ്ധിച്ചു. 5 ലക്ഷം കുട്ടികൾ പൊതുവിദ്യാലങ്ങളിലേക്ക് പുതുതായി എത്തി. 45,000 ക്ലാസ് മുറികൾ ഹൈടെക്ക് ആക്കി

കുടുംബശ്രീക്ക് റിക്കാർഡ് വളർച്ചയാണ് ഉണ്ടായത്. പട്ടികജാതി കടാശ്വാസപദ്ധതിയിൽ കടം എഴുതി തള്ളി. പൊലീസിലും എക്സൈസിലും 100 വീതം പട്ടിക ജാതിക്കാരെ നിയമിച്ചു. വിവിര സാങ്കേതികത്ത്വത്തിൽ അധിഷ്ഠിതമായ 1600 ലധികം സ്റ്റാർട്ട് അപ്പുകൾ. 2 ലക്ഷത്തിലധികം ഇൻകുബേഷൻ സ്പേസ് എന്നിവ ഇന്ന് കേരത്തിലുണ്ട്.സ്റ്റാർട്ട് അപ്പുകൾക്കും മറ്റും അനുകൂലമായ സൗകര്യങ്ങൾ ഒരുക്കുകയാണ്. സൗജന്യ വൈഫൈ എല്ലാ പൊതു ഇടങ്ങളിലും ലൈബ്രറികളിലും ലഭ്യമാക്കണം എന്നാണ് ഉദ്ദേശിക്കുന്നത്.കേരളത്തിൽ രാജ്യത്തെ എറ്റവും മികച്ച സ്റ്റാർട്ട് അപ്പ് എക്കോസിസ്റ്റമാണുള്ളത്. രാജ്യത്തെ തന്നെ ഏറ്റവും വലിയ സംയോജിത സ്റ്റാർട്ട് അപ് സമുച്ചയം കൊച്ചിയിൽ ആരംഭിച്ചു.

വ്യാവസായിക രംഗം, നിക്ഷേപ രംഗത്ത് വലിയ മുന്നേറ്റം സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. സർക്കാർ അധികാരമേൽക്കുന്ന ഘട്ടത്തിൽ പെതാമേഖലാ വ്യവസായത്തിന്റെ നഷ്ടം 131 കോടിയായിരുന്നു.. 2019 - 20 ൽ 56 കോടി ലാഭം ഉണ്ട്.പുതിയ 14 വ്യവസായ പാർക്കുകൾ തയ്യാറായി വരികയാണ്. അത് നല്ലതുപോലെ വ്യവസായങ്ങളെ ആകർഷിക്കും. മുഖ്യമന്ത്രി വിശദീകരിച്ചു.

# നാല് വർഷത്തെ ഭരണം അഭിമാനകരം

## പ്രതിപക്ഷത്തിന്റേത് ദുരന്ത കാലത്ത് പോലും സഹകരിക്കാത്ത നിലപാട്, വർഗീയ ശക്തികൾക്ക് അഴിഞ്ഞാടാനുള്ള മണ്ണല്ല കേരളമെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:** വിഷമകരമായ സാഹചര്യമുണ്ടെങ്കിൽ പോലും നാല് വർഷത്തെ ഭരണം അഭിമാനകരമായാണ് സർക്കാർ പൂർത്തിയാക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ശരാശരി 39 പേരാണ് ദിവസവും കൊവിഡ് ബാധിച്ച് ആശുപത്രിയിലാകുന്നത്. ജൂണിൽ മഴ തുടങ്ങുകയും മഴക്കാല രോഗങ്ങൾ വരുകയും ചെയ്താൽ കുടുതൽ സൗകര്യങ്ങൾ വേണ്ടിവരും. അതിനുള്ള ഒരുക്കങ്ങളാണ് സർക്കാർ നടത്തുന്നത്.

വരുന്നവർ അവരെ കുറിച്ചുള്ള വിവരം മുൻകൂട്ടി സംസ്ഥാനത്തെ അറിയിക്കണം. എല്ലാവരും സർക്കാർ നിർദേശത്തിനൊപ്പം അണിചേരാൻ തയ്യാറാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഒരു സർക്കാർ പ്രവർത്തിക്കുന്നതിനിടയ്ക്ക് വിവിധ കാര്യങ്ങൾ സംഭവിക്കും. എന്നാൽ മൊത്തത്തിൽ നല്ലതായാണ് അവസാനിച്ചത്. സർക്കാരിനെതിരായ വന്ന വിവാദങ്ങളൊക്കെയും അവസാനിച്ചപ്പോൾ കഴമ്പില്ലായിരുന്നു.

റീബിൽഡ് കേരളയുമായ ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ട് പോവുകയാണ്. എന്നാൽ കോവിഡ് അതിനൊരു തടസമായി. എന്നാൽ ആ തടസങ്ങൾ നീക്കി കാര്യങ്ങൾ ഫലപ്രദമായി നീങ്ങുകയാണ്. ഓരോ കേസിലെ പുരോഗതിയെന്താണെന്ന് തനിക്ക് പറയാനാകില്ലെന്ന് സോളാർകേസുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകി. വിജിലൻസ് സ്വതന്ത്രമായാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്.

പരമ്പരാഗത വ്യവസായങ്ങളുടെ കാര്യത്തിൽ അതിനെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ എടുത്തതെന്നും മുഖ്യമന്ത്രി പറഞ്ഞു. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്ന ശേഷം നല്ല പുരോഗതി കശുവണ്ടികയർ മേഖലകളിൽ ഉണ്ടായിട്ടുണ്ട്. ഓരോ രംഗത്തെയും അഭിവൃദ്ധിപ്പെടുത്തുന്ന നടപടിയാണ് സർക്കാർ നടത്തിയതെന്നും അദ്ദേഹം പറഞ്ഞു.

മാലിന്യ സംസ്കരണത്തിൽ ആവശ്യത്തിനനുസരിച്ചുള്ള പുരോഗതി സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. എതിർപ്പുകൾ കാരണം ഉറവിട മാലിന്യ സംസ്ക്കരണം പലയിടത്തും നടപ്പായിട്ടില്ല. വൻ നഗരങ്ങഴിൽ നല്ല രീതിയിലുള്ള പദ്ധതികൾ വേണം. അതിനുവേണ്ടിയുള്ള സ്ഥലങ്ങൾ സർക്കാർ കണ്ടെത്തിയിട്ടുണ്ട്.

പ്രതിപക്ഷം പ്രവർത്തിക്കുന്നത് കേരളമാകെ കണ്ടുകൊണ്ടിരിക്കുകയാണ്. നാട് വളരുന്നതിന് എല്ലാവരുടെയും സഹകരണം വേണം. നാല് വർഷത്തിൽ ഒരു ഘട്ടത്തിൽ പോലും പ്രതിപക്ഷം സഹകരിച്ചില്ല. ദുരന്ത കാലത്ത് പോലും ആ നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്. തിരുത്തിയാൽ അവർക്കാണ് നല്ലത്. ചെയ്യുന്ന നല്ല കാര്യങ്ങൾക്ക് സർവ്വ പിന്തണയുണ്ടാകുമെന്ന് പ്രതിപക്ഷത്തുള്ള പലരും തന്നോട് പറഞ്ഞിട്ടുണ്ട്. പറഞ്ഞത് കോൺഗ്രസുകാരല്ലെന്നും അവിടെ തർക്കമുണ്ടാക്കേണ്ടയെന്നും മുഖ്യമന്ത്രി പറഞ്ഞു.

വർഗീയ ശക്തികൾ പലപ്പോഴും നാട്ടിലെ സിനിമരംഗത്തെ തടസപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ലക്ഷങ്ങൾ മുടക്കി കഴിഞ്ഞ മാർച്ചിൽ നിർമ്മിച്ച സെറ്റാണ് സംസ്ഥാനത്ത് ബജ്റംഗ്ദൾ എന്നുപറയുന്ന കൂട്ടർ പൊളിച്ചുവെന്ന് വാർത്തകൾ വന്നിരിക്കുന്നത്. ഈ വർഗീയശക്തികൾക്ക് അഴിഞ്ഞാടാനുള്ള മണ്ണല്ല കേരളമല്ല അവർ ഓർക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

അവിടെ നിന്ന് ആരെങ്കിലും വരുന്നോവെന്ന് നോക്കി നിൽക്കുന്ന മുന്നണിയല്ല എൽ.ഡി.എഫ്. വലതുപക്ഷത്തുള്ള പ്രീണിപ്പിക്കാൻ ഇടതുമുന്നണി ശ്രമിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. കേന്ദ്രത്തിൽ നിന്ന് ഫലപ്രദമായ സഹായം ലഭിക്കുക എന്നത് സംസ്ഥാനത്തിന്റെ അവകാശമാണ്. സംതൃപ്തമായ സംസ്ഥാനങ്ങളാണ് രാജ്യത്തിന് വേണ്ടത്. നിർഭാഗ്യവശാൽ കേന്ദ്രസമീപനം അങ്ങനെയായിരുന്നില്ല.

തദേശതിരഞ്ഞെടുപ്പ് നീട്ടിവയ്ക്കാനുള്ള ആലോചന സർക്കാരിനില്ല. നിയമസഭ തിരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇപ്പോൾ ചിന്തിക്കേണ്ട ആവശ്യമില്ല. ജനങ്ങൾ ഞങ്ങളോടൊപ്പം ഉണ്ടെന്ന് തന്നെയാണ് ഞങ്ങളുടെ വിശ്വാസമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# ജനദ്രോഹഭരണത്തിൽ മോദി പിണറായി സർക്കാരുകൾ ഇരട്ട സഹോദരങ്ങൾ: മുല്ലപ്പള്ളി

**തിരുവനന്തപുരം:** സംസ്ഥാനത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വൈദ്യുതി ചാർജ്ജ് മൂന്ന് മാസത്തേക്ക് പൂർണ്ണമായും സൗജന്യമാക്കാൻ സർക്കാർ തയ്യാറാകണമെന്ന് കെപിസിസി പ്രസിഡൻറ് മുല്ലപ്പള്ളി രാമചന്ദ്രൻ. എപിഎൽ കാർഡുകാരുടെ വൈദ്യുതി ചാർജ്ജ് 30 ശതമാനമായി കുറയ്ക്കാനും സംസ്ഥാന സർക്കാർ തയ്യാറാകണെന്നം അദ്ദേഹം ആവശ്യപ്പെടുന്നു.

കേന്ദ്ര സർക്കാരും 20 ലക്ഷം കോടിയുടെ തട്ടിപ്പ് പാക്കേജാണ് പ്രഖ്യാപിച്ചത്. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലച്ചു. സ്വകര്യമേഖലയ്ക്ക് രാജ്യം തീറെഴുതി. മോദിപിണറായി സർക്കാരുകൾ ദുരന്തമാണ്. ജനദ്രോഹഭരണത്തിൽ ഇരുവരും ഇരട്ട സഹോദരങ്ങളെപ്പോലെയാണെന്നും മുല്ലപ്പള്ളി ആരോപിച്ചു.

മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തിയാണ് സർക്കാർ വൈദ്യുതി നിരക്ക് നിശ്ചയിച്ചത്. മൂന്നിരട്ടിയോളം വർധനവാണ് വൈദ്യുതി നിരക്കിന്റെ പേരിൽ നടത്തിയത് . മനുഷ്യപറ്റില്ലാത്ത നടപടിയാണിത്. തോന്നുംപോലെയാണ് സർക്കാരിന്റെ വൈദ്യുതി ചാർജ്ജ്. കോവിഡ് പ്രതിസന്ധിയിൽ തൊഴിലും വേതനവുമില്ലാതെ വലയുന്ന ലക്ഷകണക്കിന് ജനങ്ങളെ വീണ്ടും തീരാദുരിതത്തിലാക്കിയാണ് ബസ്സ് ചാർജ്, വൈദ്യുതിചാർജ് സർക്കാർ വർധിപ്പിച്ചത്.

പിണറായി സർക്കാരിന്റെ നാലുവർഷത്തെ ഭരണം കേരള ജനതയ്ക്ക് ദുരിത കാലമായിരുന്നു.വികസന നേട്ടങ്ങൾ അവകാശപ്പെടാൻ കഴിയാത്ത ഭരണമാണ് പിണറായി സർക്കാരിന്റേത്. കേരളത്തിന്റെ ചരിത്രത്തിൽ ഒരു സർക്കാരിനും ഇത്രയും മോശം ചരിത്രമില്ല. സർക്കാരിന്റെ ബാക്കിപത്രം ശൂന്യമാണ്. വികസനരംഗം തകർന്നു. ഭരണസ്തംഭനമാണ് സംസ്ഥാനത്ത്.വസ്തുത ഇതൊക്കെയാണെങ്കിലും ധൂർത്തും കെടുകാര്യസ്ഥതയും ധാരാളിത്തവും അഴിമതിയും നടത്തി ഖജനാവ് കാലിയാക്കുന്നതിൽ മാത്രമായിരുന്നു സർക്കാരിന്റെ ശ്രദ്ധ.

പ്രളയകാലത്ത് സർക്കാരിനുണ്ടായ കോട്ടം കോവിഡ് കാലത്ത് പരിഹരിക്കാനുള്ള പി.ആർ.വർക്കാണ് ഇപ്പോൾ നടക്കുന്നത്.യു.ഡി.എഫ് സർക്കാരിന്റെ നേട്ടങ്ങളെ തങ്ങളുടേതെന്ന് വരുത്തി പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാകുന്ന തിരക്കിലാണ് മുഖ്യമന്ത്രി. കടക്കെണിയിൽ നിൽക്കുന്ന സർക്കാരിന്റെ നിത്യനിദാന ചെലവുകൾക്കായി ജനങ്ങളെ കൊള്ളയടിക്കുന്നു. ഇത് അനീതിയാണ്. അംഗീകരിക്കാൻ കഴിയില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

പൊതുകടം 1.50 ലക്ഷം കോടിയിൽ നിന്നും 2.50 ലക്ഷം കോടിയിലധികം കൊണ്ടെത്തിച്ചു.പിണറായി ഭരണത്തിൽ സാധരണക്കാരന് ഒരു ഗുണവുമില്ല. നേട്ടം മദ്യകാറി മാഫിയകൾക്ക് മാത്രമാണ്. 20000 കോടിയുടെ കോവിഡ് സാമ്പത്തിക പാക്കേജ് വെറും തട്ടിപ്പ്. 14000 കോടിയും കോൺട്രാക്ടർമാർക്കുള്ള കടം വീട്ടാനാണ് നൽകിയത്.കുടുംബിശ്രീക്കായി പ്രഖ്യാപിച്ച 2000 കോടിയുടെ ലോൺ അശാസ്ത്രീയ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി സർക്കാർ തന്നെ അട്ടിമറിച്ചു. ഇതാണ് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പാക്കേജിന്റെ യാഥാർത്ഥ്യം.

# വമ്പൻ ഐടി കമ്പനികൾ കേരളത്തിന്റെ മണ്ണിലേയ്ക്ക് ചുവടുറപ്പിയ്ക്കാനെത്തുന്നു

**തിരുവനന്തപുരം :** ലോകത്തെ വമ്പൻ ഐടി കമ്പനികൾ കേരളത്തിന്റെ മണ്ണിലേയ്ക്ക് ചുവടുറപ്പിയ്ക്കാനെത്തുന്നു. രാജ്യത്തെ ഏറ്റവും മികച്ച എക്കോ സ്റ്റാർട്ടപ്പ് സംവിധാനമാണ് കേരളത്തിലേത് എന്നതുകൊണ്ടാണ് പ്രധാന ഐ.ടി കമ്പനികളെല്ലാം കേരളത്തെ തേടിയെത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

ഐടി മേഖലയിൽ ലോകോത്തര കമ്പനികൾ കേരളത്തിലേക്ക് എത്തുന്നുണ്ട്. പൊതുമേഖലയോടുള്ള കേന്ദ്രത്തിന്റെ സമീപനമല്ല കേരളത്തിന്റേത്. 201919ൽ 56 കോടിയുടെ പ്രവർത്തനലാഭം പൊതുമേഖല നേടി. ഇന്റർനെറ്റ് പൗരാവകാശമായി പ്രഖ്യാപിച്ച ആദ്യത്തെ സംസ്ഥാനമാണ് കേരളം. സ്റ്റാർട്ടപ്പുകളിലെ നിക്ഷേപം 2.20 കോടിയിൽനിന്ന് 875 കോടി ആയി വർധിച്ചു. സംസ്ഥാനത്തെ ഐടി സ്പേസ് ഇരട്ടിയാക്കാനാണു സർക്കാർ ഉദ്ദേശിക്കുന്നത്. വൈവിധ്യമായ സംരംഭങ്ങൾക്കു പുതിയ 14 വ്യവസായ പാർക്ക് തയാറാകുന്നുവെന്നും അദ്ദേഹം പറഞ്ഞു.

എൽഡിഎഫ് സർക്കാർ അഞ്ചാം വർഷത്തിലേക്ക് കടക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇത്തവണ സംസ്ഥാന സർക്കാരിന്റെ വാർഷിക ആഘോഷമില്ലെന്നും കോവിഡിനെ പ്രതിരോധിക്കാനുള്ള ശ്രമത്തിലാണ് സർക്കാരെന്നും അദ്ദേഹം വ്യക്തമാക്കി. പരിസ്ഥിതി സംരക്ഷണം കേരളീയന്റെ ജീവിത ലക്ഷ്യമാക്കി മാറ്റാൻ സാധിച്ചു.

## കട വാടക കൂട്ടരുതെന്ന് ബിജെപി

**തൃപ്പൂണിത്തുറ:** കടമുറികളുടെ വാടക കൂട്ടുവാനുള്ള തൃപ്പൂണിത്തുറ നഗരസഭയുടെ തീരുമാനം പിൻവലിക്കുക, ആറ് മാസക്കാലത്തേക്ക് വാടക ഇളവ് നൽകുക. ലോക്ക്ഡൗൺ കാലഘട്ടത്തിൽ വാടക ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ബി.ജെ.പി. തൃപ്പൂണിത്തുറ മുനിസിപ്പൽ കമ്മിറ്റി യുടെ നേതൃത്വത്തിൽ മുനിസിപ്പാലിറ്റി കാര്യാലയത്തിന് മുൻപിൽ ധർണ്ണ നടത്തി. തൃപ്പൂണിത്തുറ നഗരസഭാ വ്യാപാരികളോട് കൊടുംക്രൂരതയാണ് കാണിക്കുന്നതെന്ന് തൃപ്പൂണിത്തുറ ബി,ജെ.പി. മണ്ഡലം പ്രസിഡണ്ട് ശ്രീക്കുട്ടൻ തുണ്ടത്തിൽ ആരോപിച്ചു.

### ചരമം



**പറവൂർ:** കിഴക്കേപ്രം കൂടോപ്പിള്ളി വീട്ടിൽ പി വിജയരാഘവൻ ഭാര്യ കെ പി ശ്രീമതി (68) നിര്യാതയായി. സംസ്കാരം നടത്തി. മക്കൾ :വി ദിലീപ് കുമാർ (ഏരിയ റിപ്പോർട്ടർ, ദേശാഭിമാനി ), ദീപ. മരുമക്കൾ :പി കെ സന്ധ്യാ ലക്ഷ്മി (സതേൺ റെയിൽവേ), രമേഷ് ചന്ദ്രൻ (ദുബായ്)



**പറവൂർ:** ഗോതുരുത്ത് പുത്തൻപറമ്പിൽ പൈലി പോൾ (69) നിര്യാതനായി. സംസ്കാരം നടത്തി. ഭാര്യ :മേരി, മക്കൾ : നീമ, നിബിൻ, മരുമക്കൾ : ദിലീപ്, ജെയ്ബി



**അങ്കമാലി:** എം.വി ചാക്കോ ജുവലേഴ്സ് മനേജർ വാപ്പാലശ്ശേരി പയ്യപ്പിള്ളി കൊളുവൻ തോമസ് (62) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: താണിപ്പുഴ ഇഞ്ചിപറമ്പൻ ഡെയ്സി. മക്കൾ: ഡെന്നിസ്, ട്രീസ. മരുമക്കൾ: മരിയ, പൂവ്വത്തോട് കട്ടയക്കൽ സുബിൻ.

# പറവൂർ നഗരസഭ ശതാബ്ദി വർഷത്തിലേക്ക്

## കോവിഡിന് ശേഷം ആഘോഷങ്ങൾ സംഘടിപ്പിക്കും



**പറവൂർ:** പറവൂർ നഗരസഭ രൂപം കൊണ്ടിട്ട് നൂറാം വർഷത്തിലേക്ക് കടക്കുന്നു .ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികളോടെ ശതാബ്ദി ആഘോഷിക്കാൻ നഗരസഭ തീരുമാനിച്ചു. ആഘോഷ പരിപാടികൾ വി.ഡി.സതീശൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. കോവിഡ് 19 നിയന്ത്രണ കാലമായതിനാൽ തൽക്കാലം ആഘോഷങ്ങൾ ഉണ്ടാകില്ല. പകരം മറ്റ് ചില പദ്ധതികൾ നടപ്പിലാക്കുമെന്ന് നഗരസഭാ ചെയർമാൻ ഡി.രാജ് കുമാർ പറഞ്ഞു. നിലവിലെ സാമൂഹ്യ സഹചര്യം കണക്കിലെടുത്ത് കൂടുതൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു തരിശ് രഹിത പറവൂർ നടപ്പാക്കാനും തീരുമാനിച്ചു. ജനങ്ങൾക്ക് അധിക സേവനം നൽകാൻ ജീവനക്കാർ ഹോളിഡേ ചലഞ്ച് നടപ്പിലാക്കും. ക്ലീൻ പറവൂർ ഗ്രീൻ പറവൂർ പദ്ധതി വിപുലീകരിക്കും. വീടുകളിലെ മാലിന്യ സംസ്കരണ പദ്ധതി ശക്തിപ്പെടുത്തും. ശതാബ്ദി മന്ദിരം അടക്കമുള്ള വികസന പ്രവർത്തനങ്ങളുടെ പ്രോജക്റ്റ് പിന്നീട് തയാറാക്കും. സമ്പന്നമായ പൈതൃകമുള്ള പട്ടണമാണ് പറവൂർ. സമൂഹികമായും സംസ്കാരികമായും ഉന്നത നിലവാരം പുലർത്തുന്നു. 1921 ലാണ് ആദ്യ ചെയർമാൻ പറയാത്ത് ഇ.ഗോവിന്ദമേനോൻ സ്ഥാനം ഏറ്റത് .191213ൽ ടൗൺ ഇംപൂവ്മെൻറ് കമ്മിറ്റി രൂപം കൊണ്ടിരുന്നു.പന്നീട് മുനിസിപ്പാലിറ്റിയായി മാറുകയായിരുന്നു. ടൗൺ ഇംപൂവ്മെന്റ് കമ്മിറ്റിയുടെ ആദ്യ പ്രസിഡന്റ് ഡോ.ടി.കെ. വർഗീസ് ആയിരുന്നു. അന്ന് പ്രസിഡന്റിനെ തിരുവിതാംകൂർ മഹാരാജാവ് നോമിനേറ്റ് ചെയ്യുകയായിരുന്നു പതിവ്. മുനിസിപ്പാലിറ്റി ആയതിന് ശേഷമാണ് തെരഞ്ഞെടുപ്പും ചെയർമാനും നിലവിൽ വന്നത്.

## കുറുപ്പംപടിയിൽ പുതിയ വില്ലേജ് അനുവദിക്കണം: എം.എൽ.എ.

**പെരുമ്പാവൂർ :** കുറുപ്പംപടി ആസ്ഥാനമാക്കി പുതിയ വില്ലേജ് രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട് എൽദോസ് കുന്നപ്പിള്ളി എം.എൽ.എ റവന്യു വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരന് കത്ത് നൽകി. രായമംഗലം വില്ലേജ് വിഭജിച്ച് കുറുപ്പംപടി വില്ലേജ് രൂപീകരിക്കണം എന്ന അവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. രായമംഗലം ഗ്രാമപഞ്ചായത്ത് ഒന്ന് മുതൽ ആറ് വരെയുള്ള വാർഡുകളും പതിനേഴ് മുതൽ ഇരുപത് വരെയുള്ള വാർഡുകളും കൂടാതെ മുടക്കുഴ ഗ്രാമപഞ്ചായത്ത് വടുപ്പാടം ഭാഗവും കൂവപ്പടി ഗ്രാമ പഞ്ചായത്ത് പരിധിയിലെ വടുപ്പാടത്തിനോട് ചേർന്നു കിടക്കുന്ന ഭാഗവും കൂട്ടിച്ചേർത്താണ് രായമംഗലം വില്ലേജ് വിഭജിച്ചും പെരുമ്പാവൂർ, വേങ്ങൂർ വേസ്റ്റ്, കൂവപ്പടി എന്നീ വില്ലേജുകളിലെ ഭാഗങ്ങൾ കൂട്ടിച്ചേർത്തുമാണ് കുറുപ്പംപടി വില്ലേജ് രൂപീകരിക്കണം എന്ന് എം.എൽ.എ ആവശ്യപ്പെട്ടിരിക്കുന്നത്.

## കോൺഗ്രസ് പ്രതിഷേധ ദിനം ആചരിച്ചു

**തൃപ്പൂണിത്തുറ :** അഴിമതിയും ധൂർത്തും മുഖമുദ്രയാക്കിയ എൽഡിഎഫ് സർക്കാരിന്റെ നാലാം വാർഷിക ദിനാചരണം കെപിസിസിയുടെ ആഹ്വന പ്രകാരം പ്രതിക്ഷേധദിനമായി ആചരിച്ചു. കോൺഗ്രസ് ഐ തൃപ്പൂണിത്തുറ വാർഡ് കമ്മറ്റിയുടെ പ്രതിക്ഷേധ ദിനപരിപാടികൾ ഗാന്ധിപുരം ജംഗ്ഷനിൽ രാജീവ് ഗാന്ധിയുടെ സ്മൃതി മണ്ഡപത്തിൽ വാർഡ് പ്രസിഡന്റ് വി വി പ്രവീൺരാജിന്റെ നേതൃത്വത്തിൽ ലോക് ഡൗൺ നിയമങ്ങൾ പാലിച്ചുകൊണ്ട് നടത്തി. ബൂത്ത് പ്രസിഡന്റ് എൻ ഐ പരമേശ്വരൻ കോൺഗ്രസ് മണ്ഡലം വൈസ് പ്രസിഡന്റ് സതീഷ് വർമ്മ, സെക്രട്ടറിമാരായ വി.കെ. സുരേഷ്,എം.കെ സന്തോഷ് എന്നിവർ പങ്കെടുത്തു.



## മലയാളി വീട്ടമ്മ മുംബൈയിൽ കോവിഡ് ബാധിച്ച് മരിച്ചു



**അങ്കമാലി:** ബോംബെയിൽ കോവിഡ് ബാധിച്ച് മലയാളിയായ വിട്ടമ്മ അന്തരിച്ചു. കറുകുറ്റി പാലാട്ടി പരേതനായ പാവുണ്ണിയുടെ ഭാര്യ റോസിലി (64) അന്തരിച്ചത്. ബോംബെ നേവൽ ബേസിൽ ജോലി ചെയ്യുന്ന മകൻ ടോണിയുടെ കുടെയായിരുന്നു താമസിച്ചിരുന്നത്. വെള്ളിയാഴ്ച രാവിലെ പനിയും ശ്വാസതടസ്സവും അനുഭവപ്പെട്ടതിനെ തുടർന്ന് നേവൽ ഡോറിലെ അശുപത്രിയിലും തുടർന്ന് വിദഗ്ചികത്സക്കായി താനയിലെ സിദ്ധിവിനായക് ആശുപത്രിയിൽ വൈകിട്ടോടെ പ്രവേശിപ്പിച്ചു ശനിയാഴ്ച വൈകിട്ട് ആറിന് കോറോണയാണെന്ന് സ്ഥിതികരിക്കുകയും കോറോണയ്ക്ക്ക് പ്രത്യേകം ചികിത്സ നടത്തുന്ന ആശുപത്രിയിലേക്ക് മാറ്റുവാൻ ശ്രമിക്കവേ രാത്രി 8.30 മരണപ്പെടുകയായിരുന്നു. മൃതശരിരം ഞായറാഴ്ച വെളുപ്പിന് രണ്ടിന് താന മുൻസിപ്പാലിറ്റിലെ പൊതുശ്മശാനത്തിൽ സംസ്കരിച്ചു. തിരുമുടിക്കുന്ന് പെരേപ്പാടൻ കുടുംബാഗമാണ് പരേത, മകൾ ബോണി (അസ്ട്രേലിയ), മരുമക്കൾ: ശോഭ അങ്കമാലി, കിടങ്ങൂർ ചിറയ്ക്കൽ ബിനോയ് (അസ്ട്രേലിയ).

## റീ സൈക്കിൾ കേരളയ്ക്ക് പിന്തുണയുമായി തൃക്കാരിയൂർ അന്ന പൂർണ്ണേശ്വരി ക്ഷേത്രം



**കോതമംഗലം:** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പണം കണ്ടെത്തുന്നതിന് ഡിവൈഎഫ്ഐ നടപ്പാക്കുന്ന റീ സൈക്കിൾ കേരള പദ്ധതിയിലേക്ക് മാതൃകാപരമായ ഇടപെടലുമായി തൃക്കാരിയൂർ കിഴക്കൻകാവ് അന്നപൂർണേശ്വരി ക്ഷേത്രം.

അമ്പതോളം പഴയ ഓട്ട് വിളക്കുകളും,100 കിലോ നെല്ലും ക്ഷേത്രം ട്രസ്റ്റി ഇഞ്ചൂർമന ഇ ജി വിഷ്ണു നമ്പൂതിരിയിൽ നിന്ന് ആന്റണി ജോൺ എം. എൽ. എ ഏറ്റുവാങ്ങി. ഇതൊടൊപ്പം വിഷ്ണു നമ്പൂതിരി തന്റെ പുതിയ ത്രെഡ് മില്ലിംഗ് മിഷിനും, പഴയ കമ്പ്യൂട്ടറും ഏൽപ്പിച്ചു.

കോതമംഗലത്തിന്റെ സാംസ്കാരിക കേന്ദ്രമായ തൃക്കാരിയൂരിലെ ക്ഷേത്രത്തിന്റെ ഇടപെടൽ സമൂഹത്തിനാകെ മാതൃകയാണ്.

ഡിവൈഎഫ്ഐ ജില്ലാ സെക്രട്ടറിയേറ്റ് അംഗം കെ പി ജയകുമാർ, സി പി ഐ എം തൃക്കാരിയൂർ ലോക്കൽ സെക്രട്ടറി കെ ജി ചന്ദ്രബോസ്, തൃക്കാരിയൂർ മേഖല സെക്രട്ടറി ശ്രീജിത്ത് കെ എൻ, വ്യാപാരി വ്യവസായി സമിതി എരിയ കമ്മിറ്റി അംഗം രവീന്ദ്രൻ കുടിയിൽ, സൂരജ് സി എസ് എന്നിവർ സംബന്ധിച്ചു.



## അത്താലിയയുടെ സ്വപ്നം പൂവണിഞ്ഞു...

### യന്ത്രങ്ങളുടെ സഹായത്തോടെ ഇനി ചലിക്കാം

**പറവൂർ:** നാല് വയസുകാരി അത്താലികക്ക് അംഗൻവാടിയിൽ പോകാനും സമപ്രായക്കാർക്കൊപ്പം കളിക്കാനും പഠിക്കാനും മോഹം. പക്ഷേ, നാഡീവ്യൂഹതക രാറ് മൂലം ചലനശേഷി ഇല്ലാത്ത അത്താലിയക്ക് സഞ്ചരിക്കാൻ വീൽ ചെയറും അംഗൻവാടിയിൽ ഇരിക്കാൻ സിപി ചെയറും ധരിക്കാൻ ചെസ്റ്റ് ജാക്കറ്റും ലെഗ് സപ്പോർട്ടേഴ്സും മറ്റും വേണം. അത്താലിയയുടെ മോഹം ആശാ വർക്കർ ഷാലി പുത്തൻവേലിക്കര റെസിഡൻസ് സമിതി പ്രസിഡന്റ് പി.ജെ.തോമസിന്റെ മുന്നിൽ എത്തിച്ചു.പിന്നെ താമസമുണ്ടായില്ല. റസിഡൻസ് സമിതിയും പുത്തൻവേലിക്കര ജനമൈത്രി പോലീസും സുമനസുകളുടെ സഹായത്തോടെ അത്താലിയക്ക് വീൽ ചെയറും സിപി ചെയറും മറ്റ് സാധനങ്ങളും ഒരുക്കി.

ജനമത്രീ ബീറ്റ് ഓഫീസർ ഗിൽസ് വഴിയാണ് വീൽ ചെയർ സംഘടിപ്പിച്ചത്.പൊതു പ്രവർത്തകയായ മായ നടേശന്റെ കൂട്ടുകാരി സി പി ചെയർ, ജാക്കറ്റ് എന്നിവ എത്തിച്ചു കൊടുത്തു.ലളിതമായ ചടങ്ങിൽ വി.ഡി.സതീശൻ എംഎൽഎ ഉപകരണങ്ങൾ അത്താലിയക്ക് കൈമാറി. പുത്തൻവേലിക്കര എസ് ഐ ജോബി തോമസ് ,ബീറ്റ് ഓഫീസർ ടി.ആർ.ഗിൽസ്, റസിഡൻസ് സമിതി പ്രസിഡന്റ് പി.ജെ.തോമസ്, സെക്രട്ടറി മായ നടേശൻ, വാർഡ് മെമ്പർ അനുജല ദാസൻ, രതീഷ് തുരുത്തർ, എം.എ.തോമസ്, ഷാലിബാബു, വി.വി.വിൻസന്റ് എന്നിവർ പങ്കെടുത്തു.തുരുത്തിപ്പുറം വെള്ളോട്ടുപുത്ത് ഷൈൻ ലിൻസി ദമ്പതികളുടെ മകളാണ് അത്താലിയ.



*അത്താലിയക്ക് വി.ഡി.സതീശൻ എം എൽ എ വീൽ ചെയറും മറ്റ് ഉപകരണങ്ങളും സമ്മാനിക്കുന്നു*



## വഞ്ചനാദിനമായി ആചരിച്ചു

**വടക്കാഞ്ചേരി:** എൽ.ഡി.എഫ് സർക്കാരിന്റെ നാലാം വാർഷികം വഞ്ചാനാദിനമായി ആചരിച്ചു കോൺഗ്രസ് പ്രവർത്തകർ. കോൺഗ്രസ്സിന്റെ വടക്കാഞ്ചേരി നിയോജക മണ്ഡലം കമ്മറ്റിയുടെ നേതൃത്വത്ത്വത്തിൽ നഗരസഭ ഓഫിസിനു മുന്നിൽ നടന്ന പ്രതിഷേധ ധർണ ഡി.സി.സി ജന;സെക്രട്ടറി കെ.അജിത്കുമാർ ഉദ്ഘാടനം ചെയ്തു.മണ്ഡലം പ്രസിഡന്റ് അഡ്വ;സി വിജയൻ അദ്ധ്യക്ഷത വഹിച്ചു.ജിജോ കുരിയൻ,സി.എ.ശങ്കരൻകുട്ടി, ജയൻമംഗലം, ടി.വി.സണ്ണി, സുരേഷ്പാറയിൽ. എംഎച്ച്. ഷാനവാസ്, പ്രിൻസ് ചിറയത്ത്,ഓ.ആർ.രാമചന്ദ്രൻ, ഏ.ജെ.അഗസ്റ്റിൻ എന്നിവർ പ്രസംഗിച്ചു.

## മുണ്ടു മുറുക്കി ഉടുക്കൽ സമരം

**ഒല്ലൂക്കര:** ഇടതുപക്ഷ സർക്കാർ ഇന്ന് 4 വർഷം തികയ്ക്കുകയാണ്. നിർഭാഗ്യവശാൽ നമുക്ക് ദുരന്തങ്ങളുടെ പേമാരിയായിരുന്നു. കൂടാതെ അഴിമതികളുടെയും, ധൂർത്തിന്റെയും പരമ്പരയായിരുന്നു. അടുത്ത മാസം സർക്കാർ ജീവനക്കാർക്കു ശമ്പളം കൊടുക്കാൻ പോലും ഖജനാവിൽ പണമില്ലാത്ത അവസ്ഥയിലേക്ക് കേരളം വഴുതിവീണ സാഹചര്യത്തിൽ പിണറായി സർക്കാർ വരുത്തി വച്ച കോടിക്കണക്കിനു രൂപയുടെ ധൂർത്തും അമിതച്ചെലവുകളും അടിയന്തരമായി അവസാനിപ്പിച്ച് പുതിയൊരു ഭരണ സംസ്കാരം കാട്ടാൻ മുഖ്യമന്ത്രി തയാറാകാത്തപക്ഷം ഇടതുപക്ഷ സർക്കാറിനെത്തന്നെ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് യൂത്ത് കോൺഗ്രസ്സ്.

സാധാരണക്കാരോട് മുണ്ട് മുറുക്കിയെടുക്കണമെന്ന് പറയുന്ന ഇടതുപക്ഷ സർക്കാർ നടത്തുന്ന ധൂർത്തിനും, അഴിമതിക്കുമെതിരെ ഒല്ലൂക്കര മണ്ഡലം യൂത്ത് കോൺഗ്രസ്സ് കമ്മിറ്റി മുക്കാട്ടുകരയിൽ വെച്ച് മുണ്ട് മുറുക്കി ഉടുക്കൽ സമരം നടത്തി.

യൂത്ത് കോൺഗ്രസ്സ് തൃശൂർ നിയോജക മണ്ഡലം വൈസ് പ്രസിഡണ്ട് ജെൻസൻ ജോസ് കാക്കശ്ശേരി ഉദ്ഘാടനം നിർവഹിച്ചു. ഒല്ലൂക്കര മണ്ഡലം പ്രസിഡണ്ട് സജോ നെല്ലിക്കുന്ന്, വിപിൻ.ഇ.ആർ, ബിജു, ഡിസൻ ഡേവിസ് എന്നിവർ നേതൃത്വം നൽകി.

# ‘ജലപ്രയാണം’ മാതൃകാ പദ്ധതിയാക്കും: മന്ത്രി സി. രവീന്ദ്രനാഥ്

**തൃശൂർ:** കരുവന്നൂർ, മണലി, കുറുമാലി പുഴകളുടെ നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിനുള്ള 'ജലപ്രയാണം' പദ്ധതിക്ക് ഔപചാരികമായി തുടക്കം കുറിച്ചതായി പൊതുവിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് പ്രഖ്യാപിച്ചു. പദ്ധതിയുടെ ഭാഗമായ പ്രദേശങ്ങളിലെ ജനപ്രതിനിധികളുമായുള്ള വീഡിയോ കോൺഫറൻസിലായിരുന്നു മന്ത്രിയുടെ പ്രഖ്യാപനം. പദ്ധതിയുടെ ഭാഗമായുള്ള പുഴ ശുചീകരണ പ്രവർത്തനം ചൊവ്വാഴ്ച തന്നെ ആരംഭിക്കാൻ മന്ത്രി നിർദേശം നൽകി. ജലപ്രയാണം മാതൃകാ പദ്ധതിയായി നടപ്പിലാക്കുമെന്ന് മന്ത്രി പറഞ്ഞു. പുഴകളുടെ തുടക്കത്തിൽനിന്നാണ് പദ്ധതി തുടങ്ങുക. എങ്കിലേ ഒഴുക്ക് പുനഃസ്ഥാപിക്കാൻ കഴിയൂ എന്ന് മന്ത്രി പറഞ്ഞു. കൂട്ടായ പ്രവർത്തനത്തിലൂടെ രണ്ടാഴ്ച കൊണ്ട് പദ്ധതി പൂർത്തിയാക്കാനാണ് ശ്രമം. വീഡിയോ കോൺഫറൻസിൽ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളും പദ്ധതിയിൽ തങ്ങളുടെ പങ്കാളിത്തവും സഹകരണവും അറിയിച്ചു. നീർച്ചാലുകളുടെ വീണ്ടെടുപ്പ്, പുഴകളുടെ ശുചീകരണം കയ്യേറ്റം ഒഴിപ്പിക്കൽ, തോടുകളുടെ ശുചീകരണം പുനരുജ്ജീവനം, സ്വാഭാവിക ജലപ്രവാഹം സുഗമമാക്കൽ എന്നീ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ ഭാഗമായി നടത്തുക. കൂടാതെ ജലസ്രോതസ്സുകളുടെ സംഭരണ ശേഷി വർധിപ്പിക്കൽ, മഴവെള്ള ശേഖരണം സംവിധാനങ്ങളുടെ ശുചീകരണവും ഇതോടൊപ്പം നടത്തും. 'ഒരു കൈകുമ്പിൾ നമുക്കും വരും തലമുറയ്ക്കും' എന്നതാണ് ജലപ്രയാണം' ലക്ഷ്യം വെക്കുന്നത്. പുഴകൾ ഒഴുകുന്ന 24 ഗ്രാമപഞ്ചായത്തുകളും ഇരിങ്ങാലക്കുട നഗരസഭയുമാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. പുഴകളിലെ മണ്ണ് നീക്കാൻ പ്രത്യേക നടപടിക്രമം പുറപ്പെടുവിക്കും. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, വിവിധ വികസന വകുപ്പുകളും ഏജൻസികളും സന്നദ്ധ സംഘടനകളും, സന്നദ്ധ പ്രവർത്തകരും ഈ പദ്ധതിയുടെ ഭാഗമാകും. ജൂൺ അഞ്ച് വരെയാണ് ജില്ലയിൽ ജലപ്രയാണം പ്രവർത്തനങ്ങൾ നടത്തുക. വീഡിയോ കോൺഫറൻസിൽ മന്ത്രിക്ക് പുറമെ ചീഫ് വിപ്പ് അഡ്വ. കെ. രാജൻ, ഗീത ഗോപി എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ്, സ്ഥിരം സമിതി അധ്യക്ഷൻ കെ.ജെ. ഡിക്സൻ, ഇരിങ്ങാലക്കുട നഗരസഭ ചെയർപേഴ്സൻ നിമ്യ ഷിജു, ജില്ലാ കളക്ടർ എസ്. ഷാനവാസ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ.ജി തിലകൻ, ജില്ലാ പഞ്ചായത്തംഗങ്ങൾ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർ, സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുത്തു.

### ജലപ്രയാണം: ഫോട്ടോ ചാലഞ്ച്

ജില്ലാ പഞ്ചായത്തിന്റെ ജലപ്രയാണം പദ്ധതിയുടെ ഭാഗമായി 'സാമൂഹ്യ അകലത്തിൽ ഊന്നിയ ജലപ്രയാണം' എന്ന വിഷയത്തിൽ ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഫോട്ടോ ചാലഞ്ച് നടത്തുന്നു ഫോട്ടോകൾ jalaraksha@gmail.com എന്ന ഇമെയിൽ വിലാസത്തിലോ jala raksha-jeeva raksha എന്ന ഫേസ്ബുക് അക്കൗണ്ടിലോ അയക്കാവുന്നതാണ്.

## എനാമാക്കൽ ബണ്ട്: ഇന്നു മുതൽ പൊളിച്ചു തുടങ്ങും

**തൃശൂർ:** കാലാവർഷത്തിനു മുന്നോടിയായി എനാമാക്കൽ ബണ്ട് പൊട്ടിക്കുന്ന പ്രവൃത്തിക്ക് ഇന്ന് (മെയ് 26) തുടക്കം കുറിക്കും. കൃഷി മന്ത്രി വി എസ് സുനൽകുമാറിന്റെ സാന്നിദ്ധ്യത്തിൽ കളക്ടറേറ്റിൽ ചേർന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് താൽക്കാലിക വളയംകെട്ട് ബണ്ട് പൊട്ടിക്കാൻ നഗരസഭ, കെഎൽഡിസി, ജലസേചന വകുപ്പ്, മണ്ണ് സംരക്ഷണവകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായാണ് എനാമാക്കൽ ബണ്ട് പൊളിക്കുന്നതിന് തീരുമാനിച്ചത്. കാലവർഷം സംബന്ധിച്ച് കാലാവസ്ഥനിരീക്ഷണ വകുപ്പ് മുന്നറിയിപ്പുകൾ കണക്കിലെടുത്തും കോൾ കാർഷിക മേഖലയിൽ നിന്നുള്ള റിപ്പോർട്ടുകൾ പരിഗണിച്ചുമാണ് ബണ്ട് പൊട്ടിക്കാൻ തീരുമാനിച്ചത്. മാനദണ്ഡപ്രകാരം ബണ്ടിന്റെ നടുഭാഗത്താണ് പൊട്ടിക്കുക. ബണ്ട് നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്ന മുളയും കുറ്റികളും മണ്ണും നീക്കം ചെയ്യാൻ കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മഴ ശക്തമാവുകയും ബണ്ട് പൊട്ടിക്കുന്ന പ്രവൃത്തി പൂർത്തിയാകാതിരിക്കുകയും ചെയ്താൽ തൃശൂർ നഗരത്തിൽ വെള്ളക്കെട്ട് ഉണ്ടാവും. ഈ സാഹചര്യം ഒഴിവാക്കാനാണ് യഥാസമയം ബണ്ട് പൊട്ടിക്കുന്ന നടപടിയിലേക്ക് കടക്കുന്നത്. അരിമ്പൂർ, ചാഴൂർ, നെടുപുഴ, താന്ന്യം തുടങ്ങിയ പ്രദേശങ്ങളിലും വെള്ളക്കെട്ട് ഒഴിവാക്കാൻ ഇതിലൂടെ കഴിയും. കോൾ പാടങ്ങളിലെ ജലനിരപ്പ് മതിയായ തോതിൽ ഉറപ്പുവരുത്തിയിട്ടുള്ളതിനാൽ ഇപ്പോൾ ബണ്ട് പൊട്ടിച്ചാലും ഉപ്പ് വെള്ളം കയറില്ലെന്ന് ജലസേചന വകുപ്പ് വിലയിരുത്തുന്നു.

ഇടിയൻച്ചിറ റഗുലേറ്ററിന്റെ അഞ്ച് എണ്ണം ഒഴികെ മറ്റെല്ലാ ഷട്ടറുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

## സുഭിക്ഷ കേരളം; ജില്ലാതല ഉദ്ഘാടനം നടത്തി



**തൃശൂർ:** 'സുഭിക്ഷ കേരളം' പദ്ധതിയുടെ തൃശൂർ ജില്ലാതല ഉദ്ഘാടനം പൂങ്കുന്നം സീതാറാം മില്ലിന്റെ വളപ്പിലെ തരിശുഭൂമിയിൽ പച്ചക്കറി തൈകൾ നട്ട് കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനൽകുമാർ നിർവഹിച്ചു. മില്ലിലെ രണ്ടേക്കറോളം ഭൂമിയിൽ കൃഷി ചെയ്യുന്നത് ഒല്ലൂക്കര ബ്ലോക്ക് അഗ്രോ സർവീസ് സെൻററിലെ അംഗങ്ങളാണ്. ചടങ്ങിൽ തൃശൂർ കോർപറേഷൻ മേയർ അജിത ജയരാജൻ അധ്യക്ഷത വഹിച്ചു. കോർപറേഷൻ വികസന സ്ഥിരം സമിതി ചെയർപേഴ്സൻ ഷീബ ബാബു, കൗൺസിലർ ലളിതാംബിക, സീതാറാം മിൽ മാനേജിംഗ് ഡയറക്ടർ ജയരാജൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ. രാധാകൃഷ്ണൻ തുടങ്ങിയവർ സംബന്ധിച്ചു.

ഫോട്ടോ അടിക്കുറിപ്പ്: സുഭിഷ കേരളം തൃശൂർ കോർപ്പറേഷൻ ജില്ലാതല ഉത്ഘാടനം പൂങ്കുന്നം സിതാറാം മില്ലിൽ മന്ത്രി വി.എസ് സുനിൽകുമാർ ഉത്ഘാടനം ചെയ്യുന്നു

## എസ് സി മോർച്ച കരിദിനാചരണം നടത്തി


**വടക്കാഞ്ചേരി:** കേന്ദ്ര സർക്കാർ അനുവദിച്ച പട്ടിക ജാതി പട്ടിക വർഗ്ഗ ഫണ്ടുകൾ പിണറായി സർക്കാർ അട്ടിമറിച്ചുവെന്നാരോപിച്ച് ബി.ജെ.പി എസ് സി മോർച്ച വടക്കാഞ്ചേരി നിയോജക മണ്ഡലം കമ്മറ്റിയുടെ നേതൃത്വത്തിൽ കരിദിനാചരണം നടത്തി. വടക്കാഞ്ചേരി സിവിൽ സ്റ്റേഷനു മുൻപിൽ നടന്ന ധർണ്ണ ജില്ലാ ജനറൽ സെക്രട്ടറി രാജൻ പുഞ്ചയ്ക്കൽ ഉദ്ഘാടനം ചെയ്തു. മണ്ഡലം വൈസ് പ്രസിഡന്റ് ബാബുരാജ് മണിത്തറ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മറ്റി അംഗം അശോകൻ തങ്ങല്ലൂർ, ബി ജെ പി മുനിസിപ്പൽ സെക്രട്ടറി പ്രദീപ് അയ്യത്ത്, ശ്യാമിത് ദാമോദരൻ ,സി ആർ രവീൺ കുമാർ തുടങ്ങിയവർ നേതൃത്വം നൽകി.

## പാളയംപറമ്പ് മന റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം ആരംഭിച്ചു



**തൃശൂർ:** കാടുകുറ്റി ഗ്രാമ പഞ്ചായത്ത് ഒന്നാം വാർഡിലെ പാളയംപറമ്പ് മന റോഡിന്റെ സംരക്ഷണ ഭിത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 610000 രൂപ ചെലവഴിച്ചാണ് സംരക്ഷണ ഭിത്തിയുടെ നിർമ്മാണം. 30 മീറ്റർ ദൂരം 3.8 മീറ്റർ ഉയരത്തിലാണ് ഭിത്തി നിർമ്മിക്കുക. 2018 ലെ പ്രളയത്തിൽ ചാലക്കുടി പുഴയോരത്തുള്ള റോഡിന്റെ ഇരുവശങ്ങളും തകർന്നിരുന്നു. ജൂൺ മാസത്തിൽ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പൂർത്തീകരിക്കുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് തോമസ് ഐ കണ്ണത് പറഞ്ഞു.

## മുല്ലശ്ശേരിയിൽ കുടിവെള്ള പദ്ധതിയ്ക്ക് തുടക്കമായി



**തൃശൂർ:** മുല്ലശ്ശേരി പഞ്ചായത്തിലെ 14ാം വാർഡ് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിക്ക് തുടക്കമായി. ജില്ലാ പഞ്ചായത്ത് വകയിരുത്തിയ 10 ലക്ഷം ചെലവിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പഞ്ചായത്ത് സ്ഥലത്ത് കുഴൽ കിണർ നിർമ്മിച്ച ശേഷം പൈപ്പ് ലൈൻ സ്ഥാപിച്ച് പൊതു ടാപ്പ് വഴിയാണ് കുടിവെള്ള വിതരണം നടക്കുക. 10,000 ലിറ്റർ ശേഷിയുള്ള ടാങ്ക് ഇതിനായി നിർമ്മിക്കും. നൂറിലധികം കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. പദ്ധതിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വികസന സ്റ്റാറ്റിങ്ങ് കമ്മറ്റി ചെയർപേഴ്സൻ ജെന്നി ജോസഫ് നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് എ പി ബെന്നി അധ്യക്ഷനായി. വാർഡ് മെമ്പർമാരായ സബിത ചന്ദ്രൻ, എ കെ ഹുസൈൻ എന്നിവർ പങ്കെടുത്തു.

## പ്രീ.മെട്രിക് ഹോസ്റ്റലിലേക്ക് അപേക്ഷിക്കാം

കുമരനെല്ലൂർ : കുമരനെല്ലൂർ പ്രീമെട്രിക് ഹോസ്റ്റലിലെ (ആൺകുട്ടികൾ) സീറ്റൊഴിവുകളിലേക്ക് പട്ടികജാതിവിദ്യാർത്ഥികൾക്കായിപ്രവേശനം നടത്തുന്നു.താമസം, ഭക്ഷണം, ട്യൂഷൻ, പഠനോപകരണങ്ങൾ എന്നിവ സൗജന്യമായിരിക്കും. അഞ്ച് മുതൽ 10 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കാണ് അവസരം. 10% സംവരണം മറ്റ് വിഭാഗക്കാർക്ക് ഉണ്ടായിരിക്കും. അപേക്ഷ, ജാതി, വരുമാനം, സ്വഭാവസർട്ടിഫിക്കറ്റ്, വാർഷിക പരീക്ഷയുടെ മാർക്ക് ലിസ്റ്റ് എന്നിവയുടെ പകർപ്പുകൾ സഹിതം തൃത്താല ബ്ലോക്ക് പട്ടികജാതിവികസന ഓഫീസിലോ െരറീ.ൃേശവേമഹമ26@ഴാമശഹ.രീാ ലോ സമർപ്പിക്കണം. ഫോൺ : 0466-2370787.

## കാർഷിക പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റാം

പാലക്കാട്:ഊർജ്ജവകുപ്പിനുകീഴിലുള്ള അനെർട്ട്പി.എം-കെ.യു.എസ്.യു.എം പദ്ധതിപ്രകാരംകൃഷിഭവനുമായിബന്ധപ്പെട്ട് കെഎസ്ഇബിയുടെ കാർഷിക കണക്ഷൻഎടുത്തിട്ടുള്ള പമ്പുകൾസോളാറിലേയ്ക്ക്മാറ്റുന്നതിന്രജിസ്ട്രേഷൻആരംഭിച്ചതായി അനെർട്ട്ജില്ലാ എഞ്ചിനീയർ അറിയിച്ചു. അനെർട്ട് ജില്ലാ കാര്യാലയത്തിൽ നേരിട്ടെത്തിപദ്ധതിയിൽ രജിസ്റ്റർചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസായി 1690രൂപ കർഷകരിൽനിന്നും ഈടാക്കും. കൂടുതൽ വിവരങ്ങൾക്ക് 0491 2504182, 9188119409.

## പരീക്ഷാ ഒരുക്കങ്ങൾ പൂർത്തിയായി

പാലക്കാട്:ജില്ലയിൽ ഇന്ന് ആരംഭിക്കുന്ന എസ്.എസ്.എൽ.സി, പ്ലസ് ടു, വി.എച്ച്.എസ്.സിപരീക്ഷകൾക്കായി എല്ലാഒരുക്കങ്ങളുംപൂർത്തിയായതായിമന്ത്രി അറിയിച്ചു.സ്കൂളുകളിൽ അഗ്നിശമന സേനയുടെ നേതൃത്വത്തിൽഅണുനശീകരണംപൂർത്തിയാക്കി. താപനില പരിശോധിക്കുന്നതിനുള്ള തെർമൽ സ്കാനർ, മാസ്ക് എന്നിവ സ്കൂളുകളിൽ എത്തിച്ചിട്ടുണ്ട്.

# ജില്ലയിൽ സമൂഹവ്യാപന സാധ്യത കണക്കിലെടുത്ത് കൂടുതൽ ജാഗ്രത വേണം-മന്ത്രി എ.കെ.ബാലൻ

പാലക്കാട്: അതിർത്തി ജില്ല എന്ന നിലയിൽ പാലക്കാട്ടിൽ കോവിഡ്-19 നുമായി ബന്ധപ്പെട്ട് കൂടുതൽ ഇടപെടലും ബോധവൽക്കരണവും ആവശ്യമാണെന്ന് മന്ത്രി എ.കെ.ബാലൻ പറഞ്ഞു. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ കലക്ടർ ഡി.ബാലമുരളിയും പ്ത്രസമ്മേളനത്തിൽ പങ്കെടുത്തു.

ജില്ലയിൽ പൊതുഗതാഗതം ശക്തിപ്പെട്ടാൽ രോഗവ്യാപന സാധ്യത കൂടും. നാല് ദിവസം കൊണ്ട് ജില്ലയിൽ 32 കോവിഡ്-19 കേസുകൾ വർദ്ധിച്ചിരിക്കുന്നത് സമൂഹവ്യാപന സാധ്യതയ്ക്കുള്ള ആശങ്കയുണ്ടാക്കുന്നതായി മന്ത്രി പറഞ്ഞു. ആരോഗ്യപ്രവർത്തകർക്കും മറ്റും സമ്പർക്കത്തിലൂടെ രോഗം ബാധിച്ചിരിക്കുന്നത് സമൂഹവ്യാപനത്തിന്റെ ലക്ഷണമാണ്. മറ്റുസംസ്ഥാനങ്ങളിൽ നിന്നും 95 ശതമാനം ആളുകളും അതിർത്തി കടന്നെത്തിയിരിക്കുന്നത് ജില്ല വഴിയാണ്. രോഗലക്ഷണമില്ലാതെയാണ് നിരവധി പേർ വന്നിരിക്കുന്നത്. ചെറിയ രീതിയിലുള്ള സമ്പർക്കത്തിലൂടെ പോലും ചെക്പോസ്റ്റുകളിൽ രോഗം പകർന്നിട്ടുണ്ട്.

ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും നടപ്പിലാക്കിയിട്ടുള്ള നിയന്ത്രണങ്ങൾ മൂന്നാംഘട്ടത്തിൽ സാധ്യമാവണമെന്നില്ല. പൊതുജനങ്ങൾ സ്വയം മനസിലാക്കി സഹകരിക്കേണ്ട ഘട്ടമാണിത്. വീടുകളിൽ നിരീക്ഷണത്തിൽ ഇരിക്കേണ്ടവർ പലപ്പോഴും അത് പാലിക്കുന്നില്ല. പഞ്ചായത്ത് തലത്തിലുള്ള നിരീക്ഷണ കമ്മിറ്റി ഫലപ്രദമായി ഇടപെട്ട് നിയന്ത്രണങ്ങൾ ശക്തിപ്പെടുത്തണം. പ്രവാസികളുടെ കാര്യത്തിൽ ഫലപ്രദമായ നിരീക്ഷണ സംവിധാനങ്ങൾ ഉണ്ട്. എന്നാൽ അന്യസംസ്ഥാനത്തു നിന്നും വരുന്നവരുടെ കാര്യത്തിൽ ഇത് ഫലപ്രദമല്ല. ഇവർ സ്വമേധയാ നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും പാലിച്ചില്ലെങ്കിൽ സമൂഹവ്യാപനസാധ്യത ഉണ്ടാകുന്ന ആദ്യ ജില്ലയായി പാലക്കാട് മാ



റുമെന്ന് മനസിലാക്കണമെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്രസർക്കാരിന്റെ മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സിന്റെ നിർദ്ദേശങ്ങളും സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങളും ശക്തിപ്പെടുത്തുന്നതിനായാണ് ജില്ലയിൽ 144 പ്രഖ്യാപിച്ചത്. സംസ്ഥാനത്ത് 144 പ്രഖ്യാപിക്കുന്ന ആദ്യ ജില്ലയാണ് പാലക്കാട്.

# ഇന്ന് 1,23,624 പേർ പരീക്ഷ എഴുതും

പാലക്കാട്:ജില്ലയിൽ 199 കേന്ദ്രങ്ങളിലായി 39,266 വിദ്യാർഥികളാണ് എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നത്. 148 കേന്ദ്രങ്ങളിലായി 80536 ഹയർസെക്കൻഡറി വിദ്യാർത്ഥികളും 25 വി.എച്ച്. എസ്. ഇ കേന്ദ്രങ്ങളിലായി 3822 വിദ്യാർത്ഥികളും ഉൾപ്പെടെ 1,23,624 പേരാണ് പരീക്ഷ എഴുതുന്നത്.സംസ്ഥാനത്ത് ഇന്ന് (മെയ് 26) ആരംഭിക്കുന്ന എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി, വി.എച്ച്.എസ്.ഇ പരീക്ഷകൾ നടത്തുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും ജില്ലയിൽ പൂർത്തിയായതായി ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു. ജില്ലയിൽ കൂടുതൽ കോവിഡ് 19 പോസിറ്റീവ് കേസുകൾ റിപ്പോർട്ട് സ്ഥിരീകരിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് സുരക്ഷിതരായി പരീക്ഷ എഴുതാനുള്ള എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയിട്ടു. ജില്ലയിൽ നിലനിൽക്കുന്ന നിബന്ധനകളും നിയന്ത്രണങ്ങളും പരീക്ഷ നടത്തുന്നതിന് തടസ്സമാവില്ല.

### വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം

വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ എത്തുന്നതിനു വേ സൗകര്യങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെയും അധ്യാപകരുടേയും മറ്റ് സ്കൂൾ അധികൃതരുടേയും സഹകരണത്തിൽ സജ്ജീകരിച്ചു കഴിഞ്ഞു. സ്കൂളുകളിൽ എത്താൻ ബുദ്ധിമുട്ടുള്ളവർക്ക് സ്കൂൾ ബസുകൾ പ്രയോജനപ്പെടുത്താം. കൂടുതൽ വിദ്യാർത്ഥികളെ ഒന്നിച്ച് സ്കൂളുകളിൽ എത്തിക്കാൻ കഴിയില്ല. കൃത്യമായ സാമൂഹികഅകലം പാലിച്ചായിരിക്കും അതത് പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുക.

കൂടുതൽ ബസ് സൗകര്യം ആവശ്യമുള്ള സ്കൂളുകൾക്ക് മറ്റ് സ്കൂളുകളിലെ ബസ് സൗകര്യവും പ്രയോജനപ്പെടുത്തുന്നതാണ്. ഇത്രും സാധ്യമല്ലാത്ത ദൂരസ്ഥലങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് ഓട്ടോറിക്ഷ പോലുള്ള വാടക വാഹനങ്ങളിൽ സ്കൂളുകളിൽ എത്താൻ യാത്രയ്ക്കു വേ ചാർജ്ജ് സ്കൂളുകളിൽ നിന്നോ പരീക്ഷാ ഫിൽ നിന്നോ നൽകും.മുതലമട ഭാഗത്തെ വിദ്യാർഥികളെ പരീക്ഷാ കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതിന് കെ.എസ്.ആർ.ടി.സി ബസ് സജ്ജമാക്കിയിട്ടു. ഈ ബസിൽ തമിഴ്നാട് അതിർത്തിയായ ഗോവിന്ദാപുരത്ത് നിന്നുള്ള വിദ്യാർത്ഥികളെ പരീക്ഷാകേന്ദ്രങ്ങളിലേക്കും തിരിച്ച് സ്വന്തം സ്ഥലങ്ങളിലേക്കും എത്തിക്കും.ഹോട്ട്സ്പോട്ടുകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേകം പരീക്ഷാ ക്ലാസ്സ്മുറികൾ

നിലവിൽ ജില്ലയിലുള്ള ഹോട്ട്സ്പോട്ട്/ കയെ്ൻമെന്റ് സോണുകളിൽ എവിടെയും പരീക്ഷാകേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടില്ല. ഇത്തരം സ്ഥലങ്ങളിൽ നിന്നോ ക്വാറന്റൈൻ കേന്ദ്രങ്ങളിൽ നിന്നോ വരുന്ന വിദ്യാർത്ഥികളെ പ്രത്യേകം ക്ലാസ്സ് മുറികളിൽ ഇരുത്തി പരീക്ഷ എഴുതിക്കും. തമിഴ്നാട്ടിൽ നിന്നും പരീക്ഷയ്ക്കായി എത്തുന്ന 36 വിദ്യാർത്ഥികൾക്ക് പ്രത്യേകം ക്ലാസ്സ് മുറികൾ ഒരുക്കിയിട്ടു. മറ്റു വിദ്യാർത്ഥികളുമായി സമ്പർക്കം ഉാകാത്ത രീതിയിൽ ഇവരെ സ്കൂളുകളിൽ എത്തിക്കുന്നതിനും പരീക്ഷ അവസാനിച്ച ശേഷം സ്കൂളുകളിൽ നിന്ന് തിരിച്ചയക്കുന്നതിനും വേ സൗകര്യങ്ങൾ ചെയ്യും.

എല്ലാ വിദ്യാർത്ഥികൾക്കും പരീക്ഷാ ഹാളിൽ പ്രവേശിക്കുന്നതിനു മുമ്പ് കൈകൾ അണുവിമുക്തമാക്കാൻ സോപ്പ്, വെള്ളം, സാനിറ്റൈസറുകൾ എന്നിവ ലഭ്യമാക്കും. നാഷണൽ സർവീസ് സ്കീം, എസ്. എസ്. കെ എന്നിവ മുഖേന 1,51,000 മാസ്കുകൾ ലഭ്യമാക്കിയിട്ടു. എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും തെർമൽ സ്കാനറുകൾ എ.ഇ.ഒ മുഖേന എത്തിക്കും. മുന്നൂറു വിദ്യാർത്ഥികൾക്ക് ഒരു തെർമൽ സ്കാനർ എന്ന അനുപാതത്തിൽ ജില്ലയിൽ ആകെ 190-ഓളം തെർമൽ സ്കാനറുകളാണ് എത്തുക

## മഴയ്ക്കുമുമ്പ് ഷട്ടറുകൾ ഉയർത്തും

കൂറ്റനാട് : മഴയ്ക്കുമുമ്പ് തന്നെവെള്ളിയാങ്കല്ല് ഗുലേറ്ററിന്റെ ഷട്ടറുകൾ ഉയർത്താൻ ഊർജിതശ്രമം. തകർന്ന സംരക്ഷണഭിത്തി രണ്ടെണ്ണംഒഴികെ 25 ഷട്ടറുകളുംഉയർത്തുമെന്ന് മക്കാനിക്കൽ, സിവിൽ എൻജിനിയർമാർ പറഞ്ഞു.കഴിഞ്ഞ പ്രളയകാലത്താണ് വള്ളിയാങ്കല്ല് റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഷട്ടറുകൾകർന്നത്. ഒരുഷട്ടർ ചാനലിൽ നിന്ന് തന്നിമാറിഒഴുകിപ്പോയിരുന്നു. ഏപ്രണിന്റെ ില ഭാഗങ്ങളിൽകേടുണ്ടായി. മുഖ്യമന്ത്രി ഇടപെട്ടതിനെത്തുടർന്ന് മെക്കാനിക്കൽ -ഇലക്ട്രിക്കൽ വർക്കിന് 1.35 കോടി രൂപയുംസിവിൽ പ്രവൃത്തിക്ക് 17 കോടിരൂപയുംഉൾപ്പെടെ 18.35 കോടി രൂപയ്ക്ക്ഭരണാനുമതി ലഭിച്ചു. മെക്കാനിക്കൽ പ്രവൃത്തിക്ക് ടെൻഡറായി. ലോക്ഡൗൺ കഴിയുന്നതോടെനിർമാണം വേഗത്തിലാകും.

## മഴക്കാലരോഗ പ്രതിരോധത്തിന് പ്രത്യേക ഇടപെടൽ

പാലക്കാട്:മഴക്കാല രോഗങ്ങളെ തടഞ്ഞു നിർത്താൻ മഴയ്ക്കു മുൻപ് ശുചിത്വത്തിനും മാലിന്യസംസ്ക്കരണത്തിനും പ്രാധാന്യം നൽകിയാണ് ആരോഗ്യവകുപ്പ് പ്രവർത്തിക്കുന്നതെന്ന മന്ത്രി പറഞ്ഞു. ജില്ലാ കലക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് ഓരോ താലൂക്കിലും ഇൻസിഡെന്റൽ കമാന്റർമാരായി തഹസിൽദാർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാ തലത്തിൽ ജില്ലാ കലക്ടർ ചെയർമാനായും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ-ചെയർമാനായും എ.ഡി.എം സി.ഇ.ഒ ആയും എസ്.പി, ഡി.എം.ഒ എന്നിവരുൾപ്പെടുന്ന അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മാസ്ക് ഉപയോഗം അന്തരീക്ഷത്തിൽ നിന്നുള്ള അണുക്കൾ ശരീരത്തിൽ എത്തുന്നത് തടയാനും ഇത് മൂലം മഴക്കാല പൂർവ രോഗങ്ങൾ ഒരു പരിധി വരെ തടയാനായിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ കണക്കിലെടുത്ത് പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്നും മന്ത്രി പറഞ്ഞു

## നിബന്ധന ലംഘിച്ചാൽ പരീക്ഷ എഴുതാനാവില്ല

പാലക്കാട്:പരീക്ഷ എഴുതുന്ന കുട്ടികൾ സ്വന്തമായി കുടിവെള്ളം, പേന, മറ്റ് അവശ്യവസ്തുക്കൾ എന്നിവ കയ്യിൽ കരുതണം. മറ്റു കുട്ടികളുമായി സാധനങ്ങൾ കൈമാറ്റം ചെയ്യാൻ പാടില്ല. ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ ലംഘിച്ചാൽ പരീക്ഷ എഴുതാൻ അനുവദിക്കില്ല.

പരീക്ഷാ ജോലിക്കായി ജില്ലയിൽ 1964 ഇൻവിജിലേറ്റർമാരെ നിയമിച്ചിട്ടുണ്ട്. 196 പേരെ റിസർവിൽ വെച്ചിട്ടുണ്ട്. കൂടാതെ 199 ചീഫ് സൂപ്രണ്ടുമാരേയും 224 ഡെപ്യൂട്ടി സൂപ്രണ്ടുമാരേയും നിയോഗിച്ചിട്ടുണ്ട്. ഹയർസെക്കന്ററി വിഭാഗത്തിൽ 148 കേന്ദ്രങ്ങളിലായി 80186 വിദ്യാർത്ഥികളാണ് പരീക്ഷ എഴുതുന്നത്. ഇതിനായി 4008 അധ്യാപകരെ നിയമിച്ചിട്ടുണ്ട്. പുതിയ ഹോട്ട്സ്പോട്ട്, കണ്ടെയ്ൻമെന്റ് സോണുകൾ പ്രഖ്യാപിച്ചാൽ പരീക്ഷാ കേന്ദ്രം മാറ്റില്ല. പ്രത്യേക ശ്രദ്ധയോടെ ഇവരെ നിലവിലെ പരീക്ഷാ കേന്ദ്രത്തിൽ തന്നെപരീക്ഷ എഴുതിക്കും.

## എല്ലാ പരീക്ഷാകേന്ദ്രങ്ങളും അണുവിമുക്തമാക്കി ജില്ല അഗ്നിശമനസേന

പാലക്കാട്:ജില്ലയിലെ എല്ലാ പരീക്ഷാകേന്ദ്രങ്ങളും അഗ്നിശമനസേന അണുവിമുക്തമാക്കിയതായി ജില്ലാ ഓഫീസർ അരുൺ ഭാസ്കർ അറിയിച്ചു. പരീക്ഷാദിവസങ്ങളിൽ മുന്നൂറോളം സിവിൽ ഡിഫൻസ് വൊളണ്ടിയർമാർ, വിദ്യാർത്ഥികൾ ശാരീരിക അകലം പാലിക്കുന്നതും മാസ്കുകൾ കൃത്യമായി ധരിക്കുന്നതും സംബന്ധിച്ച് നിരീക്ഷിക്കും. വിദ്യാർത്ഥികൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകാനും പരീക്ഷാ കേന്ദ്രങ്ങളിൽ സിവിൽ ഡിഫൻസ് വൊളണ്ടിയർമാരുടെ സാന്നിധ്യമുണ്ടാകും. പരീക്ഷകൾ അവസാനിക്കുന്ന മുറയ്ക്ക് ക്ലാസ് മുറികൾ അണുവിമുക്തമാക്കും.



## മലപ്പുറം ജില്ലയിൽ 12 പുതിയ കേസുകൾ

**മാസ്ക് ധരിക്കാതെ പുറത്തിറങ്ങിയ 214 പേർക്കെതിരെയും കേസെടുത്തു**

മലപ്പുറം : കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച നിരോധനാജ്ഞ ലംഘിച്ചതിന് ജില്ലയിൽ 12 കേസുകൾ കൂടി ഇന്നലെ (മെയ് 25) രജിസ്റ്റർ ചെയ്തതായി ജില്ലാ പൊലീസ് മേധാവി യു. അബ്ദുൾ കരീം അറിയിച്ചു. വിവിധ സ്റ്റേഷനുകളിലായി 26 പേരെ ഇന്നലെ അറസ്റ്റു ചെയ്തു. നിർദേശങ്ങൾ ലംഘിച്ച് നിരത്തിലിറക്കിയ ആറ് വാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. ഇതോടെ നിരോധനാജ്ഞ ലംഘിച്ചതിന് പൊലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 4,324 ആയി. 5,332 പേരെയാണ് ഇതുവരെ അറസ്റ്റു ചെയ്തത്. ജില്ലയിലാകെ ഇതുവരെ 2,537 വാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്.

മാസ്ക് ധരിക്കാതെ വീടുകളിൽ നിന്ന് പുറത്തിറങ്ങിയതിന് 214 പേർക്കെതിരെ ഇന്നലെ (മെയ് 25) പൊലീസ് കേസെടുത്ത് പിഴ ഈടാക്കി. മാസ്ക് ധരിക്കണമെന്ന ഉത്തരവ് ലംഘിക്കുന്നവർക്കും മറ്റ് ആരോഗ്യ ജാഗ്രതാ നിർദേശങ്ങൾ ലംഘിക്കുന്നവർക്കുമെതിരെ പൊലീസ് കർശന നിയമ നടപടികൾ സ്വീകരിച്ചു വരികയാണ്.

## കിറ്റുകൾ വിതരണം ചെയ്തു

പെരിന്തൽമണ്ണ: പെരിന്തൽമണ്ണയിൽ കോവിഡ് മഹാമാരിയോട് അനുബന്ധിച്ച് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് അവശ്യ വസ്തുക്കളുടെയും പച്ചക്കറികളുടെയും കിറ്റുകൾ ക്രാഫ്റ്റ് ഹോസ്പിറ്റൽ വിതരണം ചെയ്തു. ചടങ്ങിൽ ക്രാഫ്റ്റ് ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ഡോ.ജുബൈരിയ ഷാജി, അഡ്മിനിസ്ട്രേറ്റർ ഷുക്കൂർ, മാനേജർ സന്ദീപ് ലാൽ, സാമൂഹിക പ്രവർത്തകരായ കുറ്റീരി മാനുപ്പ, ഷൈജൽ ആദിവാസി വികസന പ്രവർത്തകരായ കെ.ആർ.രവി, ഉണ്ണി പാർവ്വതി എന്നിവർ പങ്കെടുത്തു.

# ബസുകളിൽ സൗജന്യ യാത്രാ പാസുകൾ അനുവദിക്കുകയില്ല

മഞ്ചേരി: സർക്കാർ നിർദേശപ്രകാരം സാമൂഹ്യ അകലം പാലിച്ച് സർവീസ് നടത്തുന്ന സ്വകാര്യ ബസുകളിൽ സൗജന്യ യാത്രാ പാസുകൾ അനുവദിക്കുകയില്ലെന്ന് ബസ് ഓപറേറ്റേഴ്സ് ഫെഡറേഷൻ സംസ്ഥാന ട്രഷറർ ഹംസ ഏരിക്കുന്നൻ അറിയിച്ചു.

സംഘടനയുടെ മെമ്പർമാർക്കും ജീവനക്കാർക്കും ഉൾപ്പെടെ ജില്ലാ യൂണിറ്റുകൾ നൽകിയ സൗജന്യ യാത്രാപാസുകൾ സാമൂഹ്യ അകലം പാലിച്ച് സർവീസ് നടത്തുന്ന കാലത്തോളം അനുവദിക്കേണ്ടതില്ലെന്നും അത്തരം ആളുകൾക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള ടിക്കറ്റ് ചാർജ് നൽകി മാത്രമേ യാത്ര അനുവദിക്കുകയുള്ളൂ എന്നതാണ് സംഘടനയുടെ തീരുമാനം.

ബസുകളിൽ യാത്ര ചെയ്യാൻ അനുവാദമുള്ള യാത്ര ക്കാരുടെ എണ്ണം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബസ് ജീവനക്കാരുടെ നിർദേശം അവഗണിച്ച് ബലപ്രയോഗത്തിലൂടെ ബസുകളിൽ കയറുന്ന യാത്രക്കാരുടെ പേരിൽ നിയമ നടപടികളെടുക്കുന്നതിന് പകരം ബസുടമകളുടെയും ജീവനക്കാരുടെയും പേരിൽ നടപടി എടുക്കുന്നത് അംഗീകരിക്കാനാവില്ല.

സർക്കാർ നിർദേശ പ്രകാരം ഒരു സാമൂഹ്യ ബാദ്ധ്യത എന്ന നിലയിൽ വലിയ സാമ്പത്തിക നഷ്ടം സഹിച്ചു കൊണ്ടാണ് ബസുടമകളും ബസ് ജീവനക്കാരും സർവീസ് നടത്താൻ തയ്യാറായിട്ടുള്ളത്.

മെയ് 20 മുതൽ സർവീസ് നടത്തിയ ഒരു ബസിനു പോലും ഡീസൽ അടിക്കുന്നതിനുള്ള കാശ് പോലും ലഭിച്ചിട്ടില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പല ബസുകളിലും ബസുടമകൾ പോക്കറ്റിൽ നിന്ന് കാശ് എടുത്താണ് ജീവനക്കാർക്ക് ശമ്പളം നൽകിയത്. അതുപോലെ പല ജീവനക്കാരും ഉടമയുടെ നിസഹായാവസ്ഥ മനസ്സിലാക്കി സൗജന്യമായാണ് ജോലി ചെയ്തത്.

യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്നത് അനുസരിച്ചും വിവിധ പരീക്ഷ തുടങ്ങുന്ന സമയത്തും കൂടുതൽ സർവീസുകൾ തുടങ്ങുന്നതിനാണ് സംഘടന മെമ്പർ മാർക്ക് നിർദേശം നൽകിയിട്ടുള്ളത്.

ഈ സാഹചര്യത്തിൽ ഉദ്യോഗസ്ഥരുടെ ഇത്തരം നിരുത്തരവാദപരമായ നടപടികൾ നഷ്ടം സഹിച്ചും സർവീസ് നടത്താൻ തയ്യാറായ ബസുടമകളെയും ബസ് ജീവനക്കാരെയും അതിൽ നിന്ന് പിന്തിരിപ്പിക്കാൻ മാത്രമേ സഹായിക്കുകയുള്ളൂവെന്നും വിദ്യാർഥികൾക്ക് സർക്കാർ നിർദേശ പ്രകാരമുള്ള സൗജന്യ യാത്ര അനുവദിക്കുമെന്നും ഹംസ ഏരിക്കുന്നൻ കൂട്ടിച്ചേർത്തു

## കാട്ടാന വ്യാപക കൃഷി നാശം വരുത്തി



കരുവാരകുണ്ട്: കേരള എസ്റ്റേറ്റ് പുതിയകട കോളനിയിൽ ഇറങ്ങിയ കാട്ടാന കൃഷി നശിപ്പിച്ചു. കൊയ്ത്തബഷീർ, ചെറുകുഴിയിൽ ജേക്കബ്, മുസ്ലിയാരകത്ത് സൈനബ, പട്ടിക്കാടൻ യൂസഫ് എന്നിവരുടെ വിളകളാണ് നശിപ്പിച്ചത്. കഴിഞ്ഞദിവസം പുലർച്ചെ ഒന്നരയോടെയാണ് സംഭവം. തുടർന്ന് റോഡിലിറങ്ങിയ കാട്ടാനയെ യുവാക്കൾ ജനവാസ മേഖലയിൽനിന്ന് കാട്ടിലേക്ക് ഓടിച്ചു കയറ്റിവിട്ടു. ആർത്തല വനത്തിൽ നിന്ന് ചെന്പൻകാട് വഴിയാണ് ഒറ്റയാൻ ജനവാസ മേഖലയിൽ ഇറങ്ങിയത്.

എടക്കര: പോത്തുകൽ പന്നിച്ചാൽ ജനവാസ കേന്ദ്രത്തിൽ കാട്ടാന വ്യാപക കൃഷിനാശം വരുത്തി. കുളങ്ങര സണ്ണി, പുളിക്കൽ ബാലൻ, അരിങ്ങട ബിജു, പുളിക്കൽ ശ്രീധരൻ എന്നിവരുടെ കൃഷിയിടങ്ങളിലാണ് കാട്ടാന കൃഷിനാശം വരുത്തിയത്. പന്നിച്ചാൽ വനത്തിൽ നിന്നും കാട്ടാനയിറങ്ങിയത്. കാട്ടാന കർഷകരുടെ വാഴ നശിപ്പിക്കുകയും പ്ലാവുകളിലെ ചക്ക തിന്നുകയും ചെയ്തു. ആനയിറങ്ങിയ വിവരമറിഞ്ഞ നാട്ടുകാർ പടക്കം പൊട്ടിച്ചാണ് ആനയെ കാട്ടിലേക്ക് തുരത്തിയത്.വനാതിർത്തിയിൽ ഫെൻസിംഗ് നിർമിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനരഹിതമാണ്. പലതവണ വനം വകുപ്പ് ഓഫീസിൽ പരാതി നൽകിയെങ്കിലും വൈദ്യുത വേലി പ്രവർത്തനക്ഷമമാക്കാൻ വനംവകുപ്പ് നടപടി സ്വീകരിച്ചിട്ടില്ലെന്ന് പ്രദേശവാസികൾ പറയുന്നു

## കക്കാട് - തിരൂരങ്ങാടി റോഡിന്റെ ടാറിഗ് പ്രവൃത്തികൾ വീണ്ടും തുടങ്ങി

തിരൂരങ്ങാടി: റോഡിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചശേഷം നവീകരണ പ്രവൃത്തികൾ തുടർന്നാൽ മതിയെന്ന നാട്ടുകാരുടെ നിലപാടിനെ തുടർന്ന് മൂന്ന് മാസമായി നിർത്തിവച്ച കക്കാട് - തിരൂരങ്ങാടി റോഡിന്റെ ടാറിഗ് പ്രവൃത്തികൾ വീണ്ടും തുടങ്ങി. നാടുകാണി - പരപ്പനങ്ങാടി പാത നവീകരണത്തിന്റെ ഭാഗമായാണ് ഇവിടെ റോഡ് നവീകരണം നടക്കുന്നത്. റോഡോരങ്ങളിലെ സ്വകാര്യ വ്യക്തികളുടെ കൈയ്യേറ്റം ഒഴിപ്പിക്കാതെയും ഡ്രെയിനേജ് നിർമ്മിക്കാതെയുമുള്ള നിർമ്മാണം നിറുത്തിവെക്കണമെന്ന ആവശ്യം പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ചിരുന്നില്ല. തുടർന്ന് വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ പ്രവർത്തി തടയുകയായിരുന്നു. നാളിത്രയായിട്ടും കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കാനോ ഡ്രെയിനേജ് നിർമ്മിക്കാനോ ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിച്ചിട്ടില്ല. റോഡിന്റെ ഒരു ഭാഗം മാത്രം ടാറിംഗ് നടത്തുകയും മറുഭാഗം പഴയ പടി നിലനിർത്തുകയും ചെയ്തതിനാൽ ഈ ഭാഗങ്ങളിൽ അപകടങ്ങൾ പതിവായിരുന്നു. തുടർന്ന് ഇന്നലെ തിരൂരങ്ങാടി എസ്.എച്ച്.ഒ റോയിയുടെ നേതൃത്വത്തിൽ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സി മുഹമ്മദ് ശാഫി, എ.ഇ സിദ്ധീഖ്, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സമരനേതാക്കളായ എം.പി സ്വാലിഹ് തങ്ങൾ, യാസിൻ തിരൂരങ്ങാടി, ശംസുദ്ധീൻ തോട്ടത്തിൽ, നജീബ് പാറപ്പുറം, ടി.റഹീം എന്നിവരുമായി ചർച്ച നടത്തി. റോഡിലെ കുഴികൾ അടക്കാമെന്നും കൈയ്യേറ്റം ഒഴിപ്പിക്കുന്ന നടപടികൾ വേഗത്തിലാക്കാമെന്നും പൊതുമരാമത്ത് ഉദ്യോഗസ്ഥർ ഉറപ്പേകി.

## ഇത് പാഴ് വസ്തുവല്ല, ഓടും വണ്ടി

വേങ്ങര : ഡിവൈഎഫ്ഐ റീസൈക്കിൾ കേരളയിലൂടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം കണ്ടെത്തുന്നതിന്റെ ഭാഗമായി പാഴ് വസ്തുക്കൾ ശേഖരിക്കാനെത്തിയവർക്കുമുന്നിലേക്ക് നീട്ടിയത് സഞ്ചാരയോഗ്യമായ ബൈക്ക്. ഊരകം കുന്നത്തുള്ള കറുത്തേടത്ത് വിനീത് ആണ് സ്വന്തം ബൈക്ക് സംഭാവനചെയ്തത്. വീട്ടിലെത്തിയ ഡിവൈഎഫ്ഐ പ്രവർത്തകർക്ക് 2012 മോഡൽ ബജാജ് സിടി 100 ബൈക്കിന്റെ ആർസി അടക്കമുള്ള രേഖകൾ വിനീത് കൈമാറി.

നാട്ടിൽ കൂലിപ്പണിയെടുത്ത് ജീവിക്കുന്ന വിനീത് സ്വന്തം സമ്പാദ്യമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയത്. ഡിവൈഎഫ്ഐ മലപ്പുറം ബ്ലോക്ക് ജോയി?ന്റ് സെക്രട്ടറി



പി സൈഫുദ്ദീൻ ഏറ്റുവാങ്ങി. സെക്രട്ടറി പി സതീഷ് ബാബു, പ്രസിഡ?ന്റ് കെ രോഹിത്, മേഖലാ കമ്മിറ്റി അംഗങ്ങളായ പി ഷൈജു, ടി സതീഷ് എന്നിവരും സന്നിഹിതരായി.

## കോവിഡ് 19; മലപ്പുറം ജില്ലയിൽ ഒരാൾ കൂടി രോഗമുക്തനായി

മലപ്പുറം : കോവിഡ് 19 സ്ഥിരീകരിച്ച് മഞ്ചേരി ഗവ.മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ഒരാൾ കൂടി വിദഗ്ധ ചികിത്സക്ക് ശേഷം രോഗമുക്തനായി. മെയ് 15ന് രോഗബാധ സ്ഥിരീകരിച്ച പുലാമന്തോൾ കുരുവമ്പലം സ്വദേശി 42കാരനാണ് രോഗം ഭേദമായതെന്ന് ജില്ലാമെഡിക്കൽ ഓഫീസർ ഡോ.കെ സക്കീന അറിയിച്ചു. മെയ് ഏഴിന് ദുബായിൽ നിന്നെത്തിയ പ്രത്യേക വിമാനത്തിലാണ് ഇയാൾ തിരിച്ചെത്തിയിരുന്നത്. രോഗലക്ഷണങ്ങളെ തുടർന്ന് മെയ് 12ന് ഐസൊലേഷനിൽ പ്രവേശിപ്പിച്ചു. തുടർ നിരീക്ഷണങ്ങൾക്കായി ഇദ്ദേഹത്തെ മഞ്ചേരി ഗവ.മെഡിക്കൽ കോളജ് ആശുപത്രിയിൽ സ്റ്റപ് ഡൗൺ ഐ.സിയുവിലേക്ക് മാറ്റിയിരിക്കുകയാണ്. ഇയാൾക്ക് പുറമെ രോഗമുക്തി നേടിയ തിരൂർ ബി.പി അങ്ങാടി സ്വദേശിനിയായ ഗർഭിണിയും മാറഞ്ചേരി പുറങ്ങ് സ്വദേശിയും സ്റ്റപ് ഡൗൺ ഐ.സിയുവിൽ തുടരുന്നുണ്ട്.

## രോഗമുക്തരായ രണ്ട് പേർ ഇന്ന് വീടുകളിലേക്ക് മടങ്ങും

മലപ്പുറം : വിദഗ്ധ ചികിത്സക്ക് ശേഷം കോവിഡ് 19 ഭേദമായ രണ്ട് പേർ ഇന്ന് (മെയ് 26) മഞ്ചേരി ഗവ.മെഡിക്കൽ കോളജ് ആശുപത്രിയിൽ നിന്ന് വീടുകളിലേക്ക് മടങ്ങും. ഇന്നലെ( മെയ് 25) രോഗവിമുക്തനായ പുലാമന്തോൾ കുരുവമ്പലം സ്വദേശി 42കാരൻ, മെയ് 24ന് രോഗം ഭേദമായ മാറഞ്ചേരി പുറങ്ങ് സ്വദേശി 50 കാരൻ എന്നിവരാണ് ആശുപത്രി വിടുക. ഇവരെ 108 ആംബുലൻസുകളിൽ വീടുകളിലെത്തിക്കും. ഇരുവരും സ്റ്റപ് ഡൗൺ ഐ.സിയുവിൽ തുടർ നിരീക്ഷണത്തിൽ കഴിയുകയായിരുന്നു. തിരൂർ ബി.പി അങ്ങാടി സ്വദേശിനിയായ യുവതിമാത്രമാകും ഇനി സ്റ്റപ് ഡൗൺ ഐ.സിയുവിൽ തുടരുക. ഇവരുടെ മൂന്ന് വയസുള്ള മകൻ കോവിഡ് ബാധിതനായി ഐസൊലേഷനിലാണ്.

## മാലിന്യങ്ങൾ ഇതുവരെ നീക്കം ചെയ്തിട്ടില്ല

നിലമ്പൂർ: മൺസൂൺ തൊട്ടടുത്തെത്തിയിട്ടും കഴിഞ്ഞ പ്രളയകാലത്ത് ചാലിയാറിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ ഇതുവരെ നീക്കം ചെയ്തിട്ടില്ല. മണ്ണും ചളിയും അധികമായി അടിഞ്ഞു കൂടിയ മണലും അടിയന്തിരമായി നീക്കം ചെയ്തിട്ടില്ലെങ്കിൽ മഴയ്ക്ക് പിന്നാലെ പെട്ടെന്ന് തന്നെ വെള്ളം കയറാൻ സാദ്ധ്യത ഏറെയാണ്.

ഇതുമായി ബന്ധപ്പെട്ട് വ്യാപക പരാതികളെ തുടർന്ന് നിലമ്പൂർ ബ്ലോക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.പി.സുഗതന്റെ നേതൃത്വത്തിൽ ഇന്നലെ അടിയന്തിര യോഗം ചേർന്നു. മാലിന്യ നീക്കത്തിനായുള്ള പ്രവർത്തികൾ ചെയ്യാൻ അനുമതിയുള്ളത് ഗ്രാമപഞ്ചായത്തുകൾക്കാണെന്നും ബ്ലോക്ക് പഞ്ചായത്ത് ഡി.പി.ആർ പ്രകാരമുള്ള തുക അതാത് പഞ്ചായത്തുകൾക്ക് നൽകുന്നതിന് ജില്ലാ കളക്ടറോട് അപേക്ഷിക്കാനും യോഗം തീരുമാനിച്ചു. ഗ്രാമപഞ്ചായത്തുകൾ പ്രവർത്തികൾ ഏറ്റെടുക്കാൻ തയ്യാറല്ലെങ്കിൽ ഇതു ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കാമെന്ന് കളക്ടറെ അറിയിക്കാനും യോഗത്തിൽ തീരുമാനമായി

## സുഭിക്ഷ കേരളം പദ്ധതിക്ക് ചേമഞ്ചേരിയിൽ തുടക്കമായി

**കൊയിലാണ്ടി:**സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കുളങ്ങളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിക്ക് ചേമഞ്ചേരിയിൽ തുടക്കമായി.വറുതിയുടെ നാളുകളിൽ സമ്പത്ത് വിളയിക്കാൻ വേണ്ടി കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് സുഭിക്ഷ കേരളം. വർഷങ്ങളായി തരിശിട്ട വെറ്റിലപ്പാറയിലേയും കാഞ്ഞിലശ്ശേരിയിലേയും ഒമ്പത് ഏക്കർ നെൽപ്പാടങ്ങളിൽ കർഷക കൂട്ടായ്മ വിത്തുകളിറക്കി. ശുദ്ധജല മത്സ്യകൃഷിയുടെ ജില്ലാതല ഉദ്ഘാടനം ചേമഞ്ചേരിയിലെ പാത്തികുളത്തിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് അശോകൻ കോട്ട് ഉദ്ഘാടനം ചെയ്തു. . ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഡെപ്യൂട്ടി ഡയറക്റ്റർ പി.കെ. സുധീഷ്കിഷൻ, ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ ഇ. അനിൽകുമാർ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ ഉണ്ണി തിയ്യക്കണ്ടി, വാർഡ് മെമ്പർ പി.കെ. രാമകൃഷ്ണൻ മുൻ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സുനിതാ പടിഞ്ഞാറയിൽ എന്നിവർ സംബന്ധിച്ചു.

## നിര്യാതയായി



**ചെമ്മരത്തൂർ:** ആര്യന്നൂരിലെ പരേതനായ പെരിക്കാലക്കണ്ടി കുഞ്ഞിരാമക്കുറുപ്പിന്റെ ഭാര്യ കോയിപ്പറമ്പത്ത് കുഞ്ഞിപാർവതി അമ്മ (87) നിര്യാതയായി. മക്കൾ: പത്മാവതി (പള്ളിക്കര), കെ.പി രവീന്ദ്രൻ (റിട്ട. ഹെഡ് മാസ്റ്റർ, എം.സി.എം യു.പി), മോഹനൻ (റിട്ട. ക്ലർക്ക്, മണിയൂർ ഗവ. എച്ച്.എസ്.എസ്), പി.പി സത്യനാഥൻ (അധ്യാപകൻ, വളാഞ്ചേരി എച്ച്.എസ്.എസ്), മുരളീധരൻ (എം.ആർ സൊല്യൂഷൻസ്), വിജിത്കുമാർ (റിട്ട. എയർ ഫോഴ്സ്, കേരള ഗ്രാമീൺ ബാങ്ക്, നീലേശ്വരം). മരുമക്കൾ: പ്രീത, റീന, നിഷ, പ്രകാശിനി, സ്മിത, പരേതനായ കുഞ്ഞിഅനന്തൻ കിടാവ്. സഞ്ചയനം വ്യാഴാഴ്ച.

# ബ്രെയ്ക്ക് ദി .......... ?

**ആർ വിജയൻ**

**വടകര:** കൊറോണ വൈറസ് വ്യാപനം നാട്ടിൽ ആരംഭിച്ച നാളുകളിൽ നാടെങ്ങും കാണാറായ ഒരു പ്രതിഭാസമായിരുന്നു ബ്രെയ്ക്ക് ദി ചെയിൻ കാമ്പയനുമായി ബന്ധപ്പെട്ട കൈ കഴുകൽ കേന്ദ്രം. മൂന്ന് മാസത്തോളമായി വൈറസിന്റെ വ്യാപനം ആശങ്ക വർധിപ്പിച്ചു കൊണ്ട് സംഹാര താണ്ഡവം തുടരുമ്പോൾ കൂടുതൽ ജാഗ്രതയോടെ പ്രാവർത്തികമാക്കേണ്ടുന്ന സാമൂഹിക അകലം പാലിക്കലും സാനിറ്റൈസറോ സോപ്പോ ഉപയോഗിച്ചുള്ള കൈ കഴുകലും ഏറ്റവും ഗൗരവത്തോടെ കാണേണ്ട അവസരത്തിൽ പലയിടങ്ങളിലും കൈ കഴുകൽ കേന്ദ്രം സ്മാരകശില പോലെ നിലകൊള്ളുകയാണ്.

ആളേറെ കൂടുന്ന പഴയ-പുതിയ ബസ് സ്റ്റാന്റുകളിൽ അത്യാവേശത്തോടെ സന്നദ്ധ സംഘടനകളും വ്യാപാരി കൂട്ടായ്മകളും സ്ഥാപിച്ച കൈ കഴുകൽ കേന്ദ്രത്തിൽ ഇപ്പോൾ വെള്ളവും സോപ്പും കിട്ടാത്ത അവസ്ഥയാണുള്ളത്. കഴിഞ്ഞ രണ്ടു മാസം ലോക്ക് ഡൗൺ കാലമായതിനാൽ അതിന്റെ ആവശ്യം ഉണ്ടായിരുന്നില്ല. എന്നാൽ രണ്ടാഴ്ചയോളമായി ആളുകൾ പലവിധ ആവശ്യങ്ങൾക്കുമായി പുറത്തിറങ്ങുകയും ബസിലും ഓട്ടോറിക്ഷകളിലും യാത്ര തുടങ്ങുമ്പോഴും അവസാനിപ്പിക്കുമ്പോഴും ഈ കൈ കഴുകൽ കേന്ദ്രം ഏറെ പ്രയോജനപ്പെടുത്തേണ്ടതാണ്.

ഇവ സ്ഥാപിച്ചവർ അവഗണിച്ചാലും ഉള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ബന്ധപ്പെട്ട നഗരസഭാ കൗൺസിലർമാരോ ആരോഗ്യ വിഭാഗമോ ശ്രദ്ധിക്കേണ്ടതല്ലേ എന്നാണ് ഇവിടെയെത്തി വെള്ളവും സോപ്പും കിട്ടാത്തവർ ചോദിക്കുന്നത്.

മുമ്പ് പുതിയ ബസ് സ്റ്റാന്റിൽ സാനിറ്റൈസർ ഉപയോഗിക്കാൻ നിർബന്ധിക്കുന്ന ഒരു വിഭാഗം വളണ്ടിയർമാർ ബൂത്ത് സ്ഥാപിച്ച് രാപ്പകൽ സേവനം അനുഷ്ഠിച്ചതും



*വടകര പുതിയ ബസ് സ്റ്റാന്റിൽ സ്ഥാപിച്ച നിർജീവാവസ്ഥയിലായ കൈ കഴുകൽ കേന്ദ്രം*

പുന:രാരംഭിച്ചിട്ടില്ല. വൈറസ് വാഹകരും അല്ലാത്തവരും പുറത്തിറങ്ങുന്ന വർത്തമാന കാലത്ത് അധികാരികളുടെ ഭാഗത്ത് നിന്നുണ്ടാവുന്ന ചെറിയ ജാഗ്രതക്കുറവ് പോലും അപകടം വരുത്തി വെക്കില്ലേ എന്നാണ് നാട്ടുകാർ ചോദിക്കുന്നത്.

## കോൺഗ്രസ്സ് വഞ്ചനാദിമായി ആചരിച്ചു

**കോഴിക്കോട് :** എൽ.ഡി.എഫ് ഗവൺമെൻറിന്റെ നാലാം വാർഷിക ദിനമായ മെയ് 25 ന് കോൺഗ്രസ്സിന്റ നേതൃത്വത്തിൽ വഞ്ചനാദിനമായി ആചരിച്ചു. വടകര ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന പ്രധിഷേധ പരിപാടി ശ്രീ കെ മുരളീധരൻ എം.പി ഉദ്ഘാടനം ചെയ്തു. പുറന്തോടത്ത് സുകുമാരൻ അദ്ധ്യക്ഷത വഹിച്ചു.കാശ്മീരിലെ രാഷ്ട്രീയ സമരത്തിന്റെ പേരിലാണ് ഫറൂഖ് അബ്ദുള്ളയെ നരേന്ദ്ര മോഡി തുറങ്കലിൽ അടച്ചതെങ്കിൽ കേരളത്തിൽ കൊറോണയുടെ പേരിൽ യു ഡി എഫ് നേതാക്കൾക്ക് അനാവശ്യ കോറൻറയിൻ തടവ് വിധിക്കുകയാണ് പിണറായി വിജയൻ.

സർക്കാറിന്റെ വീഴ്ചകളിൽ പ്രതിഷേധിക്കുന്ന കോൺഗ്രസ്സ് നേതാക്കളുടെ പേരിൽ വ്യാപകമായി കള്ള കേസ് എടുക്കുകയാണ്. കടകംപള്ളി സുരേന്ദ്ര



നും എ.സി മൊയ്തീനും സർക്കാർ ഒരു നീതിയും യു.ഡി.എഫ് നേതാക്കൾക്ക് മറ്റൊരു നീതിയുമാണ് ഇടതു സർക്കാറിൽ നിന്നും ലഭിക്കുന്നതെന്നും കെ.മുരളീധരൻ പ്രസ്താവിച്ചു.അഡ്വ.സി വത്സലൻ, വി കെ പ്രേമൻ, ജയദാസ് കാടോട്ടി കെ.പി സുബൈർകെ.എം ദാസ് ,നല്ലാടത്ത് രാഘവൻ എന്നിവർ സംസാരിച്ചു

## അതിഥി തൊഴിലാളികൾക്കുള്ള സൗജന്യ അരി വിതരണം ആരംഭിച്ചു

**വടകര:** കേന്ദ്ര സർക്കാരിന്റെ ആത്മ നിർഭർ ഭാരത് പദ്ധതി പ്രകാരം അന്യദേശ അതിഥി തൊഴിലാളികൾക്ക് പ്രതിമാസം അഞ്ച് കിലോ ഗ്രാം സൗജന്യ അരി വീതം നൽകുന്ന പദ്ധതിക്ക് വില്യാപ്പള്ളി എൻ.എഫ് എസ്.എ ഗോഡൗണിൽ തുടക്കമായി. വളയം പഞ്ചായത്തിലുള്ള 350 ഓളം അതിഥി തൊഴിലാളികൾക്ക് 3,500 കിലോ (മെയ്, ജൂൺ മാസത്തേക്കുള്ളത്) ഇന്നലെ വിതരണം നടത്തി താലൂക്ക് സപ്ലൈ ഓഫീസർ സജീവന് പുറമെ എൻ.എഫ്.എസ്.എ. ഓഫീസർ ഇൻ ചാർജ് പി സീന, വളയം പഞ്ചായത്ത് സെക്രട്ടറി കെ വിനോദ് കൃഷ്ണൻ, ഹെഡ് ക്ലാർക്ക് ടി പ്രേമാനന്ദൻ, റേഷനിങ് ഇൻസ്പെക്ടർമാർ എന്നിവരും സന്നിഹിതരായിരുന്നു.



*കേന്ദ്ര സർക്കാരിന്റെ ആത്മ നിർഭർ ഭാരത് പദ്ധതി പ്രകാരം അന്യദേശ അതിഥി തൊഴിലാളികൾക്ക് സൗജന്യ അരി വിതരണം ആരംഭിച്ചപ്പോൾ*

## റിയൽ എസ്റ്റേറ്റ് മേഖലയെ സർക്കാർ അവഗണിക്കുന്നു: എസ്.ഐ.ആർ.ബി.യു

**കൊയിലാണ്ടി:** ജാതി-മത-കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ റിയൽ എസ്റ്റേറ്റ് രംഗത്ത് പ്രധാന ഇടനിലക്കാരായി പ്രവർത്തിക്കുന്ന സൗത്ത് ഇന്ത്യൻ റിയൽ എസ്റ്റേറ്റ് ബ്രോക്കേഴ്സ് യൂണിയനിലെ (എസ്.ഐ.ആർ.ബി.യു) പാവപ്പെട്ട അംഗങ്ങൾക്കുള്ള സൗജന്യ ഭക്ഷണ കിറ്റ് വിതരണ പദ്ധതി കൊയിലാണ്ടി ഓഫീസ് പരിസരത്ത് വെച്ച് നടന്നു. ജനറൽ സിക്രട്ടറിടി.പി സാഹിർ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.വസ്തു കച്ചവട രംഗത്ത് ഇടനിലക്കാരായി നിന്ന് കച്ചവടം ചെയ്യുന്ന റിയൽ എസ്റ്റേറ്റ് ബ്രോക്കേഴ്സിനെ സർക്കാർ അവഗണിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.കേരളത്തിൽ മാത്രം പതിനായിരക്കണക്കിന് റിയൽ എസ്റ്റേറ്റ് ബ്രോക്കർമാരുണ്ട്. അവർക്ക് കുടുംബങ്ങളുണ്ട്.നോട്ട് നിരോധനത്തിന് ശേഷം കച്ചവടമില്ലാതെ കഷ്ടപ്പെടുന്ന നിരവധി പേരുണ്ട്.

ലോക് ഡൗൺ കാലത്ത് ചെരുപ്പുകുത്തികൾ മുതൽ അയൽ സംസ്ഥാന തൊഴിലാളികൾക്ക് വരെആനുകൂല്യങ്ങൾ പ്രഖ്യാപിച്ചുവെങ്കിലും സർക്കാർ റിയൽ എസ്റ്റേറ്റ് ബ്രോക്കർമാർക്ക് മാത്രം ഒരു അനുകൂല്യങ്ങളും പ്രഖ്യാപിച്ചില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. റിയൽ എസ്റ്റേറ്റ് മേഖല ഒരിക്കലും തളരില്ലെന്നും മറിച്ച് ലോകം മുഴുവൻ ഉറ്റുനോക്കുന്ന കേരളത്തിൽ റിയൽ എസ്റ്റേറ്റ് രംഗം കൂടുതൽ സജീവമാകുമെന്നും ചടങ്ങിൽ സംസാരിച്ചവർ വിലയിരുത്തി. ചടങ്ങിൽ സംസ്ഥാന വൈസ് പ്രസിഡന്റുമാരായ ഗഫൂർ താമരശ്ശേരി,മജീദ് വെങ്ങളം,സംസ്ഥാന ജോ: സിക്രട്ടറി എം.പി. റീജ,കോഴിക്കോട് ജില്ല പ്രസിഡണ്ട് പി.വി.ആലി, സിക്രട്ടറി പ്രസാദ് നരിക്കുനി, ട്രഷറർ അരവിന്ദൻ വടകര, സംസ്ഥാന കമ്മിറ്റി അംഗം ശ്രീധരൻ നായർ ,ജില്ല കമ്മിറ്റി അംഗങ്ങളായ റഷീദ് കൊയിലാണ്ടി,ശാദുലി , രാജൻ പിള്ള, എന്നിവർ സംസാരിച്ചു

## ക്വാറന്റൈനിൽ ഇളവ് ;ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി വേണം

**വടകര:** ആരോഗ്യ വകുപ്പിന്റെ കടുത്ത അനാസ്ഥയാണ് ക്വാറന്റൈനിൽ കഴിയുന്ന തലശ്ശേരി ജനറൽ ആശുപത്രി ജീവനക്കാരിയായ ചോമ്പാൽ കറപ്പക്കുന്നു സ്വദേശി രോഗ പരിശോധനാ അന്തിമഫലം വരുന്നത് വരെ കാത്ത് നിൽക്കാതെ നാട്ടിലേക്ക് തിരിക്കാൻ കാരണമായതെന്ന് ജനകീയ മുന്നണി അഴിയൂർ പഞ്ചായത്ത് കമ്മിററി വിലയിരുത്തി.

കാര്യങ്ങൾ നിയന്ത്രിക്കേണ്ട വകുപ്പ് തന്നെ ഇത്തരം സമീപനങ്ങൾ സ്വീകരിച്ചത് ഒരു പ്രദേശത്തെയാകമാനം ആശങ്കയിലാക്കാൻ കാരണമായിരിക്കയാണ്. ക്വാറന്റൈൻ കാലയളവിൽ ഇളവ് നല്കിയ മേലുദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് ജനകീയ മുന്നണി അഴിയൂർ പഞ്ചായത്ത് കമ്മിറ്റി സർക്കാരിനോടാവശ്യപ്പെട്ടു. പഞ്ചായത്ത് മുഴുവൻ ഹോട്ട് സ്പോട്ട് ആവുക വഴി മുഴുവൻ ജനങ്ങളുടെയും സഞ്ചാരസ്വാതന്ത്ര്യം കൂടി നിഷേധിക്കപ്പെടുന്ന ദുരവസ്ഥയാണ് സംജാതമായിരിക്കുന്നത്. ചെയർമാൻ കെ അൻവർ ഹാജി, ഇ.ടി അയ്യൂബ്, പ്രദീപ് ചോമ്പാല, പി ബാബുരാജ്, കെ ഭാസ്കരൻ, വി.കെ അനിൽകുമാർ, ഹാരിസ് മുക്കാളി, കെ.പി രവീന്ദ്രൻ, സി സുഗതൻ സംസാരിച്ചു.



## കാർഷിക കടങ്ങൾ എഴുതിത്തള്ളണം; കിസാൻ കോൺഗ്രസ്

**മാനന്തവാടി :**കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളും കോവഡിന്റെപശ്ചാത്തലത്തിൽ എഴുതിത്തള്ളണമെന്ന് കിസാൻ കോൺഗ്രസ് ജില്ലാ കമ്മിറ്റിആവശ്യപ്പെട്ടു. ലോക് ഡൗൺ സമയത്ത് ബാങ്കുകൾ തുറക്കാത്തതിനാൽ മുതൽ സംഖ്യഅടച്ച് വായ്പ പുതുക്കാൻ പോലും സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.നിരവധി കർഷകർക്ക് പലിശ ഇനത്തിൽ ഭിച്ചിരുന്ന ആനുകൂല്യങ്ങളും മറ്റുംനഷ്ടപ്പെട്ടു പോകാതിരിക്കാൻ സർക്കാർ ഉടൻ ഇടപെട്ട് ലോൺ കാലാവധിനീട്ടിവെക്കുന്ന നിലപാട് സ്വീകരിക്കണം. കാർഷിക മേഖല പാടെ തകർന്നിരിക്കുകയാണ്. . കർഷകർക്ക് ലോൺതിരിച്ചടക്കാൻ ഒരു ഗതിയും ഇല്ലാതെ വഴിമുട്ടിയിരിക്കുന്ന ഈ സാഹചര്യത്തിൽകേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഉടൻ ഇടപ്പെട്ട് കർഷകരെ രക്ഷിക്കുന്നതിന്നടപടി സ്വീകരിക്കണം.

## വൈദ്യുതി മുടങ്ങും

**കൽപ്പറ്റ:** മാനന്തവാടി സെക്ഷനിലെ കണിയാരം, കുറ്റിമൂല, വിളനിലം, പിലാക്കാവ്, പഞ്ചാരക്കൊല്ലി, വട്ടർകുന്ന്, പ്രിയദർശിനി, മണിയൻകുന്ന് എന്നിവിടങ്ങളിൽ ഇന്ന് (ചൊവ്വ) രാവിലെ 9 മുതൽ 5 വരെ വൈദ്യൂതി മുടങ്ങും
വരദൂർ സെക്ഷനിലെ വരദൂർ മിൽക്ക്, താഴെ വരദൂർ ഭാഗങ്ങളിൽ ഇന്ന് (ചൊവ്വ) രാവിലെ 9 മുതൽ 5 വരെ വൈദ്യുതി പൂർണമായോ ഭാഗികമായോ മുടങ്ങും.പടിഞ്ഞാറത്തറ സെക്ഷനിലെ മുണ്ടക്കുറ്റി ഭാഗത്ത് രാവിലെ 9 മുതൽ 3 വരെയും മൂൺലൈറ്റ് ഭാഗത്ത് ഉച്ചയ്ക്ക് 12 മുതൽ 6 വരെയും പത്താം മൈൽ ഭാഗത്ത് രാവിലെ 9 മുതൽ 5 വരെയും ഇന്ന് (ചൊവ്വ) പൂർണമായോ ഭാഗികമായോ വൈദ്യുതി മുടങ്ങും.

## അവലോകന യോഗം ഇന്ന്

**കൽപ്പറ്റ:**കൽപറ്റ നിയോജകമണ്ഡലത്തിൽ ഭക്ഷ്യ സുഭിക്ഷം പദ്ധതിയുടെ അവലോകന യോഗം ഇന്ന് (മെയ് 26) ചൊവ്വ ഉച്ചക്ക് 2 ന് കൽപ്പറ്റ പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് ഹാളിൽ ചേരും. ബന്ധപ്പെട്ടവർ കൃത്യ സമയത്ത് യോഗത്തിൽ പങ്കെടുക്കണമെന്ന് സി.കെ. ശശീന്ദ്രൻ എം.എൽ.എ. അറിയിച്ചു.

# ആരോഗ്യ ജാഗ്രതയിൽ ഇന്ന് പരീക്ഷകൾ

**കൽപ്പറ്റ:** കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മാറ്റി വെയ്ക്കപ്പെട്ട പരീക്ഷകൾ ജില്ലാ ഭരണകൂടത്തിന്റെ മേൽനോട്ടത്തിൽ ഇന്ന് (ചൊവ്വ) ആരംഭിക്കും. പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച മുന്നൊരുക്കങ്ങൾ മന്ത്രി എ.കെ.ശശീന്ദ്രന്റെ അധ്യക്ഷതയിൽ കളക്ട്രേറ്റിൽ ചേർന്ന യോഗം അവലോകനം ചെയ്തു.

വിദ്യാർത്ഥികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നിർവഹിച്ചിട്ടുള്ളതായി വിദ്യാഭ്യാസ വകുപ്പ് അധികൃതർ യോഗത്തിൽ അറിയിച്ചു. 91 സ്കൂളുകളാണ് ജില്ലയിൽ പരീക്ഷാ കേന്ദ്രങ്ങളാവുന്നത്. ഇവിടങ്ങൾ ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ ശുചീകരണം നടത്തി. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ ആരോഗ്യ പ്രവർത്തകരെയും ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. ഒരു സ്കൂളിൽ രണ്ട് വീതം ആരോഗ്യ പ്രവർത്തകരെയാണ് നിയോഗിക്കുക. ആശ വർക്കർമാർ, ജെ.എച്ച്.ഐ.മാർ എന്നിവരെ ഇതിനായി ഉപയോഗപ്പെടുത്തും.

വിദ്യാർത്ഥികൾ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തുന്നതിനായി ബസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി., വിവിധ സ്കൂൾ ബസുകൾ എന്നിവ ഇതിനായി ഉപയോഗിക്കും. സ്കൂളിന്റെ സ്പെഷ്യൽ ഫണ്ട് ഉപയോഗിച്ച് ചെറു വാഹനങ്ങൾ വാടകയ്ക്ക് എടുക്കാനും അനുമതി നൽകിയിട്ടുണ്ട്. കണ്ടെയ്ൻമെന്റ് സോണിൽ നിന്ന് 134 കുട്ടികൾ പരീക്ഷ എഴുതാൻ എത്തുന്നുണ്ട്. തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നുള്ള 43 കുട്ടികളും പരീക്ഷ എഴുതും. ഇവർക്ക് പ്രത്യേകം വാഹന സൗകര്യം ഒരുക്കും. ക്വാറന്റൈൻ നിർദ്ദേശിക്കപ്പെട്ട 15 കുട്ടികൾക്ക് പരീക്ഷ എഴുതാൻ പ്രത്യേകം ക്ലാസ് റൂമുകൾ സജ്ജീകരിക്കും.

ആരോഗ്യ പ്രവർത്തകരുടെ പ്രത്യേക ശ്രദ്ധയും ഇവർക്ക് വേണ്ടി ഉണ്ടാവും. വിദ്യാർത്ഥികളെ പനി പരിശോധനക്ക് വിധേയരാക്കിയാണ് സ്കൂൾ കോമ്പൗണ്ടിലേക്ക് പ്രവേശിപ്പിക്കുക.

91 തെർമൽ സ്കാനറുകൾ വിദ്യാലയങ്ങൾക്ക് നൽകിയിട്ടുണ്ട്. 33000 മാസ്കുകളും വിദ്യാർത്ഥികൾക്ക് വേണ്ടി നൽകി.

യോഗത്തിൽ എം.എൽ.എ.മാരായ സി.കെ.ശശീന്ദ്രൻ, ഐ.സി.ബാലകൃഷ്ണൻ,



ഒ.ആർ.കേളു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ബി.നസീമ, ജില്ലാ കളക്ടർ ഡോ.അദീല അബ്ദുള്ള, ജില്ലാ പൊലീസ് മേധാവി ആർ.ഇളങ്കോ, ഡെപ്യൂട്ടി കളക്ടർമാരായ കെ.അജീഷ്, ഇ.മുഹമ്മദ് യൂസഫ്, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.ആർ.രേണുക, ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) ഡോ.കവിത, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഹണി അലക്സാണ്ടർ എന്നിവർ പങ്കെടുത്തു.

## 158 പേർ ഇന്ന് നിരീക്ഷണ കാലം പൂർത്തിയാക്കി

**കൽപ്പറ്റ:**കോവിഡ് സ്ഥിരീകരിച്ച് മാനന്തവാടി ജില്ലാ ആശുപത്രിയിൽ ചികിത്സയിലായിരുന്ന മീനങ്ങാടി സ്വദേശിനിയായ 45 കാരി രോഗം ഭേദമായി ആശുപത്രി വിട്ടു. ഇനി എട്ടുപേരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്.

രോഗലക്ഷണം സംശയിക്കുന്നവർ ഉൾപ്പെടെ 18 പേർ ജില്ലാ ആശുപത്രിയിൽ ചികിത്സയിലുണ്ട്. ഇന്നലെ നിർദ്ദേശിക്കപ്പെട്ട 71 പേർ ഉൾപ്പെടെ 3784 പേർ നിരീക്ഷണത്തിൽ കഴിയുന്നു. ഇതിൽ 1556 പേർ കോവിഡ് കെയർ സെന്ററുകളിലാണ്.

ജില്ലയിൽ നിന്നും ഇതുവരെ പരിശോധനയ്ക്ക് അയച്ച 1558 ആളുകളുടെ സാമ്പിളുകളിൽ 1376 ആളുകളുടെ ഫലം ലഭിച്ചതിൽ 1352 നെഗറ്റീവും 24 ആളുകളുടെ സാമ്പിൾ പോസിറ്റീവുമാണ്. 177 ഫലം ലഭിക്കുവാനുണ്ട്.

സാമൂഹ്യ വ്യാപനം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ നിന്നും ആകെ 1698 സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചിരുന്നു. ഇതിൽ 1407 ഫലം ലഭിച്ചതിൽ 1407 ഉം നെഗറ്റീവാണ്.

ജില്ലയിലെ 10 അന്തർ സംസ്ഥാന അതിർത്തി ചെക്ക് പോസ്റ്റുകളിൽ 623 വാഹനങ്ങളിലായി എത്തിയ 1122 ആളുകളെ സ്ക്രീനിങ്ങിന് വിധേയമാക്കിയതിൽ ആർക്കും തന്നെ രോഗലക്ഷണങ്ങൾ കണ്ടെത്തിയിട്ടില്ല.

ഇന്നലെ 66 കോളുകൾ ആണ് കൺട്രോൾ റൂമിൽ ലഭിച്ചത്, ഇതിൽ 66 ഉം പൊതുജനങ്ങളിൽ നിന്നുമായിരുന്നു. പാസ്സിന്റെ ലഭ്യത, കേരളത്തിലേക്കുള്ള വാഹന സർവീസുകളെ കുറിച്ചും, നിരീക്ഷണകാലാവധി മാനദണ്ഡങ്ങൾ തുടങ്ങിയവയെ കുറിച്ചും അറിയുന്നതിനുമായിരുന്നു കൂടുതൽ വിളികളും.

ജില്ലാ കൊറോണ കൺട്രോൾ റൂമിൽ നിന്ന് ഇന്നലെ നിരീക്ഷണത്തിലുള്ള 1806 പേരെ നേരിട്ട് വിളിച്ച് ആരോഗ്യ വിവരങ്ങൾ അന്വേഷിച്ചു.

വിദേശത്ത് നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരികെയെത്തി ജില്ലയിലെ കോവിഡ് കെയർ സെന്ററുകളിലും വീടുകളിലും നിരീക്ഷണത്തിൽ കഴിയുന്നവർ ഇതിൽ ഉൾപ്പെടും

## സ്കൗട്സ് ആന്റ് ഗൈഡ്സ് ഭിന്നശേഷി വിദ്യാർത്ഥികൾക്ക് മാസ്ക് വിതരണം ചെയ്തു



**മാനന്തവാടി:** ഭാരത് സ്കൗട്സ് ആൻറ് ഗൈഡ്സ് വയനാട് ജില്ലാ അസോസിയേഷൻ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയെഴുതുന്ന ഭിന്നശേഷി വിദ്യാർത്ഥികൾക്കും, ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്കുമുള്ള മാസ്കുകൾ വിതരണം ചെയ്തു. അസോസിയേഷൻ വൈസ് പ്രസിഡണ്ട് .വി .എം ബാലകൃഷ്ണൻ, നഗരസഭാചെയർമാൻ .വി. ആർ.പ്രവീജിന് മാസ്കുകൾ നൽകി.ചടങ്ങിൽ നഗരസഭ കൗൺസിലർമാരായ പി.ടി.ബിജു, കടവത്ത് മുഹമ്മദ്, വർഗീസ് ജോർജ്, ജില്ലാ സെക്രട്ടറി. മനോജ് മാത്യു, സ്കൗട്സ്ആന്റ് ഗൈഡ്സ് നാഷനൽ കൗൺസിൽ മെമ്പർ ഷൈനി മൈക്കിൾ, ബി.ആർ.സി കോ. ഓർഡിനേറ്റർമുഹമ്മദലി എന്നിവർ പങ്കെടുത്തു.

## മാസ്ക്കുകളും, ലഘുലേഖകളും സ്ക്കുളുകളിൽ വിതരണം ചെയ്തു



**മാനന്തവാടി:** എസ് എസ് എൽ സി, പ്ളസ് ടു പരീക്ഷകൾക്കായി വിദ്യാർത്ഥികൾക്കുള്ള മാസ്ക്കുകളും ലഘുലേഖകളും വിതരണം ചെയ്തു,മാനന്തവാടി ബി ആർ സി യുടെ കീഴിലുള്ള 28 സ്ക്കൂളുകളിലായി 41 24 വിദ്യാർകൾ എസ് എസ് എൽ സി പരീക്ഷയും, 39 13 പ്ളസ് വൺ പരീക്ഷയും, 3797 വിദ്യാർത്ഥികൾ പ്ളസടു പരീക്ഷയുമാണ് എഴുതുന്നത്, ഇവർക്ക് ആവശ്യമായ മാസ്ക്കുകളും സുരക്ഷ മാനദണ്ഡങ്ങളടങ്ങിയ ലഘുലേ ഘ ക ളുമാണ് മാനന്തവാടി ബി ആർ സി യിൽ നിന്നും വിതരണം ചെയ്യുന്നത്, എൻ എസ് എസ് നൽകിയ മാസ്ക്കുകൾ തികയാതെ വന്ന സ്ക്കൂളുകളിലേക്ക് ബി ആർ സി യിൽ തയ്യാറാക്കിയ മാസ്ക്കുകളാണ് നൽകിയത്. 11834 വിദ്യാർത്ഥികളാണ് ബി ആർ സി ക്ക് കീഴിലെ സ്ക്കൂളുകളിൽ മുന്ന് ദിവസങ്ങളിലായി പരീക്ഷ എഴുതുന്നത്. ഒരുക്കങ്ങളെല്ലാം പൂർത്തിയായതായി ബി ആർ സി കോർഡിനേറ്റർ കെ എ മുഹമ്മദാലി പറഞ്ഞു . സർവ്വശിക്ഷാ കേന്ദ്രത്തിന്റ ഏകോപനത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് അനുപ് കുമാർ, പി പി ബീന, പി കൃഷ്ണകുമാർ എന്നിവരാണ് നേതൃത്വം നൽകുന്നത്.

## ലോക്ക്ഡൗൺ ലംഘനം യുവാവിനെതിരെ പോലീസ് കേസെടുത്തു

**മാനന്തവാടി:**പെരുന്നാൾ ദിനത്തിൽ ലോക്ക് ഡൗൺ ലംഘനം യുവാവിനെതിരെ പോലീസ് കേസെടുത്തു.തലപ്പുഴയിൽ വാടക ക്വാട്ടേഴ്സിൽ താമസിക്കും മംഗലശേരി അജ്മൽ (23)നെതിരെയാണ് തലപ്പുഴ പോലീസ് കേസെടുത്തത്.മാനന്തവാടിയിൽ നിന്നും വാഴകുല ബംഗലൂരിൽ എത്തിക്കുന്ന ലോറിയിലെ ഡ്രൈവർ സഹായിയാണ് അജ്മൽ.സ്ഥിരമായി ലോറിയിൽ പോകുന്നതിനാൽ തിരിച്ചെത്തിയാൽ ആരോഗ്യ വകുപ്പിനെ വിവരമറിയിക്കണമെന്ന് ആരോഗ്യ വകുപ്പ് അജ്മലിനോട് നിർദ്ദേശിച്ചിരുന്നു.എന്നാൽ ഈ നിർദ്ദേശം ലംഘിച്ച് പെരുന്നാൾ ദിനത്തിൽ കാറിൽ സുഹൃത്തുക്കളുമായി സഞ്ചരിച്ചതിനാണ് പോലീസ് യുവാവിനെതിരെ പകർച്ചവ്യാധി തടയൽ നിയമപ്രകാരം തലപ്പുഴ പോലീസ് കേസ് എടുത്തത്.ആരോഗ്യ വകുപ്പിന്റെ നിർദ്ദേശപ്രകാരമാണ് അജ്മലിനെതിരെ കേസ് എടുത്തത്

## ഗാന്ധിദർശൻ വേദി നിവേദനം നൽകി

**മാനന്തവാടി :**നഗരസഭയിലെ ബാറുകളും ബവീറജസ് ഔട്ട്ലറ്റും കോവിഡ് ഭീഷണിയുടെ പശ്ചാത്തലത്തിൽ തുറക്കരുതെന്ന് ആവശ്യപ്പെട്ട് ഗാന്ധിദർശൻ വേദി കലകട്ടർക്ക് നിവേദനം നൽകി. കോവിഡ് ഭീഷണിക്കിടിയൽ മദ്യഷാപ്പുകൾ തുറന്നാൽ കോളനികൾ അരക്ഷിതാവസ്ഥയിൽ ആകുമെന്ന് നിവേദനത്തിൽ ചൂണ്ടിക്കാട്ടി.

## ചരമം



**പയ്യന്നൂർ :** ശ്രീ കൊറ്റി ആദി കണ്ണങ്ങാട്ട് ഭഗവതി ക്ഷേത്രം മുത്ത കാരണവർ. ശ്രീ. കൂത്തൂർ ഗോപാലൻ (95) ചെറാട്ട് നിര്യാതനായി. ഭാര്യ:പലോറ ജാനകി. മക്കൾ: പലോറ ബാലകൃഷ്ണൻ. രവിന്ദ്രൻ. Ret സൂപ്രണ്ട് പയ്യന്നൂർ കോളെജ്. മുരളി Auto ഡ്രൈവർ എടാട്ട്. വിജയൻ ആലംതട്ട. രജിത. മരുമക്കൾ: സതി, ശോഭ. ചിന്ദിനി സുധ ബാലകൃഷ്ണൻ സഹോദരങ്ങൾ: പരേതരായ അപ്പു, കണ്ണൻ



**അഴീക്കോട്:** പരയങ്ങാട്ട് ക്ഷേത്രത്തിന് സമീപം റിട്ട. അധ്യാപിക ഒ.കെ. കമലാക്ഷി (86) അന്തരിച്ചു. ഭർത്താവ്: പരേതനായ പി.വി.കെ.റാം (നാടകനടൻ) മക്കൾ: രമ (അഴീക്കോട് സർവ്വീസ് സഹ.ബാങ്ക്), രാജേന്ദ്രബാബു, പരേതനായ രാജീവൻ, രജനി മരുമക്കൾ: ഷീജ, പരേതനായ ബാലകൃഷ്ണൻ



**പയ്യന്നൂർ:** പഴയകാല കോൺഗ്രസ് നേതാവും ഡി സി സി മെമ്പറുമായിരുന്ന പരേതനായ പി കെ സി ചിണ്ടപൊതുവാളുടെ ഭാര്യ കോടിയത്ത് പടിഞ്ഞാറെ വീട്ടിൽ ലക്ഷ്മി അമ്മ (97) നിര്യാതയായി, മക്കൾ : ദ്രൗപതി, തങ്കമണി (റിട്ട. അധ്യാപിക പ, രവിന്ദ്രൻ, പ്രസന്ന, നാരായണൻ കുട്ടി (പയ്യന്നൂർ റോട്ടറി ക്ലബ്ബ് സെക്രട്ടറി), പ്രേമ (മലേഷ്യ), പരേതനായ സുരേഷ് ബാബു .മരുമക്കൾ :ഉണ്ണികൃഷ്ണൻ നമ്പ്യാർ (റിട്ട. ആർമി പ, രാമൻ ശ്രീധരൻ (മലേഷ്യ), സൗദാമിനി, ശോഭ, പരേതരായ കെ കുഞ്ഞമ്പു നായർ, കെ ദാമോദരൻ നായർ. സഹോദരങ്ങൾ: നാരായണി അമ്മ, പത്മിനി അമ്മ, പരേതരായ നാരായണ പൊതുവാൾ, കുഞ്ഞിരാമപൊതുവാൾ, ജാനകി അമ്മ, രാഘവ പൊതുവാൾ, കാർത്ത്യായനി അമ്മ

# കശുവണ്ടി കർഷകരെ വഞ്ചിച്ച സഹകരണ ബാങ്കുകൾക്കെതിരെ നടപടി സ്വീകരിക്കണം : എ ഐ യു ഡബ്ല്യു സി

**കണ്ണൂർ:** കർഷകരിൽ നിന്ന് സംഭരിച്ച കശുവണ്ടിയുടെ പണം നൽകാൻ സഹകരണ സംഘങ്ങൾ തയ്യാറാവണമെന്നാവശ്യപ്പെട്ട് എ ഐ യു ഡബ്ല്യു സി രംഗത്ത്. കോവിഡിന് ഇടയിൽ കശുവണ്ടി കർഷകരെ ചൂഷണം ചെയ്യുന്ന ഇടനിലക്കാരെ ഒഴിവാക്കി കശുവണ്ടി സംഭരണം നടത്താൻ സഹകരണ സംഘങ്ങൾക്ക് അനുമതി നൽകുകയും കർഷകരിൽ നിന്ന് കശുവണ്ടി സംഭരിക്കുകയും ചെയ്തിരുന്നു .എന്നാൽ സംഭരിച്ച കശുവണ്ടിയുടെ വില കർഷകർക്ക് നൽകാൻ സംഘങ്ങൾ ഇനിയും തയ്യാറായിട്ടില്ല. ഈ ആവശ്യം ഉന്നയിച്ച് വരുന്ന കർഷകരെ പലതരം മൊരട്ട് വാദങ്ങൾ നിരത്തി മടക്കി അയക്കുന്ന നടപടിയാണ് സംഘങ്ങളുടെ ഭാഗത്ത് നിന്നുണ്ടാവുന്നത്.

മറ്റ് സ്വകാര്യ വ്യാപാരികൾക്ക് കശുവണ്ടി കൊടുത്ത കർഷകർക്ക് തുക ലഭിച്ചിട്ടും സഹകരണ സ്ഥാപനങ്ങൾക്ക് നല്കിയവർക്ക് ഇനിയും വില ലഭിച്ചിട്ടില്ല. കോവിഡ് മൂലം സാമ്പത്തികമായി തകർന്നിരിക്കുന്ന കർഷകരെ ഇത് വീണ്ടും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്കാണ് തള്ളിവിട്ടിരിക്കുന്നത്. സഹകരണ സംഘങ്ങളുടെ ഈ അനാസ്ഥ ഉടൻ അവസാനിപ്പിച്ചില്ലെങ്കിൽ കടുത്ത പ്രതിഷേധ നടപടികളിലേക്ക് നീങ്ങും എന്ന് അകഡണഇ കണ്ണൂർ ജില്ലാ പ്രസിഡന്റ് നൗഷാദ് ബ്ലാത്തൂർ, സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി സുനിൽ കുമാർ, പേരാവൂർ നിയോജക മണ്ഡലം പ്രസ്ഡന്റ് ജിജോ ആന്റണി അറക്കൽ എന്നിവർ അറിയിച്ചു.

## ഓട്ടോകൾക്ക് ഒറ്റ ഇരട്ട നമ്പർ വ്യവസ്ഥ

**കണ്ണൂർ:** കോർ പൊ റേഷൻ പരിധിയിൽ ഓടുന്ന ഓട്ടോറിക്ഷകൾക്ക് യാത്രാ നിബന്ധന മറ്റൊരിയിപ്പ് വരെ ഒറ്റ് ഇരട്ട നമ്പർ ഓട്ടോകൾ ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രമേ സർവീസ് നടത്താവു. യാത്രക്കാരുടെ പേരും മൊബൈൽ നമ്പറും രേഖപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്

## ബസ് പിടികൂടി

**തളിപറമ്പ്:** സർക്കാറിന്റെ കോവിഡ് രോഗവ്യാപന നിരോധന വ്യവസ്ഥകൾ ലംഘിച്ച് സർവീസ് നടത്തിയ ബസ് പൊലീസ് പിടിച്ചെടുത്തു. വ്യവസ്ഥകൾക്ക് വിരുദ്ധമായി 65 യാത്രക്കാരെ കയറ്റി തളിപ്പറമ്പ്- ആലക്കോട് റൂട്ടിൽ സർവീസ് നടത്തിയ ദ്വാരക ബസ് ആണ് പൊലീസ് പിടിച്ചെടുത്തത്.

ബസ് ഡ്രൈവർ പാത്തൻപാറപ്പദേശി ദീപു ജോസഫ്, കണ്ടക്ടർ കുവ്വേരി സ്വദേശി ലതീഷ് എന്നിവർക്കെതിരെ കേസ് എടുത്തു

## മന്ത്രി ഇ.പി യുടെ സഹോദരി ചന്ദ്രമതി നിര്യാതയായി



**അഴീക്കോട്:** വ്യവസായ മന്ത്രി ഇ പി ജയരാജന്റെ സഹോദരി അഴീക്കോട്ടെ ഇ പി ചന്ദ്രമതി (72) നിര്യാതയായി. ഭർത്താവ്: പരേതനായ പത്മനാഭൻ നമ്പ്യാർ (റിട്ട. എസ് ഐ റെയിൽവേ). മക്കൾ: ദിനേശ്കുമാർ (ഗൾഫ്), രേഖ (ഡൽഹി), മിനി (കുറുമാത്തൂർ സർവീസ് സഹകരണ ബാങ്ക്). മരുമക്കൾ: പ്രസീത (കുറുമാത്തൂർ), ചന്ദ്രൻ നമ്പ്യാർ (ഡൽഹി പൊലീസ് ), ബാബുരാജ് (ബിസിനസ് കണ്ണൂർ). മറ്റു സഹോദരങ്ങൾ: ഇ പി ദേവകി (തളിപ്പറമ്പ്), ഇ പി ജനാർദനൻ (റിട്ട. മാനേജർ മാടായി സഹകരണ ബാങ്ക്), ഇ പി തങ്കമണി, ഇ പി ഓമന (പ്രസിഡന്റ് കല്യാശേരി പഞ്ചായത്ത്), ഇ പി ഭാർഗവി ( പ്രസിഡന്റ് ശ്രീകണ്ഠപുരം വനിതാ സഹകരണ സംഘം), പരേതനായ ഇ. പി ഭാർഗവൻ (റിട്ട. എസ്ഐ).

# അന്ത്യോദയ കാർഡ് ഉടമകൾക്ക് 1000 രൂപ വീതം വിതരണം നാളെ മുതൽ

**കണ്ണൂർ:** കോവിഡ് സാമ്പത്തിക പാക്കേജിന്റെ ഭാഗമായി ക്ഷേമപെൻഷനുൾപ്പെടെ ഒരു ധനസഹായവും ലഭിക്കാത്ത ബി പി എൽ അന്ത്യോദയ കാർഡ് ഉടമകൾക്ക് 1000 രൂപ വീതം വിതരണം ചൊവ്വാഴ്ച മുതൽ ആരംഭിക്കും. ജൂൺ ആറു വരെയാണ് വിതരണം. അർഹരുടെ വീടുകളിൽ സഹകരണബാങ്ക് ജീവനക്കാർ തുക എത്തിക്കും.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് ധനസഹായം അനുവദിക്കുന്നത്. ഈ വിഭാഗത്തിൽ പെടുന്ന 1478236 കുടുംബങ്ങൾക്ക് അർഹതയുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും റേഷൻ കടകളിലും സഹകരണബാങ്കുകളിലും ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാണ്. മറ്റു ആനുകൂല്യങ്ങളൊന്നും കൈപ്പറ്റിയിട്ടില്ല എന്ന സത്യവാങ്മൂലം തുക കൈപ്പറ്റുമ്പോൾ നൽകണം. റേഷൻ കാർഡിലെ ഗൃഹനാഥയ്ക്കാണ് സഹായത്തിന് അർഹതയുള്ളത്.

അതേസമയം, മരണശേഷവും ഗൃഹനാഥയുടെ പേര് റേഷൻ കാർഡിൽ നിന്ന് നീക്കം ചെയ്യാത്ത ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അർഹതയുടെ മറ്റു മാനദണ്ഡങ്ങൾ ബോധ്യപ്പെടുന്ന പക്ഷം ആ കുടുംബത്തെ ധനസഹായ വിതരണത്തിൽ നിന്ന് ഒഴിവാക്കേണ്ടതില്ലെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം കേസുകളിൽ റേഷൻ കാർഡിൽ പേരുള്ള മറ്റൊരു മുതിർന്ന കുടുംബാംഗത്തിന് പണം നൽകി, സത്യവാങ്മൂലം വാങ്ങേണ്ടതാണ്.

## കൊറോണയുടെ മറവിലും സർക്കാറിന് ശ്രദ്ധ അഴിമതിയിൽ: സതീശൻ പാച്ചേനി



**കണ്ണൂർ:** കേരള ജനതയോട് പ്രഖ്യാപിച്ച പേക്കേജുകൾ നടപ്പിലാക്കാതെ പാവപ്പെട്ടവർക്കും തൊഴിലാളികൾക്കും ദുരിതം മാത്രം നല്കിയസർക്കാറാണ്കേരളത്തിൽഉള്ളതെന്നുംഎങ്ങനെയെല്ലാം അഴിമതി നടത്താമെന്ന് ഗവേഷണം നടത്തി കൊറോണയുടെ മറവിലും സർക്കാർ ശ്രദ്ധ കാണിക്കുന്നത് അഴിമതിയിലാണെന്ന് ഡി.സി.സി പ്രസിഡന്റ് സതീശൻ പാച്ചേനി പറഞ്ഞു.

സംസ്ഥാന വ്യാപകമായി പിണറായി സർക്കാറിന്റെ നാലാം വാർഷികം വഞ്ചനാ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകൾക്ക് മുൻപിൽ മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ധർണ്ണാ സമരത്തിന്റെ ജില്ലാതല പരിപാടി കണ്ണൂർ സൗത്ത് മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കലക്ടറേറ്റിനു മുൻപിൽ സംഘടിപ്പിച്ചതിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു സതീശൻ പാച്ചേനി.

സ്പ്രിൻക്ലർ അഴിമതിയിൽ മുഖം നഷ്ടപ്പെട്ട സർക്കാർ ബിവറേജ് കോർപ്പറേഷന്റെ മദ്യവില്പനക്ക് വേണ്ടിയുള്ള മൊബൈൽ ആപ്പ് നിർമ്മിക്കാൻ സാങ്കേതികരംഗത്ത് മികവുപുലർത്താത്ത സ്ഥാപനത്തെ ചുമതലപ്പെടുത്തി കോടികൾ കൊള്ളയടിക്കാനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും സതീശൻ പാച്ചേനി പറഞ്ഞു.

ചടങ്ങിൽ മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് ഗിരീശൻ നാമത്ത് അധ്യക്ഷതവഹിച്ചു. നേതാക്കളായ കെ.പി.സി.സി ജനറൽ സെക്രട്ടറി കെ.സുരേന്ദ്രൻ, അഡ്വ.ടി.ഒ.മോഹനൻ, റിജിൽ മാക്കുറ്റി, അഡ്വ.ലിഷാദീപക് തുടങ്ങിയവർ പ്രസംഗിച്ചു.

## നിയന്ത്രണം

**കണ്ണൂർ:** കണ്ണൂർടൗണിൽ നിയന്ത്രണം ഏർപ്പെടുത്തി, ഇന്ന് മുതൽ കടകൾ മൂന്നു മണി വരെ മാത്രമെ തുറന്ന് പ്രവർത്തിക്കാവൂ. കൊ വിഡ് രോഗവ്യാപനത്തിന്റെ വെളിച്ചത്തിലാണ് വ്യാപാര പ്രതിനിധികളുമായി കൂടിയാലോചിച്ച ശേഷമുള്ള നടപടി

## റിമാൻഡ് പ്രതികൾക്ക് കോവിഡ് ; പോലീസുകാർ നിരീക്ഷണത്തിൽ

**കണ്ണൂർ:** സബ് ജയിലിൽ റിമാൻഡിലുള്ള രണ്ട് പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. കണ്ണപുരം ,ചെറുപുഴ സ്റ്റേഷനുകളിലെ പൊലീസുകാർ അറസ്റ്റ് ചെയ്ത രണ്ടു പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. ഇതോടെ പൊലീസുകാരും ജയിലധികൃതരും ക്വാറന്റൈനിലാണ്.

കണ്ണൂർ ജില്ലയിൽ മാത്രം 10 പേർക്കാണ് പുതിയതായി രോഗം സ്ഥിരീകരിച്ചിരിക്കുന്നത്. കണ്ണൂർ ധർമ്മടത്ത് ഒരു കുടുംബത്തിൽ രോഗബാധിതരുടെ എണ്ണം എട്ടായി. ജില്ലയിലെ പിണറായിയെ ഹോട്ട്സ്പോട്ടായി നിശ്ചയിച്ചിട്ടുണ്ട്.

## ചക്ക തലയിൽ വീണാൽ കോവിസ് ബാധിക്കുമോ?

**കണ്ണൂർ:** ചക്ക ദേഹത്ത് വീണാൽ കോവിഡ് ബാധിക്കുമോ? വിചിത്രമായ ഈ ചോദ്യത്തിന് യെസ് എന്ന് ഉത്തരം പറയണ്ടി വരും. അല്ലെങ്കിൽ പരിയാരത്തെ അനുഭവം പഠിപ്പിക്കുന്നത് അതാണ്.

കഥ ഇങ്ങിനെ: കാസർകോഡ് ജില്ലയിലെ ബേളൂരിൽ നിന്ന് കഴിഞ്ഞയാഴ്ച ഒരു മധ്യവയ്ക്ക് നെ മുതുകിന് സാരമായ പരിക്കേറ്റ നിലയിൽ പരി യാരത്തെ മെഡിക്കൽ കോളജ് ആസ്പത്രിയിൽ കൊണ്ടുവന്നു. ചക്ക പറിക്കുമ്പോൾ ദേഹത്ത് വീണാണ് പരിക്കേറ്റത്. അടിയന്തിര ശസ്ത്രക്രിയക്ക് വിധേയമാക്കി. പിന്നീട് ദിവസങ്ങൾക്ക് ശേഷം ഒരു മുൻകരുതൽ എന്ന നിലക്ക് ഇയാൾക്ക് കോവിഡ് പരിശോധന നടത്തി - ഫലം പോസിറ്റീവ് !

പരിക്കേറ്റ് ആസ്പ്പത്രിയിൽ കൊണ്ടുവരുമ്പോഴോ അതിന് മുൻപ് നാട്ടിൽ വച്ചോ ഇയാൾക്ക് യാതൊരു ലക്ഷണവും ഇല്ലായിരുന്നു. കേവലമൊരു മുൻകരുതൽ എന്ന നിലക്കാണ് ആസ്പ്പത്രിക്കാർ പരിശോധന നടത്തിയതു തന്നെ. ഫലം പോസിറ്റീവായതു കണ്ട് ഡോക്ടർമാർ അമ്പരന്നിരിക്കുകയാണ്. രോഗി ആരുമായും ബന്ധപ്പെട്ടതായി തെളിവില്ല. രോഗ മേഖലയിൽ പോയ ചരിത്രവുമില്ല. പിന്നെങ്ങനെ ഈ അവസ്ഥ എന്നതാണ് അവരെ ചിന്തിപ്പിക്കുന്നത്.

ഒരു ലക്ഷണവുമില്ലാതെ രോഗം പിടിപെടുക! നേരത്തെ രണ്ട് സമാന സംഭവങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. ഒരാൾ അപകടത്തിൽ പരിക്കേറ്റു വന്നു. മുൻപോ അപ്പോഴൊ കോവിഡ് രോഗലക്ഷണമുണ്ടായിരുന്നില്ല, മുൻ കരുതലിന് പരിശോധന നടത്തിയപ്പോഴാണ് കോവിഡ് സ്ഥിരീകരിച്ചത്. പ്രസവചികിത്സക്ക് വന്ന ഒരു ഇരിട്ടിക്കാരിക്കും കോവിഡ് സ്ഥിരീകരിച്ചു. മൂന്നാമത്തെ ഈ സംഭവം കൂടെ ആയപ്പോൾ ലക്ഷണമോ മുന്നറിയിപ്പോ ഇല്ലാതെ കോ വിഡ് രോഗബാധ ഉണ്ടാകുമെന്ന് ഉറപ്പിച്ചിരിക്കുകയാണിപ്പോൾ.



## ജനിതക രോഗം ബാധിച്ച കുഞ്ഞിനെ വിദഗ്ധ ചികിത്സക്കായി കൊച്ചിയിൽ എത്തിച്ചു

**കാസർകോട്:** അപൂർവ ജനിതക രോഗം ബാധിച്ച കുഞ്ഞിനെ വിദഗ്ധ ചികിത്സക്കായി പരിയാരത്ത് ഗവ. മെഡിക്കൽ കോളേജിൽ നിന്നും എറണാകുളം അമൃത ഹോസ്പിറ്റലിലേക്ക് സോഷ്യൽ മീഡിയ സഹായത്തോടെ സുരക്ഷിതമായി എത്തിച്ചത് നാലര മണിക്കൂർ കൊണ്ട്. കാസർകോട് ജില്ലയിലെ ബളാൽ സ്വദേശി രാജേഷ് - രമാദേവി ദമ്പതികളുടെ നാല് മാസം പ്രായമുള്ള ആൺകുഞ്ഞിനെയാണ് അത്യാസന്ന നിലയിൽ അടിയന്തര ചികിത്സയ്ക്കായി അമൃത ആശുപത്രിയിൽ എത്തിച്ചത്. ഇതിനായി സഹായം ആവശ്യപ്പെട്ട് പിതാവ്, സി.പി.ടി കുവൈറ്റ് കോ- ഓർഡിനേറ്റർ ഷാഫി കോഴിക്കോട് മുഖാന്തിരം സംസ്ഥാന വൈസ് പ്രസിഡന്റ് ശാന്തകുമാറിനെ ബന്ധപ്പെടുകയും കൂടിയാലോചനക്ക് ശേഷം മിഷൻ നടത്തുകയുമായിരുന്നു. ദമ്പതികൾക്ക് നേരത്തെ ജനിച്ചിരുന്ന രണ്ട് കുട്ടികളും ഇതേ രോഗത്തെ തുടർന്ന് മരണപ്പെട്ടിരുന്നു. ഈ കുഞ്ഞിനെയെങ്കിലുംരക്ഷിക്കാൻവേണ്ടിയാണ് കുടുംബം സഹായം തേടിയത്. ലോക്ക് ഡൗൺ ആണെങ്കിലും റോഡിൽ പെരുന്നാൾ തിരക്ക് അനുഭവപ്പെട്ടിട്ടും സോഷ്യൽ മീഡിയയുടെയും കൂടി സഹായത്താൽ ദൗത്യം വിജയകരമായി പൂർത്തിയാക്കി. കോഴിക്കോട് മുതൽ തൃശ്ശൂർ വരെ പൊലീസ് ആംബുലൻസിന്റെ യാത്രക്ക് വഴിയൊരുക്കി. അജ്മൽ കൊന്നക്കാട്, സിറാജ് എന്നിവരാണ് ദൗത്യം ഏറ്റെടുത്തത്.

കുട്ടിയെ അനുഗമിച്ച് രക്ഷിതാക്കൾക്ക് പുറമേ മുൻ സ്റ്റാഫ് നഴ്സ് രാഹുൽ രാമകൃഷ്ണൻ, ശിൽപരാജ് ചെറുവത്തൂർ എന്നിവരും ഉണ്ടായിരുന്നു. കൊവിഡ് വ്യാപന കാലത്ത് സ്വന്തം ജീവൻ നോക്കാതെ ഈ ദൗത്യം ഏറ്റെടുത്ത നാല് യുവാക്കളെ സോഷ്യൽ മീഡിയ വഴി നിരവധി പേരാണ് അഭിനന്ദനങ്ങൾഅറിയിച്ചത്. കൊവിഡ് ടെസ്റ്റുമായി ബന്ധപ്പെട്ട യാത്ര തടസ്സങ്ങൾ ആരോഗ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ട് നീക്കിയിരുന്നു. യാത്രയ്ക്കിടയിൽ കുഞ്ഞിന് മുലപ്പാൽ നൽകാൻ തൃശ്ശൂരിൽ പത്ത് മിനിറ്റ് ആംബുലൻസ് നിർത്തിയിരുന്നു

# കൊറോണക്കാലത്തെ പരീക്ഷാദിനങ്ങൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പ് ഒരുങ്ങി

## ജില്ലയിൽ പരീക്ഷയെഴുതുന്നത് 53344 വിദ്യാർത്ഥികൾ; പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല

**കാസർഗോഡ്:** മെയ് 26 മുതൽ എസ് എസ് എൽ സി, ഹയർ സെക്കന്ററി പരീക്ഷകൾ ആരംഭിക്കാനിരിക്കെ ജില്ലയിലെ മുന്നൊരുക്കങ്ങൾ പൂർത്തിയായി. ജില്ലയിലാകെ 53344 വിദ്യാർത്ഥികളാണ് പരീക്ഷയെഴുതുന്നത്. ഇതിൽ ജില്ലയിലെ 153 സെന്ററുകളിലായി 19630 കുട്ടികളാണ് എസ് എസ് എൽസി പരീക്ഷയെതുക. ഹയർസെക്കന്ററി തലത്തിൽ106 സെന്ററുകളിലായി 16677 പ്ലസ് വൺ വിദ്യാർത്ഥികളും 17037 പ്ലസ് ടു വിദ്യാർത്ഥികളുമാണ് പരീക്ഷയെഴുതുക. 22 സെന്ററുകളിലായി 3000 വിഎച്ച്സി കുട്ടികളും പരീക്ഷയെഴുതും. പത്താംതരം പരീക്ഷ എഴുതേണ്ട 297 വിദ്യാർത്ഥികളാണ് കർണാടകയിൽ ഉള്ളത്. ഇതിൽ 33 കുട്ടികൾ സ്വന്തമായി എത്തി പരീക്ഷ എഴുതാമെന്ന് അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 264 പത്താംതരം വിദ്യാർഥികളും കർണാടകയിൽ നിന്നുള്ള 204 ഹയർസെക്കന്ററി വിദ്യാർത്ഥികളുമാണുള്ളത്. എവിടെയും പരീക്ഷ കേന്ദ്രങ്ങൾക്ക് മാറ്റമില്ല. ഹോട്സ്പോട്ടായ പഞ്ചായത്തുകളിലും മുൻപിപാലിറ്റിയിലും കേന്ദ്രങ്ങളിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ഇവിടെത്തന്നെ പരീക്ഷ എഴുതാം.എന്നാൽ കണ്ടയിന്റ്മെന്റ് സോണുകളിൽ നിന്നെത്തുന്ന വിദ്യാർത്ഥികളെ പ്രത്യേകം മാറ്റി മറ്റൊരു മുറിയിലാണ് പരീക്ഷ എഴുതുക.ഇതിനായുള്ള സജ്ജീകരണങ്ങളും വിദ്യാലയങ്ങളിൽ ഒരുക്കിയിട്ടുണ്ട്.

പരീക്ഷയെഴുതുന്ന വിദ്യാലയത്തിലേക്ക് യാത്ര ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി കോവിഡ് 19 ജാഗ്രതാ പോർട്ടലിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ ഇന്ന് (മെയ് 25) സബ്കളക്ടർ അനുവദിച്ച പാസുമായി രാവിലെ പത്തിന് മുമ്പ് മഞ്ചേശ്വരം തലപ്പാടി അതിർത്തി ചെക്ക് പോസ്റ്റിൽ എത്തണം. പാസ് ലഭിക്കാൻ കാലതാമസം ഉണ്ടായാലും രജിസ്റ്റർ ചെയ്ത രേഖയുമായി ഇന്ന് (മെയ് 25 ) രാവിലെ പത്തിന് മുമ്പ് തലപ്പാടി അതിർത്തി ചെക്ക് പോസ്റ്റിൽ റിപ്പോർട്ട് ചെയ്യണമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഇവരെ ജില്ലാഭരണകൂടം ഏർപ്പെടുത്തുന്ന പ്രത്യേക കെ എസ് ആർ ടി സി ബസുകളിൽ അതത് വിദ്യാലയങ്ങളിൽ എത്തിക്കും. ഒരു ബസിൽ 30 വിദ്യാർത്ഥികൾ എന്ന ക്രമത്തിലാണ് കെ എസ് ആർടിസി ബസ് ക്രമീകരിക്കുക. പരീക്ഷ കഴിയുന്നത് വരെ ഈ വിദ്യാർത്ഥികളുടെ താമസം, ഭക്ഷണം എന്നിവയടക്കം പൂർണ്ണ ചുമതല അതാത് സ്കൂളുകൾക്കായിരിക്കും. കൂടാതെ ഇത്തരത്തിലെത്തുന്ന കുട്ടികൾ പഞ്ചായത്ത് സെക്രട്ടറിക്കും ആരോഗ്യ കേന്ദ്രങ്ങളിലും റിപ്പോർട്ട് ചെയ്യേണ്ടതാണ്. സ്കൂളിൽ എത്തിച്ചേരുന്ന വിദ്യാർത്ഥികളെ കോവിഡ് 19 ജാഗ്രത മാർഗ്ഗ നിർദേശങ്ങൾ അനുസരിച്ച് പരീക്ഷ എഴുതിക്കുന്നതിനും സാനിറ്റൈസർ ഉപയോഗിക്കുന്നതിനും, സാമൂഹ്യ അകലം പാലിക്കുക ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സ്കൂളുകൾക്ക് നൽകിയിട്ടുണ്ടന്ന് ജില്ലാ വിദ്യാഭ്യാസ ഉപഡയരക്ടർ കെ വി പുഷ്പ പറഞ്ഞു. പരീക്ഷ കഴിഞ്ഞാലും ആരോഗ്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം 14 ദിവസത്തെ ക്വാറന്റീൻ പൂർത്തീകരിക്കണം.

### വിദ്യാർത്ഥികൾക്ക് സുരക്ഷ ഒരുക്കാൻ നാടും നാട്ടാരും

ഭാവിയുടെ വാഗ്ദാനങ്ങൾക്ക് പരീക്ഷയെഴുതാൻ സ്കൂളുകൾ അവസാന വട്ട ഒരുക്കങ്ങളിലാണ്. ഭൂരിഭാഗം സ്കൂളുകളും പരീക്ഷയ്ക്ക് സജ്ജമായി. ഇത്തവണ ഈ ഒരുക്കങ്ങൾ ഓരോ പ്രദേശത്തെയും കൂട്ടായമകളുടെ വിജയമാണ്. തദ്ദേശ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ,സ്കൂൾ ജീവനക്കാർ, അധ്യാപകർ, സന്നദ്ധ പ്രവർത്തകർ,പൂർവ്വ വിദ്യാർത്ഥികൾ തുടങ്ങിവർ ചേർന്നാണ് ഓരോ സ്കൂളുകളും ശുചീകരിച്ചത്. ക്ലാസ് മുറികൾക്കൊപ്പം ബെഞ്ചുകളും ഡെസ്കുകളും സ്കൂൾ പരിസരം തുടങ്ങി സമ്പൂർണ്ണ ശുചീകരമാണ് സ്കൂളുകളിൽ നടത്തിയത്. കർണ്ണാടകത്തിൽ നിന്നും പാസ് എടുത്ത് പരീക്ഷ എഴുതാൻ എത്തുന്ന കുട്ടികൾക്കായുള്ള സജ്ജീകരണങ്ങളും സ്കൂളിൽ ഒരുക്കുന്നുണ്ട്.

### സ്കൂളുകൾ അണുവിമുക്തമാക്കി അഗ്നിശമന സേന

സകൂളുകൾ എല്ലാവരും ചേർന്ന് വൃത്തിയാക്കിയപ്പോൾ അണു നശീകരണം നടത്തി അഗ്നിശമന സേന വിഭാഗവും.ജില്ലയിലെ മുഴുവൻ സ്കൂളുകളിലും അഗ്നിശമന സേന വിഭാഗവും സിവിൽ ഡിഫൻസ് ഫോഴ്സും ചേർന്ന് അണു നശീകരണം നടത്തുന്നു. ഇതോടെ കൊറോണക്കാലത്തെ പരീക്ഷയ്ക്കായുള്ള സുരക്ഷ സജ്ജീകരണങ്ങൾ കൂടുതൽ കാര്യക്ഷമമാകുന്നു.ആദ്യം ഘട്ടത്തിൽ കോവിഡ് കാല പ്രവർത്തനങ്ങൾ, ക്യാമ്പുകൾ എന്നിവ നടന്ന സ്കൂളുകൾ സോഡിയം ഹൈപ്പോക്ലോറേറ്റ് ലായനി ഉപയോഗിച്ച് പൂർണ്ണമായും അണുവിമുക്തമാക്കി. തുടർന്ന് ജില്ലയിലെ മറ്റു സ്കൂളുകളിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചു

## സുഭിക്ഷ കേരളം; സ്പെഷ്യൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് ഡ്രൈവുമായി കുടുംബശ്രീ മിഷൻ

**കാസർഗോഡ്:** കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ സുഭിക്ഷ കേരളം 'ഞാനും എന്റെ അയൽക്കൂട്ടവും കൃഷിയിലേക്ക്' ക്യാമ്പയിന്റെ ഭാഗമായി മെയ് 20 മുതൽ 26 വരെ സ്പെഷ്യൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് ഡ്രൈവ് സംഘടിപ്പിക്കും. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് ഡ്രൈവിന്റെ ഭാഗമായി സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിച്ച്, തരിശുഭൂമികളും മറ്റും കൃഷിയോഗ്യമാക്കി ഭക്ഷ്യസ്വയം പര്യാപ്തതയെന്ന മഹത്തായ ലക്ഷ്യപൂർത്തീകരണത്തിനുള്ള ചുവടു വായ്പ്പാണിത്.

ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് ഡ്രൈവിന്റെ ഭാഗമായി 2000 പുതിയ ജെ.എൽ.ജികൾ രൂപീകരിക്കുക, തീരദേശ, എസ്.ടി മേഖലകളിൽ ജെ.ൽ.ജികൾ രൂപീകരിക്കുന്നതിൽ പ്രത്യേക പരിഗണന നൽകുക, ഓരോ പഞ്ചായത്തിലും സ്പെഷ്യലൈസ്ഡ് ക്രോപ കണ്ടെത്തി കൃഷി ചെയ്യുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

പഞ്ചായത്ത്, മുൻസിപ്പാലിറ്റികൾ എന്നിവടങ്ങളിൽ സംഘ കൃഷി ഗ്രൂപ്പുകൾ ഉണ്ടാക്കി, അവിടങ്ങളിൽ തരിശുഭൂമി കൃഷിയോഗ്യമാക്കുക എന്ന പ്രവർത്തനങ്ങൾ കുടുംബശ്രീ സി.ഡി.എസുകൾ കേന്ദ്രീകരിച്ചു നടപ്പിലാക്കുന്നു. വിദേശത്തുനിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും അടുത്ത ദിവസങ്ങളിൽ തിരിച്ചെത്താൻ ഇരിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് കൊടുക്കുന്ന ഒരു സ്വീകരണം ആയിരിക്കും ഈ ഒരു പദ്ധതി. അതിനായി തൊഴിലുറപ്പ് പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, കൃഷി വകുപ്പ്, കുടുംബശ്രീ എന്നിവയുടെ സാമ്പത്തിക പിന്തുണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തും.

## കൊറോണ ലക്ഷണമെന്ന് സംശയം; യുവാവിനെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു

**കാസർകോട് :** ലിബിയയിൽ നിന്നും വന്ന യുവാവിനെ കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ചു. കൊറോണയുടെ ലക്ഷണങ്ങളായ ചുമയും തൊണ്ടവേദനയുമുള്ളതിനാലും യുവാവിന് ചൈനയിൽ നിന്നുള്ള മറ്റൊരു യുവാവുമായി കുറച്ചു സമയം സമ്പർക്കം ഉള്ളതിനാൽ മുൻകരുതലിനന്റെ ഭാഗമായും കൊറോണ സംശയ സാധ്യത ദുരീകരിക്കുന്നതിനുമാണ് ആശിപത്രിയിൽ പ്രവേശിപ്പിച്ചത്.

യുവാവിന്റെ തൊണ്ട സ്രവ സാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. പരിശോധനാഫലം നെഗറ്റീവാണെങ്കിൽ യുവാവിനെ വീട്ടിൽ നിരീക്ഷണത്തിനായി വിട്ടയക്കും.

ഇറാൻ, ഇറാക്ക്, മറ്റ് കൊറോണ ബാധിത വിദേശരാജ്യങ്ങളിൽ നിന്നും വരുന്നവർ ജാഗ്രത പാലിക്കുകയും ആരോഗ്യ വകുപ്പിൽ റിപ്പോർട്ട് ചെയ്യുകയും വേണം. രോഗ ലക്ഷണങ്ങൾ ഉള്ളവർ ചികിൽസ തേടുകയും നിർദ്ദേശങ്ങൾ പാലിക്കുകയും വേണം. നിരീക്ഷണ കാലയളവിൽ വീട്ടിൽ തന്നെ താമസിക്കേണ്ടതും പൊതുപരിപാടികളിൽനിന്നും വിട്ടു നിൽക്കേണ്ടതാണെന്നും ജില്ലാ മെഡിക്കൽ ഓഫീസർ ഇൻ ചാർജ് ഡോ. എ വി രാംദാസ് അറിയിച്ചു.



കരിന്തളം ഓമച്ചേരയിലെ ഉണ്ടച്ചിയും മക്കളും പേരമക്കളും കരനെൽ കൃഷിയിൽ

## പുനം കൃഷി തിരിച്ചുവരവിന്റെ പാതയിൽ

**കരിന്തളം :** വിസ്മൃതിയിലാണ്ടു പോയിരുന്ന പുനം കൃഷി (കുന്നുംപുറങ്ങളിലെ കരനെൽ കൃഷി) തിരിച്ചുവരവിന്റെ പാതയിൽ. കരിന്തളം ഓമച്ചേരിയിലെ പരേതനായ ഓമച്ചേരി അമ്പൂട്ടിയുടെ ഭാര്യ എഴുപത് വയസ്സുള്ള ഉണ്ടച്ചിയും മക്കളും മരുമക്കളും കൊച്ചുമക്കളുമാണ് പഴയകാലത്ത് സാർവത്രികമായ ഈ കൃഷിയെ തിരിച്ചുപിടിക്കുന്നത്.

ഭക്ഷ്യ സ്വയംപര്യാപ്തതയിലേക്ക് പോവണമെന്ന മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയും അവർക്ക് ഇതിന് പ്രചോദനമായി. ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് വെറുതെ ഇരുന്ന സമയത്താണ് അവർ വിദ്യാർത്ഥികളെ ഉൾപ്പെടെ കൂട്ടി മണ്ണിലേക്ക് ഇറങ്ങിയത്.

സ്വന്തമായുള്ള ഒരേക്കർ സ്ഥലത്ത് നിലമൊരുക്കിയാണ് കഴിഞ്ഞ ദിവസം ലഭിച്ച ശക്തമായ മഴയെ തുടർന്ന് പുനം വിതച്ചത്. എഴുപത് വയസ് മുതൽ മകന്റെ മകൻ ഏഴുവയസുകാരനുൾപ്പെടെ മൂന്ന് തലമുറകൾ കൃഷിയിടത്തിൽ ഒത്തുചേർന്നു.

### പുനംകൃഷി

നനവാർന്ന ഉഷ്ണമേഖലാ പ്രദേശങ്ങളിലെ ആദിമഗോത്രങ്ങളുടെ തനതായ കൃഷി സമ്പ്രദായമാണ് പുനം കൃഷി. ചേരിക്കൽ കൃഷിധ എന്ന പേരിലും അറിയപ്പെടുന്നു. കാട് വെട്ടിത്തെളിച്ച് ചുട്ടെരിച്ചാണ് പുനം കൃഷി ചെയ്യുന്നത്. ഒരു സ്ഥലത്ത് തുടർച്ചയായി കൃഷി ചെയ്യാതെ ഒറ്റത്തവണമാത്രം കൃഷിയിറക്കുന്നു എന്നതാണ് പുനം കൃഷിയുടെ പ്രധാന പ്രത്യേകത. ഒരിക്കൽ കൃഷി ചെയ്തശേഷം ആ സ്ഥലം ഉപേക്ഷിക്കുന്നു. അവിടെ വീണ്ടും ചെടികളും മരങ്ങളും തഴച്ചുവളരുകയും ചെയ്യും. പിന്നീട് അതേ സ്ഥലത്ത് കൃഷി ചെയ്യുന്നത് വർഷങ്ങൾക്കു ശേഷമായിരിക്കാം. മുഖ്യ വിള നെല്ലാണ്



കേരള പ്രണാമം
കേരളത്തിന്റെ സ്വന്തം പത്രം
ഇനി മുതൽ ഓൺലൈനിലും
സന്ദർശിക്കുക
keralapranamam.com
KERALA PRANAMAM ONLINE www.keralapranamam.com
കേരളപ്രണാമം ഇ പേപ്പർ സൗജന്യമായി വായിക്കാം,
തത്സമയ വാർത്തകളും അറിയാം


ഗൾഫ് വാർത്തകൾ



# ഗൾഫിൽ കോവിഡ് ബാധിതർ രണ്ട് ലക്ഷത്തോട് അടുക്കുന്നു, മരണം 865, ഏറ്റവും കൂടുതൽ രോഗികൾ സൗദിയിൽ

**മനാമ:** ഗൾഫിൽ കൊവിഡ് ബാധിതരുടെ എണ്ണം 1,83,969 ആയി. 865 പേർ മരിച്ചു. 80,383 പേർക്ക് രോഗം ഭേദമായി. 1,02,721 പേരാണ് ചികിത്സയിലുള്ളത്. സൗദി അറേബ്യ 72,560, ഖത്തർ 43,714, യു.എ.ഇ 29,485, കുവൈറ്റ് 21,302, ബഹ്റൈൻ 9,138, ഒമാൻ 7,770 എന്നിങ്ങനെയാണ് രോഗബാധിതരുടെ എണ്ണം. ഞായറാഴ്ച 6,368 പേർക്ക് പുതുതായി രോഗം ബാധിച്ചു. 24 മണിക്കൂറിനിടെ 24 പേർ മരിച്ചു. സൗദിയിൽ 11 പേരും കുവൈറ്റിൽ എട്ടു പേരും ഖത്തറിൽ രണ്ടു പേരും യു.എ.ഇ, ഒമാൻ, ബഹ്റൈൻ എന്നിവടങ്ങളിൽ ഒരാൾ വീതവുമാണ് മരിച്ചത്.

## സൗദിയിൽ 2235 പേർക്കു കൂടി പുതുതായി കോവിഡ് 19 സ്ഥിരീകരിച്ചു

**ദമ്മാം:** സൗദിയിൽ പുതുതായി 2235 പേർക്കു കൂടി കൊവിഡ് 19 സ്ഥിരീകരിച്ചു. ഇതോടെ രാജ്യത്ത് കൊവിഡ് 19 ബാധിച്ചവരുടെ എണ്ണം 74795 ആയി ഉയർന്നു. പുതുതായി വൈറസ് ബാധ സ്ഥിരീകരിച്ചവരിൽ 41 ശതമാനം സ്വദേശികളും 59 ശതമാനം വിദേശികളുമാണ്. 2148 പേർ കൂടി പുതുതായി സുഖം പ്രാപിച്ചതായി മന്ത്രാലയം അറിയിച്ചു. ഇതോടെ കൊവിഡ് 19 വിമുക്തരായവരുടെ എണ്ണം 45668 ആയി.

കൊവിഡ് ബാധിച്ച് 24 മണിക്കൂറിനിടെ 9 പേർ കൂടി മരണപ്പെട്ടു. ഇതോടെ കൊവിഡ് 19 ബാധിച്ച് മരിച്ചവരുടെ എണ്ണം 399 ആയി ഉയർന്നു. 28728 പേരാണ് നിലവിൽ ചികിൽസയിലുള്ളത്. ഇവരിൽ 384 ഗുരുതരാവസ്ഥയിലാണുള്ളത്.

റിയാദ് 765, മക്ക 416, ജിദ്ദ 350, മദീ 184, ദമ്മാം 113, ജുബൈൽ 74, കോബാർ 58, ഹുഫൂഫ് 55, ഖതീഫ് 24 ഹായിൽ 20, ദഹ്റാൻ 15, തബൂക് 12, തായിഫ് 10, മുബാറസ് 9, അൽമുസാഹ് മിയ്യ 8, ഖമീസ് മുശൈത് 7, അൽഹരീഖ് 7, അൽറസ്സ് 6, താർ 6 ബീഷ് 5 ഷർവ 5, വാദി ദവാസിർ 5, റഅ്സത്തന്നൂറ 4, നജ്റാൻ 4, അറാർ 4, അംലജ് 3, അൽജഫർ 2, അൽമുജമഅ 2, ഖഫ്ജി 2, യാമ്ബു 4, ഖലീസ് 2, ഹഫർബാതിൻ 2, അൽഖൗസ് 2 ഹുതതമീം 2 ഖർജ് 2 ഹുത സുദൈർ 2, ഹുറൈമലാഅ് 2, മറ്റു സ്ഥലങ്ങളിൽ ഓരോരുത്തർക്കുമാണ് കൊവിഡ് 19 ബാധിച്ചത്.



# നാല് മലയാളികൾ കൂടി കൊറോണ ബാധിച്ച് മരിച്ചു

**റിയാദ്** : സൗദി അറേബ്യയിലെ ജിദ്ദയിൽ കൊറോണ ബാധിച്ച് ചികിത്സയിലിരുന്ന നാല് മലയാളികൾ മരിച്ചു. ആദ്യമായാണ് ഒരേ ദിവസം ഇത്രയധികം മലയാളികൾ സൗദിയിൽ കോവിഡ് ബാധിച്ച് മരിക്കുന്നത്.

മലപ്പുറം രാമപുരം സ്വദേശി അഞ്ചരക്കണ്ടി അബ്ദുൽ സലാം (58), മലപ്പുറം കൊണ്ടോട്ടി മുതവല്ലൂർ സ്വദേശി പറശ്ശീരി ഉമ്മർ (53), മലപ്പുറം ഒതുക്കുങ്ങൽ സ്വദേശി അഞ്ചു കണ്ടൻ മുഹമ്മദ് ഇല്ല്യാസ് (43), കൊല്ലം പുനലൂർ സ്വദേശി ശംസുദ്ദീൻ (42) എന്നിവരാണ് ഇന്ന് ജിദ്ദയിൽ മരിച്ചത്. ഇതോടെ സൗദിയിൽ കോവിഡ് ബാധിച്ച് മരിച്ചവരുടെ എണ്ണം 23 ആയി.

മലപ്പുറം സ്വദേശി അബ്ദുസലാം ജിദ്ദയിൽ ഒബഹൂറിലെ കിംഗ് അബ്ദുല്ല മെഡിക്കൽ കോംപ്ലക്സിൽ വെച്ചാണ് മരിച്ചത്. ജിദ്ദയിലെ ഹലഗ മാർക്കറ്റിന് സമീപം ഒരു ഫ്രൂട്ട്സ് കമ്ബനിയിലെ ജീവനക്കാരനായിരുന്നു ഇദ്ദേഹം. റമദാൻ ആദ്യവാരത്തിലാണ് ഇദ്ദേഹത്തെ കോവിഡ് ചികിത്സക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

മറ്റൊരു മലപ്പുറം സ്വദേശിയായ പറശ്ശീരി ഉമ്മർ ജിദ്ദയിലെ ഒബ്ഹൂറിലുള്ള കിംഗ് അബ്ദുല്ല മെഡിക്കൽ കോംപ്ലക്സിൽ വെച്ചാണ് മരിച്ചത്. 53 വയസ്സായിരുന്നു. ഒരു മാസത്തോളം ആശുപത്രിയിൽ ചികിത്സയിലായിരുന്നു ഇദ്ദേഹം. ജിദ്ദയിലെ ഒരു സാംസങ് കമ്ബനിയിൽ ആയിരുന്നു ഇദ്ദേഹത്തിന് ജോലി ഉണ്ടയിരുന്നത്.

മലപ്പുറം ഒതുക്കുങ്ങൽ സ്വദേശി അഞ്ചു കണ്ടൻ മുഹമ്മദ് ഇല്ല്യാസിനെ ആദ്യം സ്വകാര്യ ആശുപത്രിയിലും പിന്നീട് സർക്കാർ ആശുപത്രിയിലും എത്തിച്ചെങ്കിലും മരണപ്പെട്ടിരുന്നു.

കെ എം സി സി നേതാക്കളുടെ നേതൃത്വത്തിലാണ് ഇവരുടെ മരണാനന്തര നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നത്.

# ഖാത്താ ബുക്കിന്റെ 454 കോടിയുടെ ഫണ്ടിംഗ് ദക്ഷിണേന്ത്യൻ ചെറുകിട വ്യവസായ മേഖലയ്ക്ക് ലഭ്യമാക്കും

ചെറുകിട, ഇടത്തരം, സൂക്ഷ്മ ബിസിനസ് മേഖലയിലെ വിവിധോദ്ദേശ്യ സേവന ദാതാക്കളായ, ഖാത്താ ബുക്കിന്റെ 450 കോടി രൂപയുടെ ഫണ്ടിംഗ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ചെറുകിട, ഇടത്തരം, സൂക്ഷ്മ ബിസിനസ് മേഖലയ്ക്ക് ലഭ്യമാക്കും.

ഖാത്താബുക്കും ബീ ക്യാപിറ്റൽ ഗ്രൂപ്പും നിലവിലുള്ള നിക്ഷേപകരായ സെക്വിയ ഇന്ത്യയും ഡി എസ് ടി പാർട്ടണേഴ്സും ചേർന്ന് നേതൃത്വം നല്കുന്ന, 454 കോടി രൂപയുടെ ഫണ്ടിംഗിന്റെ ഒരു സീരിസ് ബി റൗണ്ട് ഈയിടെ ക്ലോസ് ചെയ്തു.

ദക്ഷിണേന്ത്യയിൽ നഗരങ്ങളിലേയും പട്ടണങ്ങളിലേയും 75 ലക്ഷം റജിസ്റ്റേർഡ് വ്യാപാരികൾ അവരുടെ ദൈനംദിന ബിസിനസ് പ്രവർത്തനങ്ങൾ നടത്താൻ ഖാത്താബുക്ക് ഉപയോഗിക്കുന്നുണ്ട്.

ദക്ഷിണേന്ത്യയിൽ, ആപ്പിലെ ലോക്കലൈസേഷൻ ഭാഷയുടെ പ്രതിബന്ധങ്ങളെ അതിജീവിക്കാൻ വ്യാപാരികളെ സഹായിക്കുകയും ഗ്രോസറി ആന്റ് ജനറൽ സ്റ്റോർസ്, മൊബൈൽ ഷോപ്പുകൾ, ഓട്ടോമൊബൈൽ ഷോപ്പുകൾ, കമ്പ്യൂട്ടർ സ്റ്റോറുകൾ എന്നിവ നടത്തുന്നവർകക്കിടയിൽ അത് ജനകീയമാവുകയും ചെയ്തിട്ടുണ്ട്.

ഖാത്താബുക്ക് ആപ്പ് ചെറിയ, ഇടത്തരം ഫാർമസികൾ, ബേക്കറികൾ, ഹാർഡ്വെയർ സ്റ്റോറുകൾ, റീച്ചാർജ് കടകൾ, പാൻ കടകൾ, സ്റ്റേഷനറി സ്റ്റോറുകൾ, ക്ലോത്തിംഗ് സ്റ്റോറുകൾ എന്നിവയ്ക്കും സ്വതന്ത്ര കോൺട്രാക്ടർമാർക്കും ഇടയിൽ വളരെ ജനപ്രിയവുമാണ്. ഇന്ത്യയിൽ പ്രതിമാസം 80 ലക്ഷത്തിലേറെ സജീവ ഉപയോക്താക്കളുള്ള ഖാത്താബുക്ക് രാജ്യത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം ബിസിനസ് സെഗ്മന്റിലെ ഏറ്റവും വലിയ സാന്നിദ്ധ്യമാണ്.

ഖാത്താബുക്ക് സമ്പദ്വ്യവസ്ഥയിൽ ഒരു നിർണായക പങ്കാണ് വഹിക്കുന്നതെന്ന് ഖാത്താ ബുക്ക് സി ഇ ഒ രവീഷ് നരേഷ് പറഞ്ഞു.

ഖാത്താബുക്കിന്റെ ഡിജിറ്റൽ- ഫസ്റ്റ് കസ്റ്റമർ അക്വിസിഷൻ സമീപനം. വിപണിയിൽ അതിന് വൻ കുതിച്ചുചാട്ടം നല്കിയിരിക്കുന്നു. റജിസ്റ്റേർഡ് വ്യാപാരികൾ ഈ ആപ്പ് 11 ഭാഷകളിൽ ഉപയോഗിച്ചുവരുന്നു.

ഇന്ത്യയിലെ 6 കോടി വ്യാപാരികളെ ഡിജിറ്റലാകാൻ പ്രാപ്തരാക്കുകയാണ് ഖാത്താബുക്കിന്റെ ലക്ഷ്യം. ലളിതമാണ് ഖാത്താബുക്കിന്റെ സോഫ്റ്റ്വെയർ. 10 ലക്ഷത്തിലേറെ വ്യാപാരികൾ ദിവസേന ഡാറ്റാ അപലോഡ് ചെയ്യുകയും ഖാത്താബുക്ക് ആപ്പിൽ ഇടപെടുകയും ഓരോ ദിവസവും 1500 കോടിയിലേറെ രൂപ മൂല്യമുള്ള പണമിടപാടുകൾ നടത്തുകയും ചെയ്യുന്നു എന്നത് ആപ്പിന്റെ ജനപ്രിയതയ്ക്ക് തെളിവാണ്.



## സംസ്കൃതി



# ദശാവതാരങ്ങൾ

(കഴിഞ്ഞ ലക്കം തുടർച്ച)

''മനുഷ്യനോ മൃഗമോ തന്നെ കൊല്ലരുത്
ആയുധങ്ങൾ കൊണ്ട് തന്നെ കൊല്ലരുത്
രാവോ പകലോ തന്നെ കൊല്ലരുത്
ഭൂമിയിലോ ആകാശത്തോ പാതാളത്തോ
വെച്ച് തന്നെ കൊല്ലരുത്''
ഇതായിരുന്നു വരം.

ഹിരണ്യകശിപുവിന് പരമവിഷ്ണുഭക്തനായ പുത്രൻ ജനിച്ചു.

വിഷ്ണുഭക്തിയിൽ നിന്നും തന്റെ പുത്രനായ പ്രഹ്ലാദനെ പിന്തിരിപ്പിയ്ക്കാൻ ഹിരണ്യകശിപു ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. ഹിരണ്യകശിപു പ്രഹ്ലാദനെ വധിയ്ക്കാൻ പല മാർഗ്ഗങ്ങളും സ്വീകരിച്ചു. പരാജിതനായ ഹിരണ്യകശിപു ക്രോധം പൂണ്ട് പ്രഹ്ലാദനോട് വിഷ്ണുവിനെ കാട്ടിത്തരാൻ ആവശ്യപ്പെട്ടു. തൂണിലും തുരുമ്പിലും വിഷ്ണു വസിയ്ക്കുന്നുണ്ടെന്ന് പ്രഹ്ലാദൻ അറിയിയ്ക്കുകയും അനന്തരം തൂൺ പിളർന്ന് മഹാവിഷ്ണു നരസിംഹമൂർത്തിയായി അവതരിച്ചു. സന്ധ്യക്ക് തന്റെ മടിയിൽ കിടത്തി നഖങ്ങൾ കൊണ്ട് മനുഷ്യനോ മൃഗമോ അല്ലാത്ത നരസിംഹം ഹിരണ്യകശിപു വധം നടത്തി. ശേഷം ശാന്തനായ നരസിംഹമൂർത്തി പ്രഹ്ലാദനെ അനുഗ്രഹിച്ച് അപ്രത്യക്ഷനായി.

**5. വാമനൻ**

ഹൈന്ദവപുരാണങ്ങളനുസരിച്ച് മഹാവിഷ്ണുവിന്റെ അവതാരങ്ങളിൽ ആദ്യത്തെ മനുഷ്യരൂപം വാമനനാണ്. പ്രഹ്ലാദന്റെ ശാപപ്രകാരം മഹാബലിയെ പാതാളത്തിലേക്കയക്കാൻ അവതരിച്ച 'വടു' ആയിരുന്നു വാമനൻ. മഹാവിഷ്ണുവിന്റെ ഒമ്പത് അവതാരങ്ങളിൽ മദ്ധ്യത്തിലേത് എന്നനിലയിൽ ആണ് വാമനാവതാരം ശ്രദ്ധേയമാണ്. അദിതിയുടേയും കശ്യപന്റെയും പുത്രനായാണ് വാമനൻ ജനിച്ചത്.
(തുടരും)

# എന്റെ പൃഥ്വീ ഇങ്ങനെ മരിച്ച് അഭിനയിക്കണോ ? സ്വന്തം ശരീരം നോക്കണ്ടേ?

## ബ്ളെസ്സിക്ക് കച്ചവടത്തിലാണ് കണ്ണ്... നശിക്കുന്നത് താങ്കളുടെ ആരോഗ്യമാണ്. മറക്കേണ്ട

ബെന്യാമിന്റെ നോവലിനെ അടിസ്ഥാനമാക്കി ബ്ലെസി തിരക്കഥയും സംവിധാനവും നിർവഹിക്കുന്ന ആടുജീവിതത്തിൽ പൃഥ്വിരാജ് ആണ് നജീബ് എന്ന പ്രവാസി കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. തന്റെ കരിയറിലെ ഏറ്റവും വലിയ സ്വപ്നമെന്നാണ് പൃഥ്വിരാജ് ചിത്രത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. ഈ ചിത്രത്തിനായി താരം 30 കിലോ ഭാരം കുറച്ചിരുന്നു. കൊറോണ പ്രതിസന്ധി കാരണം ജോർദാനിൽ കുടുങ്ങിയ പൃഥ്വിയും സംഘവും കഴിഞ്ഞ ദിവസമാണ് കൊച്ചിയിലെത്തിയത്.

ആടുജീവിതത്തിലെ കഥാപാത്രത്തിന് വേണ്ടി പൃഥ്വിയ്ക്ക് ശരീരഭാരം കുറക്കേണ്ടി വന്നത് വലിയൊരു അപകടമാണെന്ന് പറയുകയാണ് സിനിമാപ്രവർത്തകനും അദ്ധ്യാപകനുമായ ജോൺഡിറ്റോ പി ആർ. ഫേസ്ബുക്കിലൂടെ പങ്കുവെച്ച കുറിപ്പിലാണ് ജോൺഡിറ്റോ പൃഥ്വിക്ക് മുന്നറിയിപ്പുമായി എത്തിയിരിക്കുന്നത്.

പ്രിയപ്പെട്ട പൃഥ്വിരാജ്..

ഞാൻ ജോൺഡിറ്റോ. പി.ആർ. ഒരു സിനിമാ പ്രവർത്തകനും മലയാളം അദ്ധ്യാപകനുമാണ്. രാജുവേട്ടൻ എന്ന് സിനിമാക്കാർ വിളിക്കുന്ന അങ്ങ് മലയാള വാണിജ്യസിനിമയുടെ അവിഭാജ്യ ഘടകമാണ്. സംവിധായകൻ പ്രൊഡ്യൂസർ എന്ന നിലകളിലൊക്കെയും ചേർന്ന് കോടികളുടെ വിപണി മൂല്യമുള്ള താരമാണ്. അങ്ങ് ചെന്നു വീണിരിക്കുന്ന; വലിയ അപകടത്തെക്കുറിച്ച് പറയാനാണ് ഈ കത്ത്.'ആടുജീവിത'മെന്ന സിനിമയാണ് ആ അപകടം.



ബെന്യാമിന്റെ ആടുജീവിതമെന്ന നോവൽ സിനിമയാക്കുന്നതിന് സംവിധായകൻ ബ്ലെസ്സി സർ തീരുമാനിക്കുന്നത് ശരി. മെലിഞ്ഞുണങ്ങി മരുഭൂമിയിലെ കോലാടിനെപ്പോലെയായി പൃഥ്വിരാജ് അഭിനയിക്കണമെന്നും അതിനായി സ്വന്തം ശരീരഭാരം അപകടകരമായ രീതിയിൽ കുറക്കണമെന്നും ശഠിച്ചപ്പോൾ

അതിന് വഴങ്ങിക്കൊടുത്തത് ആത്മഹത്യാപരമാണ്. അഭിനയിച്ച് നല്ല നടനെന്ന് തെളിയിക്കുവാനാണ് ചെയ്തതെങ്കിലും പൃഥ്വിരാജ്, 'ശരീരമാദ്യം ഖലുധർമ്മസാധനം' എന്നത് മറന്നു പോയി. സാധാരണ ഒരു നോവൽ ആണത്. അത് സിനിമയാക്കിയാൽ കലാപരമായ ഒരുന്നതിയോ പ്രമേയപരമായ മേന്മയോ അതിൽ സാധ്യമല്ല. അതായത് ഇത്തരം ഒരു സാദാ ഫിക്ഷൻ പൃഥ്വിരാജ് മരിച്ച് അഭിനയിച്ചാലും ഒരു പരിധി വരെ മാത്രമേ പോകൂ എന്നർത്ഥം. എന്നാൽ നഷ്ടപ്പെടുന്നതോ വലിയ ഒരു നടന്റെ പ്രധാന ഗുണമായ ശരീരമാണ്.

ഇത്രയധികം മെലിയുന്നത് ആന്തരികാവയവങ്ങളെ ബാധിക്കുമെന്ന് ആരും പറഞ്ഞു തന്നില്ലേ? ബ്ലസ്സിക്ക് തന്റെ മേന്മ മാത്രം മതി. കച്ചവടം മാത്രം മതി.രാജുവേട്ടന്റെ താരമൂല്യം മാത്രം വിറ്റു തിന്നാൽ മതി. അല്ലെങ്കിൽ അഭിനയിക്കാനറിയാവുന്ന ഒരു മെലിഞ്ഞ ചെറുപ്പക്കാരനെ നജീബാക്കിയാൽ പോരായിരുന്നോ? സംവിധായകൻ ബ്ലസ്സി ചെയ്യുന്നത് ദ്രോഹമാണ്.പൃഥ്വിരാജിന്റെ അവസാനത്തെ സിനിമയല്ല ആടുജീവിതം.

അങ്ങയുടെ ശരീരം ചീത്തയായാൽ ആരോഗ്യം ക്ഷയിച്ചാൽ നഷ്ടം അങ്ങയുടെ കുടുംബത്തിനും അങ്ങയെ ഇഷ്ടപ്പെടുന്ന അനേകർക്കും അങ്ങേയ്ക്കും മാത്രമാണ്.

ജോർദ്ദാനിൽ 2 മാസം കഴിഞ്ഞ് അതേ മെലിഞ്ഞ അവസ്ഥയിൽ ഇപ്പോൾ നാട്ടിലെത്തിയിരിക്കുന്നു. ബാക്കി സിനിമ സഹാറാ മരുഭൂമിയിൽ വച്ചെടുക്കുമെന്നും ബ്ലെസ്സി പറയുന്നു. അത്രയും മാസങ്ങൾ അങ്ങ് ഈ ശരീരസ്ഥിതി നിലനിർത്താൻ ശ്രമിച്ചാൽ താങ്കൾ വലിയ അപകടത്തിലേക്ക് വീഴും.

ചിലർ കണ്ണീർ പൊഴിക്കും. ചിലർ ചിരിക്കും.ബുദ്ധിമാനായ അങ്ങ് ഉചിതമായ തീരുമാനമെടുക്കുക.

പ്രാണനാശത്തെക്കാൾ വലുതല്ല ധനനാശം.
സസ്നേഹം
സിനിമാ കുടുംബത്തിലെ
ഒരു സഹോദരൻ...

## മതഭ്രാന്തിന്റെ പേരിൽ സിനിമാ ലൊക്കേഷനുകൾ ആക്രമിക്കപ്പെടുന്നത് ഇതു വരെ കേട്ടു കേൾവി മാത്രമായിരുന്നു: ടൊവീനോ തോമസ്

മിന്നൽ മുരളിയുടെ സെറ്റ് തകർത്ത സംഭവവുമായി ബന്ധപ്പെട്ട് നിയമനടപടിയുമായി മുന്നോട്ടുപോകുമെന്ന് നടൻ ടൊവീനോ തോമസ്. ഇതു വരെ കേട്ടു കേൾവി മാത്രമായിരുന്നിടത്താണ് മതഭ്രാന്തിന്റെ പേരിൽ സിനിമകളും ലൊക്കേഷനുകളുമൊക്കെ ആക്രമിക്കപ്പെടുന്നത് എന്ന് ടൊവീനോ പറഞ്ഞു.



മിന്നൽ മുരളി ആദ്യ ഷെഡ്യൂൾ വയനാട്ടിൽ നടന്നു കൊണ്ടിരുന്നതിനൊപ്പമാണ് രണ്ടാം ഷെഡ്യൂളിലെ ക്ലൈമാക്സ് ഷൂട്ടിനു വേണ്ടി ആക്ഷൻ കോറിയോഗ്രാഫർ വ്ലാഡ് റിംബർഗിന്റെ നിർദ്ദേശപ്രകാരം ആർട്ട് ഡയറക്ടർ മനു ജഗദും ടീമും ഉത്തരവാദിത്തപ്പെട്ടവരുടെ അനുമതിയോടെ സെറ്റ് നിർമാണം ആരംഭിച്ചത്. ലക്ഷക്കണക്കിന് രൂപ മുടക്കി നിർമിച്ച ഈ സെറ്റിൽ ഷൂട്ടിങ് ആരംഭിക്കുന്നതിനു തൊട്ട് മുൻപാണ് ലോക്ഡൗൺ പ്രഖ്യാപിക്കുന്നതും സിനിമകളുടെ ഷൂട്ടിങ് നിർത്തി വയ്ക്കുന്നതും.

വീണ്ടും ഷൂട്ടിങ് എന്നു ആരംഭിക്കാൻ കഴിയുമോ അന്ന് ഷൂട്ട് ചെയ്യുന്നതിന് വേണ്ടി നിലനിർത്തിയിരുന്ന സെറ്റാണു കഴിഞ്ഞ ദിവസം യാതൊരു മുന്നറിയിപ്പുമില്ലാതെ ഒരു കൂട്ടം വർഗ്ഗീയവാദികൾ തകർത്തത്.

# ഇന്ത്യൻ ഹോക്കി ഇതിഹാസം ബൽബീർ സിങ് വിടവാങ്ങി



**മൊഹാലി:** ഇന്ത്യയുടെ ഹോക്കി ഇതിഹാസം ബൽബീർ സിങ്സീനിയർ (96) അന്തരിച്ചു. ഛണ്ഡീഗഢിലെ ആശുപത്രിയിൽ ഇന്നലെ പുലർച്ചെ ആറരയോടെയായിരുന്നു അന്ത്യം.

കടുത്ത ന്യൂമോണിയ ബാധയെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ബൽബീർ രണ്ടാഴ്ചയിലേറെയായി വെന്റിലേറ്ററിന്റെ സഹായത്തോടെയായിരുന്നു ജീവിച്ചത്. ഇതിനിടെ ആശുപത്രിയിൽ വച്ച് രണ്ടു തവണ ഹൃദയാഘാതവും കഴിഞ്ഞ ദിവസം തലച്ചോറിൽ രക്തസ്രാവവും ഉണ്ടായി. കോവിഡ് ടെസ്റ്റിന് വിധേയനായിരുന്നെങ്കിലും ഫലം നെഗറ്റീവായിരുന്നു.

ഇന്ത്യക്ക് മൂന്ന് ഒളിമ്പിക് സ്വർണം നേടി റെക്കോർഡ് നേടിയ ബൽബീർ രാജ്യം കണ്ട മികച്ച ഹോക്കി താരമാണ്.

1948 (ലണ്ടൻ), 1952 (ഹെൽസിങ്കി), 1956 (മെൽബൺ) ഒളിമ്പിക്സുകളിൽ സ്വർണം നേടിയ ഇന്ത്യൻ ടീമിൽ അംഗമായിരുന്നു. ഹെൽസിങ്കിയിൽ ടീമിന്റെ ഉപനായകനും മെൽബണിൽ നായകനുമായിരുന്നു സിങ്. ഹെൽസിങ്കി ഒളിമ്പിക്സിൽ അത്‌ലറ്റുകളുടെ മാർച്ച്പാസ്റ്റിൽ ഇന്ത്യയുടെ പതാകയേന്തിയത് സിങ്ങായിരുന്നു.

ഒളിമ്പിക് ഫൈനലിൽ ഏറ്റവും കൂടുതൽ ഗോൾ നേടിയ താരമെന്ന റെക്കോഡ് ബൽബീറിന് സ്വന്തമാണ്. 1952 ഹെൽസിങ്കി ഒളിമ്പിക്സിലെ ഹോളണ്ടിനെതിരായ കലാശപോരാട്ടത്തിൽ അഞ്ച് ഗോൾ നേടിയാണ് സിങ് ഈ റെക്കോഡിട്ടത്. ഇംഗ്ലണ്ടിന്റെ റെഗ്ഗി പ്രിഡ്മോർ 1908ൽ സ്ഥാപിച്ച നാലു ഗോൾ എന്ന റെക്കോഡാണ് ബൽബീർ പഴങ്കഥയാക്കിയത്.

1958ൽ ഏഷ്യൻ ഗെയിംസിൽ വെള്ളിമെഡൽ നേടിയ ഇന്ത്യൻ ടീമിൽ അംഗമായിരുന്ന സിങ് പിന്നീട് വിരമിച്ച് ടീമിന്റെ പരിശീലകനായി. ബൽബീർ പരിശീലിപ്പിച്ച ടീമാണ് 1971ൽ ലോകകപ്പ് സ്വർണവും 1975ൽ വെങ്കലവും നേടിയത്.


1957ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു. 2015ൽ ധ്യാൻ ചന്ദ് പുരസ്കാരവും നേടി.

1958ൽ ഡൊമിനിക്കൻ റിപ്പബ്ലിക് മെൽബൺ ഒളിമ്പിക്സിന്റെ സ്മരണാർഥം പുറത്തിറക്കിയ തപാൽ സ്റ്റാമ്പിൽ ഗുർദേവ് സിങ്ങിനൊപ്പം ബൽബീറും ഇടം പിടിച്ചു. 1982 ഡെൽഹി ഏഷ്യാഡിൽ ദീപശിഖ തെളിയിച്ചത് ബൽബീറായിരുന്നു. 1982ൽ പാട്രിയറ്റ് ദിനപത്രം നൂറ്റാണ്ടിലെ ഏറ്റവും മികച്ച ഇന്ത്യൻ കായികതാരമായി തിരഞ്ഞെടുത്തത് ബൽബീറിനെയായിരുന്നു.



2012 ലണ്ടൻ ഒളിമ്പിക്സിൽ ഏറ്റവും മികച്ച പതിനാറ് ഒളിമ്പ്യന്മാരെ തിരഞ്ഞെടുത്തപ്പോൾ അതിൽ ഒരാൾ ബൽബീർ സിങ്ങായിരുന്നു. ഇന്ത്യയിൽ നിന്നുള്ള ഒരേയൊരു പ്രതിനിധി. എന്നാൽ, ഒപ്പേറ ഹൗസിലെ ഒളിമ്പിക് മ്യൂസിയത്തിൽ സിങ്ങിന്റെ ഒളിമ്പിക് ബ്ലേസറുകൾ പ്രദർശിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. സിങ് പ്രദർശനത്തിനായി സംഭാവന ചെയ്ത തന്റെ ബ്ലേസറുകളും മെഡലുകളുമെല്ലാം സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പക്കൽ നിന്ന് കൈമോശം വന്നതായിരുന്നു കാരണം. ഈ സ്മരണികൾ വിട്ടുകിട്ടാൻ സിങ്ങിന്റെ കുടുംബം കുറേ നടന്നെങ്കിലം നിരാശയായിരുന്നു ഫലം.

ദി ഗോൾഡൻ ഹാട്രിക്ക്, ദി ഗോൾഡൻ യാർഡ്സ്റ്റിക്: ദി ക്വസ്റ്റ് ഓഫ് ഹോക്കി എക്സലൻസ് എന്നിങ്ങനെ രണ്ട് ആത്മകഥകൾ രചിച്ചിട്ടുണ്ട് ബൽബീർ. ബൽബീർ കൂടി അംഗമായ 1948ലെ ഹോക്കി ടീമിന്റെ കഥയാണ് അക്ഷയ് കുമാറിന്റെ ഗോൾഡ് എന്ന ബോളിവുഡ് ചിത്രത്തിന്റെ ഇതിവൃത്തം.



# ദർബംഗയുടെ ഹീറോ

ജീവിതത്തിൽ അപ്രതീക്ഷിതമായിവരുന്നവയാണ് എല്ലാം. ഈ കൊറോണാക്കാലത്ത് ജ്യോതിയ്ക്കും സംഭവിച്ചത് അതാണ്. ഡൽഹിയിൽ ഓട്ടോറിക്ഷ തൊഴിലാളിയായിരുന്നു ജ്യോതിയുടെ അച്ഛൻ മോഹൻപാസ്വാൻ. കുടുംബത്തിന്റെ ഏകവരുമാനം, പൊടുന്നനവെ എത്തിയ അപകടത്തിൽ അപകടത്തിൽപരിക്കു പറ്റി എഴുന്നേറ്റ് നടക്കാൻ കഴിയാത്ത അവസ്ഥയിലായി. മോഹൻ അപകടത്തിൽ പെട്ടത്തിനു പിന്നാലെയാണ് രാജ്യത്ത് ലോക്ക് ഡൗൺ പ്രഖ്യാപിച്ചത്. ഓട്ടോറിക്ഷയുടെ ഉടമ മോഹനനോട് ഓട്ടോ തിരികെ നൽകാൻ ആവശ്യപ്പെട്ടു. ഇതോടെ ജീവിതം കൂടുതൽ ദുരിതപൂർണമാകുമെന്ന ഘട്ടം വന്നതോടെയാണ് ജ്യോതി എങ്ങനെയും വയ്യാത്ത അച്ഛനെ സ്വന്തം നാട്ടിലേക്ക് കൊണ്ടു വരാൻ തീരുമാനിച്ചത്. എന്നാൽലോക്ക് ഡൗൺ കാലത്ത് എങ്ങനെ 1200 കിലോമീറ്റർ അകലെയുള്ള വീട്ടിലേക്ക് പോകുമെന്ന ചോദ്യം ജ്യോതിക്കു മുന്നിലുണ്ടായി. അതിന് ആ പതിനഞ്ചുകാരി കണ്ടെത്തിയ വഴിയായിരുന്നു, കൈയിലുണ്ടായിരുന്ന പണം കൊടുത്ത് ഒരു സൈക്കിൾവാങ്ങുകയെന്നത്. സൈക്കിൾ കിട്ടിയ അവൾമറ്റൊന്നും പിന്നെയാലോചിച്ചില്ല, പിന്നിടേണ്ട ദൂരമോ, വഴിയിലെ ബുദ്ധിമുട്ടുകളോ, വിശപ്പോ ദാഹമോ ഒന്നും.... യാത്രയിലൂടനീളം വെള്ളം കുടിച്ച് വിശപ്പ് അടക്കി. ചിലർ കൊടുത്ത ഭക്ഷണവും കഴിച്ച് നിശ്ചയദാർഢ്യത്തോടെ തന്റെ ഗ്രാമത്തിൽ എത്തി.ബിഹാറിലെ ദർബാംഗ എന്ന പ്രദേശത്തെ വീട്ടിലെത്തിയ ജ്യോതിയേയും മോഹനനെയും നാട്ടുകാർ ആവേശത്തോടെയാണ് സ്വീകരിച്ചത്. ദർബംഗയുടെ ഹീറോ ആയിട്ടാണ്ഇനി ഈ പെൺകുട്ടി അറിയപ്പെടുന്നത്. നാട്ടിലെത്തിയതിനു പിന്നാലെ അച്ഛനും മകളും ക്വാറന്റീനിൽ പോയി. എന്നാൽ വീണ്ടും ആകസ്മികമായിസോഷ്യൽമീഡിയയിലുടെ അവളുടെ ഈ കഥ ലോകം മുഴുവൻ അറിഞ്ഞു . ഒരു 9ാംക്ലാസ് വിദ്യാർത്ഥിയുടെ ആത്മധൈര്യം കണ്ട് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ മകൾഇവാൻക ട്രംപ്. ട്വിറ്ററിലൂടെയാണ് ഇവാൻക പതിനഞ്ചുകാരിയായ ജ്യോതി കുമാരിക്ക് അഭിനന്ദനമറിയിച്ചത്. തൊട്ട് പിന്നാലെ അഭിനന്ദന പ്രവാഹം ആയിരുന്നു. ജ്യോതിയെ തേടി ഡിസ്ട്രിക്ട് മജിസ്ട്രേറ്റും എത്തിയിരുന്നു. പുതിയ സൈക്കിളും സ്കൂൾ യൂണിഫോം ഷൂസ് എന്നിവ സമ്മാനിക്കുകയും ചെയ്തു.

ഇപ്പോഴിതാനാഷണൽ സൈക്ലിങ് അക്കാദമിയിൽ ട്രയൽസിന് ക്ഷണിച്ചു. അടുത്തമാസം ഡൽഹിയിൽ ട്രയൽസിനെത്താനാണ് പതിനഞ്ചുകാരിയായ ജ്യോതി കുമാരിയെ ക്ഷണിച്ചിരിക്കുന്നത് തെരഞ്ഞെടുക്കപ്പെട്ടാൽദേശീയ സൈക്ലിംഗ് അക്കാദമിയിൽ വിദഗ്ധ പരിശീലനം നൽകുമെന്നാണ് ഫെഡറേഷൻ ചെയർമാൻ ഓംകോർസിംഗ് പറയുന്നത് . ആത്മവിശ്വാസത്തിന്റെയും , ഒപ്പം സ്നേഹകരുതലിന്റെയും പാഠം നമ്മെ പഠിപ്പിക്കുകയാണ് ഈ പെൺകുട്ടി.

# ബംഗാളിനെ സഹായിക്കാൻ ധന ശേഖരണം നടത്തി കിബു വികൂന



മുൻ മോഹൻ ബഗാൻ പരിശീലകനും ഇപ്പോഴത്തെ കേരള ബ്ലാസ്റ്റേഴ്സ് പരിശീലകനുമായ കിബു വികൂന ബംഗാളിന് സഹായവുമായി എത്തുന്നു. ഉംപുൻ ചുഴലിക്കാറ്റിൽ വലിയ നാശനഷ്ടങ്ങൾ ബംഗാളിൽ ഉണ്ടായിരുന്നു.

ബംഗാളിലെ ജനങ്ങളെ സഹായിക്കാം സാമൂഹിക മാധ്യമങ്ങൾ വഴി ചിത്രങ്ങൾ വരക്കുന്ന ചാലഞ്ച് വെച്ച് ഒപ്പം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യാനും സുഹൃത്തുക്കളോട് ആവശ്യപ്പെടുകയാണ് കിബു വികൂന.

കിബു വികൂനയുടെ പങ്കാളിയായ കസിയ ആണ് ഈ ധനശേഖരണത്തിന് തുടക്കം കുറിച്ചത്. ഇരുവരും അവസാന ഒരു വർഷം ബംഗാളിൽ ഉണ്ടായിരുന്നു. മോഹൻ ബഗാനെ ലീഗ് ജേതാക്കൾ ആക്കാനും വികൂനയ്ക്ക് കഴിഞ്ഞ സീസണിൽ ആയിരുന്നു.

വികൂന മാത്രമല്ല മുൻ മോഹൻ ബഗാൻ താരം സോണി നോർദെയും ബംഗാളിന് സഹായവുമായി എത്തിയിട്ടുണ്ട്.



# കോവിഡ് നമ്മെ പഠിപ്പിച്ച പാഠം

കണ്ണകി

എന്റെയൊരുസുഹൃത്ത് വിളിച്ചപ്പോൾ പറഞ്ഞു 'രണ്ട് മാസമായിമാസാവസാനമാകുമ്പോൾ ശമ്പളത്തിൽ അൽപ്പം മിച്ചമുണ്ടെന്ന്. മറ്റേത് മാസം അവസാനിപ്പിക്കുന്നത് പത്തോ അയ്യായിരമോ കടത്തിലാണെന്ന്'. വണ്ടിക്ക് പെട്രോൾ അടിക്കുക എന്ന ചിലവിലേക്കുള്ള നല്ലൊരു തുക തന്നെ പ്രധാന ലാഭമാണെന്ന്. കല്ല്യാണം, കേറിക്കൂടൽ, മാമോദീസ, കാതുകുത്ത്, വയറ് കാണൽ എന്നിവ രണ്ടാമത്തെ ലാഭം. ആഴ്ച്ചയിൽ ഒരിക്കലുണ്ടായിരുന്ന ഹോട്ടൽ ഭക്ഷണവും കുട്ടികളുമൊത്തുള്ള കറക്കവും മൂന്നാമത്തെ ലാഭം. ഇതുരണ്ടും വല്ലപ്പോഴുമെങ്കിലും വേണ്ടതല്ലേ എന്ന എന്റെ ചോദ്യത്തിന് ചിരിയായിരുന്നു മറുപടി. പള്ളിയുടെയും പട്ടക്കാരന്റെയും പിരിവില്ല എന്നത് നാലാമത്തെ ലാഭം.

കുരിശുപണിയോ..
കപ്പേള പണിയോ..
ആഴ്ച്ച പിരിവോ..
ഭദ്രാസന പിരിവോ..
നേർച്ചയോ.. കാഴ്ച്ചയോ..
സ്തോത്ര കാഴ്ച്ചയോ..
പൂജയോ..
പുഷ്പ്പാഞ്ജലിയോ..
ശത്രു സംഹാര പൂജയോ..
അമ്പല പിരിവോ..
പള്ളികമ്മറ്റി പിരിവോ
മുടിവെള്ളമോ..

ചിതലരിച്ച മത ജന്മങ്ങളുടെ വിഡ്ഢി മത പ്രസങ്ങളുടെ പിരിവോ.. ഇല്ലാതായി അല്ലങ്കിൽ ഒഴിവായി കിട്ടി എന്നതും വലിയൊരു ലാഭം..

ഇതൊന്നുമില്ലങ്കിലും നമുക്ക് ജീവിക്കാം അല്ലേടാ എന്ന അയാളുടെ ചോദ്യത്തോട് ഉറക്കെ ചിരിച്ചുകൊണ്ടാണ് ഞാൻ പ്രോത്സാഹിപ്പിച്ചത്. അയാൾ തുടർന്നു. കയ്യിൽ കിട്ടുന്നതെന്തും കറിയാക്കാൻ ഭാര്യമാർ പഠിച്ചു. സ്വർണക്കടകളും ഷോപ്പിംഗ് മാളുകളും അത്ര അത്യാവശ്യമല്ലന്ന് പഠിച്ചു. തുണിക്കടകളിലേക്കുള്ള സന്ദർശനം പോക്കറ്റ് നോക്കി മതി എന്നും മനസിലായി. മക്കളുടെ വിദ്യാഭ്യാസവും അവർക്കുള്ള ഭകഷണവും തന്നെ പ്രധാന ചിലവ്. പാർട്ടികളും ക്ലബുകളും ആർഭാട വിവാഹങ്ങളും പള്ളിപ്പെരുന്നാലും പൂരവും ഏറ്റടുത്ത് നടത്തലും എല്ലാം കാശുള്ളവൻ കാണിക്കുന്നതാണ്. അവർ ഇനിയുമത് കാണിക്കും. കാണിക്കട്ടെ. പക്ഷെ ഇല്ലാത്തവന് എങ്ങനെ ജീവിക്കാം എന്നും ഈ കോവിഡ് കാലം നമ്മെ പഠിപ്പിച്ചു തന്നു. നമ്മെ പിഴിയുന്ന മതങ്ങളോട്...

ആർഭാടങ്ങളോട്... അനാവശ്യ ചിലവുകളോട്... പിരിവുകളോട്... എല്ലാം ഇനി നോ പറയാൻ നമ്മൾ പര്യാപ്തമായി. മനുഷ്യന്റെ സന്തോഷങ്ങൾ പാടെ വേണ്ടന്ന് വെക്കണമെന്നല്ല. അത്യാവശ്യമല്ലാത്തത് വേണ്ടന്ന് വെക്കാം എന്നതാണ് നമ്മൾ പഠിച്ച പുതിയ പാഠം..

# ആലിക്ക ഇങ്ങനെയാണ് ...

രുദ്ര



'സീഷോർ മുഹമ്മദ് ആലിക്ക' ഏത് കാര്യത്തിനും എന്നും ഒരു പ്രചോദനം ആണ്. കഴിഞ്ഞ രണ്ടു പ്രളയം വന്നപ്പോൾ. അതിനു മുമ്പും, ശേഷവും, ജീവ കാരുണ്യ പ്രവർത്തിയിൽ വേറിട്ടു നിൽക്കുന്ന ഒരു മുഖം ആണ് സീഷോർ മുഹമ്മദ് അലിക്ക. ഈ കൊറോണ കാലത്ത് ലോകം വിറച്ചു നിൽക്കുമ്പോൾ പാവപ്പെട്ട പ്രവാസികൾക്ക് വേണ്ടി നൂറ്റിഅമ്പത് (150)ടിക്കറ്റ് നൽകി കൊണ്ട് വ്യത്യസ്തനായി. ഇതാ വീണ്ടും അദ്ദേഹം നമ്മളെ ആശ്ച്ചര്യ പെടുത്തിയിരിക്കുന്നു.

മുഖ്യമന്ത്രിയുടെ CMDRF ഫണ്ടിലേക്ക് 25ലക്ഷം അലിക്കയുടെ സഹോദരങ്ങൾ ആയ സീഷോർ ശരീഫ്, സീഷോർ ഹുസൈൻ എന്ന രണ്ടു പേരും ചേർന്ന് കൃഷി മന്ത്രി വി.എസ്. സുനിൽ കുമാറിനു നൽകി പ്രതിസന്ധി ഘട്ടത്തിൽ എപ്പോഴും കൈതാങ്ങായി സീഷോർ അടുത്തുണ്ടാകും. അള്ളാഹുവിന്റെ പുസ്തകത്തിൽ ദാനധർമ്മത്തിന് മുൻതൂക്കം നല്കുന്ന ആശയം ആലിക്ക നടപ്പിലാക്കുകയാണ് ചെയ്യുന്നത്. വിശുദ്ധറംദാനിലെ പുണ്യ പ്രവർത്തിയായി, അശരണർക്ക് കൈതാങ്ങായി ആലിക്ക എന്നും ഉണ്ടായിരുന്നു. അത് തന്നെയാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar, Managing Editor: P. A Alexander. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com